# കാഞ്ഞിരപ്പള്ളി രൂപതാ ബുള്ളറ്റിൻ



നവംബർ 2024

കാഞ്ഞിരപ്പള്ളി രൂപതാ കുടുംബത്തിന്റെ പ്രാർത്ഥനാശംസകൾ...

# കാഞ്ഞിരപ്പള്ളി
# രൂപതാ ബുള്ളറ്റിൻ

Vol. XLVIII No.11 നവംബർ 2024


| | |
|---|---|
| കച്ചേരിക്കാര്യം | - 1 |
| പ്രീസ്റ്റ് വെൽഫെയർ അസോസിയേഷൻ | - 10 |
| അജപാലനോത്തേജനവിഭാഗം | - 11 |
| റെയിൻബോ - 2021 | - 14 |
| വിശ്വാസജീവിതപരിശീലനരംഗം | - 15 |
| ചെറുപുഷ്പ മിഷൻലീഗ് | - 20 |
| ബൈബിൾ അപ്പോസ്തലേറ്റ് | - 24 |
| സീറോ മലബാർ യൂത്ത് മൂവ്മെന്റ് | - 25 |
| കുടുംബപ്രേഷിതത്വം | - 29 |
| പിതൃവേദി | - 31 |
| മാതൃവേദി | - 33 |
| മേരി മാതാ മൈനർ സെമിനാരി | - 37 |
| മാർത്തോമാശ്ലീഹാ ദയാറ നല്ലതണ്ണി | - 38 |
| കാത്തലിക്ക് കരിസ്മാറ്റിക് നവീകരണം | - 39 |
| മാർത്തോമാശ്ലീഹാ ദയാറ, നല്ലതണ്ണി | - 47 |
| മരിയൻ റിട്രീറ്റ് സെന്റർ | - 48 |
| സന്യസ്തർ | - 51 |
| കെ.സി.എസ്.എൽ. | - 57 |
| കത്തോലിക്കാ കോൺഗ്രസ് | - 58 |
| തേനി മിഷൻ വാർത്തകൾ | - 62 |
| മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ | - 64 |
| ഡി.സി.എം.എസ്. | - 67 |
| ലീജിയൻ ഓഫ് മേരി | - 68 |
| ഫ്രാൻസിസ്ക്കൻ അല്മായസഭ | - 69 |
| വിൻസെൻഷ്യൻ വേദി | - 71 |
| ആരോഗ്യപുനരധിവാസ മദ്യവിരുദ്ധ സമിതി | - 75 |
| വിമല പബ്ലിക്കേഷൻസ് | - 76 |
| Special Care Homes & Charitable institution | - 78 |
| മലനാട് ഡവലപ്മെന്റ് സൊസൈറ്റി | - 81 |
| ഇൻഫാം | - 82 |
| പീരുമേട് ഡവലപ്മെന്റ് സൊസൈറ്റി | - 84 |
| രൂപതാവാർത്തകൾ | - 91 |
| Bishop's Engagements | - 95 |



# കാഞ്ഞിരപ്പള്ളി രൂപതാ ബുള്ളറ്റിൻ

Vol. XLVIII No. 11

നവംബർ 2024



ചങ്ങനാശ്ശേരി അതിരൂപത അദ്ധ്യക്ഷസ്ഥാനത്തുനിന്ന് വിരമിക്കുന്ന
അഭിവന്ദ്യ ആർച്ച് ബിഷപ്പ് മാർ ജോസഫ് പെരുംന്തോട്ടം പിതാവിന്
കാഞ്ഞിരപ്പള്ളി രൂപതാ കുടുംബത്തിന്റെ സ്നേഹാദരവുകൾ...



നിയുക്ത കർദ്ദിനാൾ
അഭിവന്ദ്യ ആർച്ച് ബിഷപ്പ്  മാർ ജോർജ് കൂവക്കാട് പിതാവിന്
കാഞ്ഞിരപ്പള്ളി രൂപതാ കുടുംബത്തിന്റെ പ്രാർത്ഥനാശംസകൾ...

# നിത്യതയുടെ
## എട്ടാം വാർഷികം





## അഭിവന്ദ്യ മാർ മാത്യു വട്ടക്കുഴി

ജനനം : 20-02-1930

പൗരോഹിത്യം : 01-06-1956

മെത്രാഭിഷേകം : 26-02-1987

മരണം : 22-11-2016

# കച്ചേരിക്കാര്യം

## 1. അതിരൂപതാദ്ധ്യക്ഷനുവേണ്ടി പ്രാർത്ഥിക്കുന്നത് സംബന്ധിച്ച്

ചങ്ങനാശ്ശേരി അതിരൂപതാദ്ധ്യക്ഷനായി 2024 ഒക്ടോബർ മാസം 31 ന് ചുമതലയേല്ക്കുന്ന അഭിവന്ദ്യ മാർ തോമസ് തറയിൽ പിതാവിനുവേണ്ടി നമുക്ക് പ്രാർത്ഥിക്കാം. വ്യാഴാഴ്ച നടക്കുന്ന സ്ഥാനാരോഹണത്തെ തുടർന്ന്, ''ഞങ്ങളുടെ അതിരൂപതാദ്ധ്യക്ഷനായ മാർ തോമസ് മെത്രാപ്പോലീത്തായ്ക്കുവേണ്ടിയും'' എന്ന് കുർബാനയിലും യാമപ്രാർത്ഥനകളിലും ചേർത്തുചൊല്ലേണ്ടതാണെന്ന് ഓർമ്മിപ്പിക്കുന്നു.

## 2. സകല വിശുദ്ധരുടെയും തിരുനാളും സകല മരിച്ചവരുടെയും ഓർമ്മയും

നമ്മുടെ ആരാധനക്രമ പാരമ്പര്യമനുസരിച്ച് പീഡാനുഭവവെള്ളിയ്ക്ക് ശേഷംവരുന്ന വെള്ളിയാഴ്ച (ഉയിർപ്പുതിരുനാളിനു ശേഷമുള്ള ആദ്യത്തെ വെള്ളിയാഴ്ച)യാണല്ലോ ഈശോയുടെ പെസഹാ രഹസ്യങ്ങളിൽ പങ്കാളികളായിത്തീർന്ന് വിജയംവരിച്ച രക്തസാക്ഷികളെയും വിശുദ്ധരെയും പൊതുവിൽ അനുസ്മരിക്കുന്നത്. ദനഹാക്കാലം അവസാന വെള്ളി (വലിയ നോമ്പാരംഭത്തിന് മുൻപുള്ള വെള്ളി)യാഴ്ചയാണ് മരണംമൂലം വേർപെട്ടുപോയ എല്ലാ വിശ്വാസികളുടെ ഓർമ്മ പൗരസ്ത്യ സുറിയാനി സഭയിൽ പ്രത്യേകമായി ആചരിക്കുന്നത്.

നവംബർ ആദ്യ ദിവസങ്ങളിൽ സകല വിശുദ്ധരുടെയും തിരുനാളും സകല മരിച്ചവരുടെയും ഓർമ്മയും ആചരിക്കുന്നത് നമ്മുടെ സഭയുടെ ആരാധനാക്രമ ചൈതന്യത്തിന് ഒട്ടും അനുയോജ്യമല്ല.

**3. മാർ മാത്യു വട്ടക്കുഴിപിതാവിന്റെ ചരമവാർഷികം - നവംബർ 22**

നമ്മുടെ രൂപതയുടെ രണ്ടാമത്തെ മെത്രാനായിരുന്ന മാർ മാത്യു വട്ടക്കുഴിപിതാവിന്റെ എട്ടാം ചരമവാർഷികദിനമായ 2024 നവംബർ 22-ാം തീയതി വെള്ളിയാഴ്ച രാവിലെ 6.40-ന് കാഞ്ഞിരപ്പള്ളി കത്തീഡ്രലിൽ അദ്ദേഹത്തിനുവേണ്ടി വിശുദ്ധകുർബാന ഉണ്ടായിരിക്കുന്നതാണ്. അഭിവന്ദ്യ വട്ടക്കുഴി പിതാവിനുവേണ്ടി എല്ലാ ഇടവകകളിലും അന്നേ ദിവസം വിശുദ്ധ കുർബാനയും ഒപ്പീസും അർപ്പിക്കേണ്ടതാണ്.

**4. സംയുക്തമാസധ്യാനവും വൈദികസമ്മേളനവും**

നവംബർ മാസത്തെ ധ്യാനം സംയുക്തമായി 26-ാം തീയതി ചൊവ്വാഴ്ച രാവിലെ 10 മണിക്ക് കാഞ്ഞിരപ്പള്ളി കത്തീഡ്രലിലും വൈദികസമ്മേളനം പാസ്റ്ററൽ സെന്ററിലും നടത്തുന്നു. ചങ്ങനാശ്ശേരി അതിരൂപതാദ്ധ്യക്ഷൻ മാർ തോമസ് തറയിൽ പിതാവാണ് മാസധ്യാനം നയിക്കുന്നത്. സമ്മേളനത്തിൽ അദ്ദേഹത്തെ ആദരിക്കുന്നതുമാണ്. എല്ലാ വൈദികരും മാസധ്യാനത്തിലും വൈദികസമ്മേളനത്തിലും പങ്കെടുക്കുമല്ലോ.

**5. ആരാധനക്രമവത്സര കലണ്ടർ**

2024-ലെ സീറോ മലബാർ ആരാധനക്രമപഞ്ചാംഗവും, ബൈബിൾ വായനകളുടെ കലണ്ടർ ഷീറ്റുകളും രൂപതാ ഫിനാൻസ് ഓഫീസിൽ നിന്നും നവംബർ 20-ാം തീയതിയോടുകൂടി ലഭ്യമാണ്.

**6. Appointments and Transfers**

| | | |
|---|---|---|
| Rev. Fr. Thomas Nirappel | - | Vicar, Vanchimala |
| Rev. Fr. Antony Chennakattukunnel | - | Vicar, Kunnumbhagam |
| Rev. Fr. Manuraj Jude Puthenveettil | - | Vicar in Charge, Peruthenaruvi & Eparchial Director, Bible Apostolate |
| Rev. Fr. George Kottukapally OSB | - | Vicar in Charge, Green Valley |
| Rev. Fr. Antony Chellamtharayil | - | Resident Staff, St. Joseph's Pontifical Seminary, Mangalapuzha |
| Rev. Dr. Marylit Mattamundayil SH | - | Judge, Eparchial Marriage Tribunal |

**Relieved**

| | | |
|---|---|---|
| Rev. Fr. Jose Chavarapuzha | – | Vicar, Green Valley, (on leave) |
| Rev. Fr. Antony Chellamtharayil | – | Vicar, Kunnumbhagam & Eparchial Director, Bible Apostolate |
| Rev. Fr. Joseph Marutholil | – | Vicar in Charge, Peruthenaruvi |
| Rev. Fr. Thayyil Thomas CMF | – | Asst. Vicar, Vellaramkunnu |

# Diocese of Kanjirapally
# Contributions for Wayand Flood Relief

| Sl No. | Name and Address | Amount |
|---|---|---|
| 1 | Kanjirappally St.Dominic's Cathedral | 54,400.00 |
| 2 | Alampally St.Dominic's | 10,000.00 |
| 3 | Amalagiri St.Thomas | 14,000.00 |
| 4 | Amaravathy St.Joseph's | 15,984.00 |
| 5 | Anakkal St.Antonys | 87,880.00 |
| 6 | Anakkara St.Thomas Forane | 5,000.00 |
| 7 | Anavilasam St.George's | 15,000.00 |
| 8 | Anchilippa St.Pius X | 2,400.00 |
| 9 | Angel Valley St.Mary's | 10,000.00 |
| 10 | Anickadu St.Mary's | 92,006.00 |
| 11 | Aniyartholu St.Thomas | 4,520.00 |
| 12 | Arayanjalmannu St.Joseph's | 6,530.00 |
| 13 | Azhangadu St.Antony's | 12,650.00 |
| 14 | Bethanny Hills St.Mary's | 4,500.00 |
| 15 | Chakkupallam Carmal Matha | 12,000.00 |
| 16 | Chamampathal Fathima Matha | 45,005.28 |
| 17 | Chellarcovil Holy Cross ( Mar Sleeva ) | 33,070.28 |
| 18 | Chemmannu St.Thomas | 5,000.00 |
| 19 | Chembalam St.Mary's | 15,000.00 |
| 20 | Chempanoly St.Sebastian's | 13,550.00 |
| 21 | Chengalam St.Antony's | 40,000.00 |
| 22 | Chenkal Sacred Heart | 103,708.00 |
| 23 | Chennakunnu St.George's | 5,000.00 |
| 24 | Cheruvally St.Mary's | 33,930.00 |

| | | |
|---|---|---|
| 25 | Cheruvallikulam St.Georges | 39,350.00 |
| 26 | Cheenkalthadom St.Joseph's | - |
| 27 | Chinnar St.George's | 15,000.00 |
| 28 | Chottupara St.Gianna | 5,000.00 |
| 29 | Christunagar St.George (Murinjapuzha) | 11,800.00 |
| 30 | Cumbummettu St.Joseph's | 29,030.00 |
| 31 | Edakkunnam velamkanni Matha | 50,000.00 |
| 32 | East Mattukatta St.Thomas (Grace Valley) | 7,460.00 |
| 33 | Edamon St.Mary's | 15,000.00 |
| 34 | Elamgulam St.Mary's | 40,787.00 |
| 35 | Elangoi Holy Cross | 87,450.00 |
| 36 | Elappara Pallikunnu,St.Alphonsa | 18,500.04 |
| 37 | Elikkulam Infant Jesus | - |
| 38 | Elivalikara St.Antony's | 4,700.00 |
| 39 | Eruthapuzha Infant Jesus | 21,840.00 |
| 40 | Erumely Assumption Forane | 40,400.00 |
| 41 | Grace Mount Grace Matha | 4,000.00 |
| 42 | Greenvalley Infant Jesus | 35,000.00 |
| 43 | Inchiyani Holy family | 67,500.00 |
| 44 | Kalthotty Holy Family | 3,000.00 |
| 45 | Kanamala St.Thomas | 61,000.00 |
| 46 | Kanayankavayal St.Mary's | 25,820.00 |
| 47 | Kanchiyar St.Mary's | 63,000.00 |
| 48 | Kannampally St.Mary's | 28,000.00 |
| 49 | Kannimala St.Joseph's | 15,000.00 |
| 50 | Karikulam Fathima Matha | 2,575.00 |
| 51 | Kappadu Holy Cross | 8,500.00 |
| 52 | Karikkattoor St.Antonys | 26,520.00 |

| | | |
|---|---|---|
| 53 | Karunapuram St.Marys | 14,340.00 |
| 54 | Kattappana St.Georges | 118,625.00 |
| 55 | Keerikara St.Antony's | 4,000.00 |
| 56 | Kochera St.Joseph's | 17,000.00 |
| 57 | Kochuthovala St.Joseph | 11,185.00 |
| 58 | Kollamula St.Maria Goretti | 12,721.00 |
| 59 | Konni St.Jude Church | 6,000.00 |
| 60 | Koovappally St.Joseph's | 17,836.00 |
| 61 | Koothattukulam Assumption | 8,000.00 |
| 62 | Koratty Old St.Marys | 20,000.00 |
| 63 | Koratty New St.Joseph's | 40,440.00 |
| 64 | Kuttikkanam St Mathews | 6,000.00 |
| 65 | Koruthodu St.George's | 32,132.00 |
| 66 | Kumily St.Thomas Forane | 90,000.00 |
| 67 | Kunnumbhagm St.Joseph's | 39,000.00 |
| 68 | Kurumpanmoozhy St.Thomas | 12,200.00 |
| 69 | Kozhencherry Holy Family | 1,500.00 |
| 70 | Kuzhitholu St.Sebastians | 21,322.00 |
| 71 | Mangappara Nithyasahayamatha | 2,550.00 |
| 72 | Madukka St.Mathews | 18,000.00 |
| 73 | Mangapetta St.Thomas | 6,337.00 |
| 74 | Manipuzha Christ the King | 15,000.00 |
| 75 | Mariagiri St.Sebastian's | 25,000.00 |
| 76 | Marykulam St.George,s | 50,000.00 |
| 77 | Melorem St.Sebastian's | 3,000.00 |
| 78 | Meenkuzhy Little Flower | 5,040.00 |
| 79 | Meppara Lourdu Matha | 2,000.00 |
| 80 | Mlamala Fathima Matha | 23,020.00 |

| | | |
|---|---|---|
| 81 | Mukkoottuthara St.Thomas | 27,355.00 |
| 82 | Mukkulam St.George's | 2,840.00 |
| 83 | Mulamkunnu Infant Jesus | 15,000.00 |
| 84 | Mundakayam OLD Forane | 41,884.00 |
| 85 | Mundakayam John Paul IInd | 30,715.00 |
| 86 | Mundiyeruma Assumption | 11,300.00 |
| 87 | Nallathanni Holy Family | 500.00 |
| 88 | Nariampara Holy Cross | 21,200.00 |
| 89 | Nasranipuram St.Mathew's | 173,985.84 |
| 90 | Nettithozhu St.Isidor's | 44,339.00 |
| 91 | Neyyattusserry St.George's | 90,000.00 |
| 92 | Niravu St.Mary's | 10,000.00 |
| 93 | Nirmalagiri St.Antony's | 8,000.00 |
| 94 | Nirmalapuram Holy Family | 6,330.00 |
| 95 | Padanilam St.Sebastian's | 6,000.00 |
| 96 | Palampra Gathesemini | 8,000.00 |
| 97 | Palapra Vimala Matha | 10,000.00 |
| 98 | Paloorkavu St.George's | 50,700.00 |
| 99 | Pampadumpara St.George's | 7,870.00 |
| 100 | Panapilavu St.Joseph's | 23,100.00 |
| 101 | Pathanamthitta Mary Matha Forane | 10,000.00 |
| 102 | Pazhayidom St.Michael's | 29,200.00 |
| 103 | Perunadu St.Jude | 8,150.00 |
| 104 | Peermade St.Mary's | 40,000.00 |
| 105 | Periyar Vallakadavu St.Joseph's | 21,000.00 |
| 106 | Perumthenaruvi St.Joseph's | 4,800.00 |
| 107 | Peruvanthanam St.Joseph's | 17,460.00 |

| | | |
|---|---|---|
| 108 | Pezhumpara Sacred Heart | 4,500.00 |
| 109 | Placherry Fathima Matha | 14,300.00 |
| 110 | Podimattam St.Mary's | 57,770.00 |
| 111 | Ponkunnam Holy Family | 114,270.00 |
| 112 | Poomattam St.Thomas | 2,000.00 |
| 113 | Pulinkatta St.George's | 20,000.00 |
| 114 | Puliyanmala St.Antony's | 12,760.00 |
| 115 | Puchavayal St.Sebastian | 51,424.28 |
| 116 | Pullikkanam St.Thomas | 1,000.00 |
| 117 | Purakayam St.Joseph's | 10,000.00 |
| 118 | Pullannithakidy St Rithas (Kottackal) | 8,000.00 |
| 119 | Puttady Velamkanni Matha | 49,562.00 |
| 120 | Rajagiri Christ Raj Church | 49,000.00 |
| 121 | Ramakalmettu Sacred Heart | 25,000.00 |
| 122 | Ranni Infant Jesus Forane | 30,000.00 |
| 123 | Santigiri St.George | 6,000.00 |
| 124 | Sanyasiyoda Infant Jesus | - |
| 125 | Seethathodu St.George | 16,180.00 |
| 126 | Swaraj St.Paul's | 25,550.00 |
| 127 | Thamarakunnu St.Ephrems | 50,733.00 |
| 128 | Thambalackadu St.Thomas | 15,000.00 |
| 129 | Tharakanattukunnu St.Antony's | 10,170.00 |
| 130 | Third Camp St.Josephs | 9,500.00 |
| 131 | Thekkemala St.Mary's | 19,400.00 |
| 132 | Thachapuzha St.Marys | 21,590.00 |
| 133 | Thulappally Mar Thoma Sleeha | 10,500.00 |
| 134 | Uluppooni St.Alphonsa | 10,000.00 |

| | | |
|---|---|---|
| 135 | Umikuppa Lourdu Matha | 7,050.00 |
| 136 | Upputhara St.Mary's Forane | 58,587.00 |
| 137 | Vadakkemala St.Sebastian's | 6,005.00 |
| 138 | Vakayar Infant Jesus | 1,210.00 |
| 139 | Valiyathovala Christ Raj Church | 47,650.00 |
| 140 | Vallakkadavu St.Antony's | 10,000.00 |
| 141 | Vanchimala St.Antony's | 25,000.00 |
| 142 | Vandanmmedu St.Antony's | 10,000.00 |
| 143 | Vandanpathal St.Paul's | 16,174.00 |
| 144 | Vechoochira St.Joseph's | 25,000.00 |
| 145 | Velichiyani St.Thomas Forane | 80,000.00 |
| 146 | Vellaramkunnu St.Mary's | 31,570.00 |
| 147 | Wallardy Holy Cross | 5,000.00 |
| 148 | Yandayar St.Jude Church | 7,150.00 |
| - | Mettukuzhy Velakannimatha (Filial Church) | 17,000.00 |
| | Total Collections From Churches | 3,700,947.72 |
| 149 | Contribution From SMYM | 130,942.00 |
| 150 | Contribution From St Thomas Educational and Charitable Trust , St Thomas School, Kumily | 66,615.00 |
| 151 | Contribution From St George Public School Koruthode | 30,000.00 |
| 152 | Contribution From Marian Public School Marykulam | 18,420.00 |
| 153 | Contribution From Amala Hostel Kuttikkanam | 5,000.00 |
| 154 | Personal Contributions | 248,561.00 |
| | **Total Collections** | **4,200,485.72** |



# പ്രീസ്റ്റ് വെൽഫെയർ അസോസിയേഷൻ

**Contribution of Priests**

| | | |
|---|---|---|
| റവ.ഫാ. സ്റ്റാൻലി പുള്ളോലിക്കൽ | – | 5,000/- |
| റവ.ഫാ. അഭിലാഷ് ശൗരിയാംകുഴി | – | 5,000/- |
| റവ.ഫാ.വർഗ്ഗീസ് മഞ്ഞക്കുഴക്കുന്നേൽ | – | 30,000/- |
| റവ.ഫാ. ജോസ് ചിറ്റടിയിൽ | – | 16,250/- |
| റവ.ഫാ.ബിജു മങ്കന്താനം | – | 32,000/- |
| റവ.ഫാ. ജയിംസ് ഇലഞ്ഞിപ്പുറം | – | 10,000/- |
| റവ.ഫാ. കുര്യൻ നരിതൂക്കിൽ | – | 14,995/- |


**ഫാ. മാർട്ടിൻ വെള്ളിയാംകുളം**

**(പ്രസിഡന്റ്)**

## സ്നേഹസ്മരണയ്ക്ക്



ഫാ. അലക്സ് ഉറുമ്പയ്ക്കൽ
(09.11.2023)



ഫാ. ജോസഫ് വട്ടയ്ക്കാട്ട്
(25.11.1990)

# അജപാലനോത്തേജന വിഭാഗം

**ആരാധനാവത്സര കലണ്ടർ**

സീറോ മലബാർ സഭയുടെ ആരാധനക്രമ ചൈതന്യത്തിൽ തയ്യാറാക്കിയ ആരാധനാവത്സര കലണ്ടറുകൾ നവംബർ അവസാന ആഴ്ചയിൽ ഇടവകകളിലെത്തിക്കുന്നതാണ്. ലഭിച്ചിരിക്കുന്ന ഓഡറുകൾക്കനുസരിച്ചാണ് പ്രിന്റിംഗ് പൂർത്തിയാക്കുന്നത്. മാനവചരിത്രത്തിലെ രക്ഷാകരസംഭവമായ ഈശോമിശിഹായുടെ മനുഷ്യാവതാരമാണ് കലണ്ടറിലെ പഠനവിഷയം. കോപ്പിയൊന്നിന് 60/- രൂപയ്ക്ക് കലണ്ടർ ലഭ്യമാകുന്നതാണ്.

**സുവർണ്ണജൂബിലി സന്യസ്ത സംഗമം**

കാഞ്ഞിരപ്പള്ളി രൂപതയിൽ ജനറൽ/പ്രൊവിൻഷ്യൽ ഹൗസുകളില്ലാത്ത സന്യാസിനി സമൂഹങ്ങളിലെ ബഹുമാനപ്പെട്ട സന്യാസിനികൾക്കും ഇതിനോടകം നിർമ്മല തിയോളജിക്കൽ കോളജിൽ നടത്തപ്പെട്ട ക്ലാസുകളിൽ പങ്കെടുക്കാനാവാത്ത സന്യാസിനികൾക്കുമായി ഒക്ടോബർ 5, ശനിയാഴ്ച കാഞ്ഞിരപ്പള്ളി പാസ്റ്ററൽ സെന്ററിലും ഒക്ടോബർ 12, ശനിയാഴ്ച കുട്ടിക്കാനം മരിയൻ കോളേജിലും സന്യസ്ത സംഗമങ്ങൾ നടത്തപ്പെട്ടു. താമരശ്ശേരി ഏറ്റവും ബഹുമാനപ്പെട്ട കുര്യനച്ചൻ നയിച്ച ക്ലാസിലും ചർച്ചയിലും 112 സന്യാസിനികൾ പങ്കെടുത്തു. ക്രമീകരണങ്ങളിൽ സഹകരിച്ച ബഹുമാനപ്പെട്ട വൈദികരായ തടത്തിൽ ഫിലിപ്പച്ചൻ, പൊങ്ങന്താനത്ത് ജോസഫച്ചൻ, ചിറ്റടിയിൽ ജോസച്ചൻ, പേഴുംകാട്ടിൽ അജോ അച്ചൻ എന്നിവരെ സ്നേഹപൂർവം സ്മരിക്കുന്നു.

**ഇടയകൂടാരം**

വൈദിക തുടർപരിശീലന പരിപാടിയായ 'ഇടയകൂടാരം' ഒക്ടോബർ 14 മുതൽ 16 വരെയും ഒക്ടോബർ 28 മുതൽ 30 വരെയും വ്യത്യസ്ത ബാച്ചുകൾക്കായി നടത്തപ്പെട്ടു. അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവ് ആമുഖസന്ദേശം നല്കി. സഭ, മിശിഹായുടെ ശരീരമെന്ന വിഷയത്തെ അധികരിച്ച് ക്രിയാത്മക ചർച്ചകൾക്കുള്ള ആമുഖം ഏറ്റം ബഹുമാനപ്പെട്ട വെള്ളമറ്റം ജോസഫച്ചൻ നല്കി. ഇടവക ശുശ്രൂഷയിൽ ശ്രദ്ധിക്കേണ്ട നൈയാമിക വിഷയങ്ങൾ, സാമ്പത്തിക വിനിയോഗം, സാമൂഹ്യ സേവന ഡിപ്പാർട്ടുമെന്റുകൾ എന്നിവ സംബന്ധിച്ച് ഏറ്റവും ബഹുമാനപ്പെട്ട വൈദികരായ താമരശ്ശേരി കുര്യനച്ചൻ, തടത്തിൽ ഫിലിപ്പച്ചൻ, മണ്ണംപ്ലാക്കൽ ബോബി അലക്സച്ചൻ എന്നിവർ യഥാക്രമം പങ്കുവയ്ക്കലുകൾ നടത്തി. വിവാഹവുമായി ബന്ധപ്പെട്ട സഭാ നിയമങ്ങൾ, Safe Environment എന്നിവ സംബന്ധിച്ച് വൈസ് ചാൻസലർ ഏറ്റവും ബഹുമാനപ്പെട്ട ശൗര്യാംകുഴി മാത്യു അച്ചനും ജുഡീഷ്യൽ വികാർ ഏറ്റവും ബഹുമാനപ്പെട്ട ചിറയ്ക്കൽ വർഗ്ഗീസച്ചനും സംസാരിച്ചു. ഗ്രൂപ്പ് ചർച്ചകളെ തുടർന്ന് അഭിവന്ദ്യ പിതാവ്, ഡിപ്പാർട്ട്മെന്റുകൾ (വി കെയർ, യുവദീപ്തി, കുടുംബപ്രേഷിതത്വം, കോർപ്പറേറ്റ് മാനേജ്മെന്റ് ഓഫ് സ്കൂൾസ്) എന്ന ക്രമത്തിൽ പങ്കുവയ്ക്കലുകളുമുണ്ടായിരുന്നു. അഭിവന്ദ്യ പിതാവുമായി വ്യക്തിപരമായി സംസാരിക്കുന്നതിനും അവസരം ക്രമീകരിച്ചിരുന്നു.

അനുഗ്രഹ റിന്യൂവൽ സെന്ററിൽ ഹൃദ്യമായ ക്രമീകരണങ്ങളൊരുക്കിയ അഡ്മിനിസ്ട്രേറ്റർ കൊട്ടാരത്തിൽ അൻവിനച്ചൻ, റീജന്റ് ബ്രദർ ഗർവാസിസ്, വൈദികവിദ്യാർത്ഥികൾ എന്നിവരെ നന്ദിയോടെ സ്മരിക്കുന്നു.

**"നമുക്ക് പ്രാർത്ഥിക്കാം സമാധാനം നമ്മോടുകൂടെ" – പെരുവന്താനം ഫൊറോന**

രൂപതയുടെ സുവർണ്ണജൂബിലിയോടനുബന്ധിച്ചുള്ള

പരിശീലന പരിപാടികളുടെ ഭാഗമായി സഭാത്മക ദർശനം നല്കുന്നതിന് സഹായിക്കുന്ന "നമുക്ക് പ്രാർത്ഥിക്കാം സമാധാനം നമ്മോടുകൂടെ'' എന്ന പരിശീലന പരിപാടി പെരുവന്താനം ഫൊറോനയിലെ വിശ്വാസജീവിത പരിശീലകർക്കായി നടത്തപ്പെട്ടു. ഒക്ടോബർ 20, ഞായറാഴ്ച രാവിലെ 10 മണി മുതൽ 1 മണി വരെ കുട്ടിക്കാനം മരിയൻ കോളേജിൽ നടത്തപ്പെട്ട പരിശീലനത്തിൽ 92 വിശ്വാസജീവിത പരിശീലകർ പങ്കെടുത്തു. ഇടവകകളിലെ വിശ്വാസ ജീവിത പരിശീലകരുടെ സഹായത്തോടെ കുടുംബക്കൂട്ടായ്മകളിൽ പ്രസ്തുത പരിശീലന പരിപാടി സംഘടിപ്പിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

പെരുവന്താനം ഫൊറോനയിൽ ക്രമീകരണങ്ങൾ നിർവഹിച്ച ഫൊറോനവികാരി താഴത്തുവീട്ടിൽ ഏറ്റവും ബഹുമാനപ്പെട്ട സെബാസ്റ്റ്യനച്ചൻ, ബഹുമാനപ്പെട്ട സിസ്റ്റർ റിറ്റാ മരിയ എഫ്.സി.സി. എന്നിവരെ സ്നേഹപൂർവം സ്മരിക്കുന്നു.

**ഓൺലൈൻ മീറ്റിംഗ്**

പെരുവന്താനം ഫൊറോനയിലെ ഇടവകകളിലെ കുടുംബ ക്കൂട്ടായ്മകളിൽ "നമുക്ക് പ്രാർത്ഥിക്കാം സമാധാനം നമ്മോടുകൂടെ" എന്ന പരിശീലന പരിപാടി തുടരുന്നതിന് തെരഞ്ഞെടുക്കപ്പെട്ട വിശ്വാസജീവിതപരിശീലകർക്കുള്ള ഓൺലൈൻ മീറ്റിംഗ് നവംബർ 2 ശനിയാഴ്ച വൈകുന്നേരം 8.30 ന് Zoom Conference - ൽ നടത്തപ്പെടുന്നതാണ്.

**കുമളി ഫൊറോന : വിശ്വാസജീവിത പരിശീലക സംഗമം**

സുവർണ്ണജൂബിലി ഒരുക്കങ്ങളുടെ ഭാഗമായുള്ള ''നമുക്കു പ്രാർത്ഥിക്കാം സമാധാനം നമ്മോടുകൂടെ'' എന്ന പരിശീലന പരിപാടി നവംബർ 17, ഞായറാഴ്ച രാവിലെ 10 മണി മുതൽ 1 മണി വരെ കുമളിയിൽ നടത്തപ്പെടുന്നതാണ്.

**ഫാ. സ്റ്റാൻലി പുള്ളോലിക്കൽ**

**ഡയറക്ടർ**

# റെയിൻബോ 2021

റെയിൻബോ പദ്ധതിയിൽ അഴങ്ങാട് നിർമ്മിച്ച ഭവനങ്ങൾ ഒക്ടോബർ 27, ഞായറാഴ്ച രൂപത വികാരി ജനറാളും റെയിൻബോ പദ്ധതി ജനറൽ കൺവീനറുമായ മണ്ണംപ്ലാക്കൽ ഏറ്റവും ബഹുമാനപ്പെട്ട ബോബി അലക്സച്ചൻ ആശീർവദിച്ചു.

**ഫാ. സ്റ്റാൻലി പുള്ളോലിക്കൽ**
**ജനറൽ കോർഡിനേറ്റർ**

# വിശ്വാസജീവിത പരിശീലനം

**നവംബർ മാസത്തെ കർമ്മപരിപാടികൾ**

2 ശനി - SMCC മേഖലാതല ശില്പശാല
P.A.C. അണക്കര (ഹൈറേഞ്ച് മേഖല)

: പാസ്റ്ററൽ സെന്റർ, കാഞ്ഞിരപ്പള്ളി
(ലോറേഞ്ച് മേഖല)

3 ഞായർ - വിശ്വാസജീവിത പരിശീലകദിനം.

: വിശ്വാസജീവിതപരിശീലകരുടെ ലേഖനമത്സരത്തിലെ
കൃതികൾ രൂപതാ ഓഫീസിൽ ലഭിക്കേണ്ട
അവസാന ദിവസം

4 തിങ്കൾ - വി. ചാൾസ് ബൊറോമിയോയുടെ തിരുനാൾ
(വിശ്വാസജീവിതപരിശീലകരുടെ മദ്ധ്യസ്ഥൻ)

5 ചൊവ്വ - വി. സക്കറിയായുടെയും വി. എലിസബത്തിന്റെയും
തിരുനാൾ

9 ശനി - CTC ക്ലാസ് (പാസ്റ്ററൽ സെന്റർ, കാഞ്ഞിരപ്പള്ളി)

10 ഞായർ - രൂപതാ കലോത്സവം : ഏകദിന പരിശീലനം
(മരിയൻ കോളേജ്, കുട്ടിക്കാനം)

16 ശനി - SMCC രൂപതാതല ശില്പശാല (16, 17 തീയതികളിൽ)

നിർമല റിന്യൂവൽ സെന്റർ, പൊടിമറ്റം

21 വ്യാഴം - മാർത്തോമ്മാശ്ലീഹായുടെ ഭാരതപ്രവേശനം

22 വെള്ളി - മാർ മാത്യു വട്ടക്കുഴി പിതാവിന്റെ 8-ാം ചരമ വാർഷികം

23 ശനി - മാർ മാത്യു വട്ടക്കുഴി മെമ്മോറിയൽ കാറ്റക്കെറ്റിക്കൽ സിമ്പോസിയം

24 ഞായർ - രൂപതാ സാഹിത്യോത്സവം (മരിയൻ കോളേജ്, കുട്ടിക്കാനം)

26 ചൊവ്വ - മദ്ബഹാശുശ്രൂഷകരുടെ മദ്ധ്യസ്ഥനായ വി. ജോൺ ബർക്കുമാൻസിന്റെ തിരുനാൾ

30 ശനി - ലൈഫ്‌ലൈൻ (8-ാം ക്ലാസിലെ കുട്ടികൾക്ക്)

- മുണ്ടക്കയം, പെരുവന്താനം ഫൊറോനകൾ - നവംബർ 30, 9:30 am മുതൽ 3:30 pm വരെയും ഡിസംബർ 1, 9:30 am മുതൽ 3:30 pm വരെയും

: സെന്റ് തോമസ് വിഭാഗത്തിന്റെ വാർഷിക പരീക്ഷയുടെ രജിസ്ട്രേഷൻ ഫോമും ഫീസും, 4 മുതൽ 9 വരെയുള്ള ക്ലാസുകളിലെ മത്സര പരീക്ഷകളുടെ ലിസ്റ്റും ഫീസും കേന്ദ്ര ഓഫീസിൽ എത്തിക്കേണ്ട അവസാന തീയതി.

: 10-ാം ക്ലാസിലെ കുട്ടികളുടെ പ്രൊഫൈൽ രജിസ്ട്രേഷനും 11, 12 ക്ലാസുകളിലെ കുട്ടികളുടെ ഒന്നാം സെമസ്റ്ററിലെ അക്കാഡമിക്, കോ-അക്കാഡമിക് മാർക്കുകളും ഓൺലൈനായി പൂർത്തിയാക്കി സമർപ്പിക്കേണ്ട അവസാന ദിവസം.

: വി. അന്ത്രയോസ്ശ്ലീഹായുടെ തിരുനാൾ

ഡിസംബർ 2 തിങ്കൾ

- വിശ്വാസജീവിതപരിശീലക ക്വിസ്സിൽ പങ്കെടുക്കുന്നവരുടെ ലിസ്റ്റ് കേന്ദ്ര ഓഫീസിൽ ഏൽപ്പിക്കേണ്ട അവസാന തീയതി.

രജിസ്ട്രേഷൻ ഫീസ് : 300/-

## മാർ മാത്യു വട്ടക്കുഴി മെമ്മോറിയൽ കാറ്റക്കെറ്റിക്കൽ സിമ്പോസിയം

രൂപതയുടെ വിശ്വാസജീവിതപരിശീലനരംഗത്ത് വിലയേറിയ സംഭാവനകൾ നൽകിയ അഭിവന്ദ്യ മാർ മാത്യു വട്ടക്കുഴി പിതാവിന്റെ 8-ാം ചരമവാർഷികത്തോടനുബന്ധിച്ച് നവംബർ 23-ാം തീയതി ശനിയാഴ്ച മാർ മാത്യു വട്ടക്കുഴി മെമ്മോറിയൽ കാറ്റക്കെറ്റിക്കൽ സിമ്പോസിയം നടത്തപ്പെടുന്നു. പ്രസ്തുത സിമ്പോസിയത്തിൽ എല്ലാ ഇടവകകളിൽ നിന്നും പങ്കെടുക്കാൻ ശ്രദ്ധിക്കുമല്ലോ.

## സെന്റ് തോമസ് വിഭാഗത്തിന്റെ പരീക്ഷ

10, 11, 12 ക്ലാസുകളിലെ പരീക്ഷയുടെ രജിസ്ട്രേഷൻ സംബന്ധമായ എല്ലാ കാര്യങ്ങളും ഓൺലൈൻ വഴിയാണ് നടപ്പിലാക്കുന്നത്. ഈ ക്ലാസുകളിൽ ഈ അധ്യയനവർഷം പരീക്ഷയെഴുതാൻ ആഗ്രഹിക്കുന്ന മുഴുവൻ കുട്ടികളെയും രജിസ്റ്റർ ചെയ്ത് ലിസ്റ്റിന്റെ പ്രിന്റ് എടുത്ത് ഒരു കോപ്പി രജിസ്ട്രേഷൻ ഫീസിനോടൊപ്പം 2024 നവംബർ 30 ന് മുൻപ് കേന്ദ്ര ഓഫീസിൽ ഏല്പിക്കേണ്ടതാണ്. ഓൺലൈൻ രജിസ്ട്രേഷൻ ആയതിനാൽ ഇപ്പോൾ രജിസ്ട്രേഷൻ നടത്താത്ത കുട്ടികളെ യാതൊരു കാരണവശാലും സപ്ലിമെന്ററി പരീക്ഷ എഴുതുവാൻ അനുവദിക്കുന്നതല്ല. ഒന്നാം ടേമിൽ പരീക്ഷയിൽ ജയിക്കാത്തവരെ വാർഷികപരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യരുത്. ആദ്യടേമിൽ തോറ്റവർക്ക് മറ്റൊരു പരീക്ഷ നടത്തി ജയിച്ചാൽ മാത്രമേ രജിസ്ട്രേഷൻ നടത്താവൂ.

പരീക്ഷാഫീസ് 10, 12 ക്ലാസുകളിലെ കുട്ടികൾക്ക് 100/- രൂപയും 11-ാം ക്ലാസിലെ കുട്ടികൾക്ക് 50/- രൂപയുമാണ്.

## സെന്റ് ഡൊമിനിക് സാവിയോ, സെന്റ് അൽഫോൻസാ വിഭാഗങ്ങളുടെ മത്സര (സ്കോളർഷിപ്പ്) പരീക്ഷ

4 മുതൽ 9 വരെ ക്ലാസുകാരുടെ സ്കോളർഷിപ്പ് പരീക്ഷ 2025 ഫെബ്രുവരി 9-ാം തീയതി സെന്റ് തോമസ് വിഭാഗത്തിന്റെ

വാർഷികപരീക്ഷയോടൊപ്പം 1.30 pm മുതൽ 3.30 pm വരെ, അതാത് സൺഡേസ്കൂളുകളിൽ വച്ച് നടത്തപ്പെടുന്നതാണ്. മത്സരപരീക്ഷ യിൽ പങ്കെടുക്കുന്നവരുടെ ലിസ്റ്റ് തയ്യാറാക്കി, ഫോം പൂരിപ്പിച്ച് രജിസ്ട്രേഷൻ ഫീസ് സഹിതം (Rs. 50/-) രണ്ടു കോപ്പികൾ നവംബർ 30-നു മുൻപായി കേന്ദ്ര ഓഫീസിൽ ഏൽപ്പിക്കേണ്ട താണ്. മുൻകൂട്ടി രജിസ്റ്റർ ചെയ്ത് ഫീസടച്ചവർക്ക് മാത്രമേ പരീക്ഷ എഴുതുവാൻ അർഹതയുണ്ടായിരിക്കുകയുള്ളൂ. Catechetical Directory 2024 - 2025 പേജ് 18-20 കാണുക.

**വിശ്വാസജീവിത പരിശീലകദിനം**

വിശ്വാസജീവിത പരിശീലകരുടെ മധ്യസ്ഥനായ വി. ചാൾസ് ബൊറോമിയോയുടെ തിരുനാളിനോടനുബന്ധിച്ച് നവംബർ 3-ാം തീയതി ഞായറാഴ്ച എല്ലാ ഇടവകകളിലും വിശ്വാസ ജീവിത പരിശീലകരെ പ്രത്യേകമായി ആദരിക്കുവാനും അവർക്കായി പ്രാർത്ഥിക്കുവാനും ശ്രദ്ധിക്കുമല്ലോ. എല്ലാ വിശ്വാസജീവിത പരിശീലകർക്കും ആശംസകളും പ്രാർത്ഥനകളും.

**ഒക്ടോബർ ഡയറി**

**CTC**

ഒക്ടോബർ 12-ാം തീയതി CTC ക്ലാസ് പാസ്റ്ററൽ സെന്ററിൽ വച്ച് നടന്നു. ബഹു. തോമസ് തെക്കേമുറിയച്ചനാണ് ഭാരതസഭാചരിത്രം എന്ന വിഷയത്തിൽ ക്ലാസ് നയിച്ചത്.

**ലൈഫ് ലൈൻ**

ഒക്ടോബർ 19, 20 തീയതികളിൽ അണക്കര, മുണ്ടിയെരുമ ഫൊറോനകളിലെ 8-ാം ക്ലാസിലെ കുട്ടികൾക്കും ഒക്ടോബർ 26, 27 തീയതികളിൽ എരുമേലി ഫൊറോനയിലെ ഇടവകകളിലെ 8-ാം ക്ലാസിലെ കുട്ടികൾക്കും യഥാക്രമം പുളിയന്മല പള്ളിയിൽ വച്ചും മുക്കൂട്ടുതറ പള്ളിയിൽ വച്ചും ലൈഫ് ലൈൻ ക്ലാസ് നടത്തപ്പെട്ടു.

**രൂപതാകലോത്സവം**

രൂപതാകലോത്സവം ഒക്ടോബർ 31-ാം തീയതി കുട്ടിക്കാനം മരിയൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിൽ (MIM) വച്ച് നടത്തപ്പെട്ടു. രൂപതാവിശ്വാസജീവിതപരിശീലന ഡയറക്ടർ ഫാ. ഫിലപ്പ് വട്ടയത്തിൽ ബൈബിൾ പ്രതിഷ്ഠാശുശ്രൂഷയ്ക്ക് നേതൃത്വം നൽകുകയും തുടർന്നു കലോത്സവത്തിന്റെ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

13 ഫൊറോനകളിൽനിന്നുള്ള 450 കലാപ്രതിഭകൾ കലോത്സവത്തിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് 4.45 ന് ചേർന്ന സമാപന സമ്മേളനത്തിൽ പെരിയ ബഹു. ജോസഫ് വെള്ളമറ്റം അച്ചൻ സമാപന സന്ദേശം നൽകി സമ്മാനദാനം നിർവഹിച്ചു.

രൂപതാകലോത്സവത്തിന്റെ വിജയത്തിനായി സഹകരിച്ച എല്ലാവരോടും പ്രത്യേകിച്ച് ബഹു. വൈദികന്മാർ, രൂപത ആനിമേറ്റേഴ്സ്, വിധികർത്താക്കൾ, ഫൊറോന ഡയറക്ടർമാർ, ഫൊറോന സെക്രട്ടറിമാർ, സി.എം.എൽ. രൂപതാഭാരവാഹികൾ, മത്സരാർത്ഥികളോടൊപ്പം എത്തിയ ബഹു. സിസ്റ്റേഴ്സ്, വിശ്വാസജീവിത പരിശീലകർ, മാതാപിതാക്കൾ എന്നിവരോടും രൂപതാവിശ്വാസജീവിത പരിശീലന കേന്ദ്രത്തിന്റെ നന്ദിയും കടപ്പാടും അറിയിക്കുന്നു. ഒപ്പം മത്സരവേദികളും മറ്റെല്ലാ സൗകര്യങ്ങളും ഒരുക്കിയ മരിയൻ കോളേജിലെ ബഹു. വൈദികർക്കും സ്റ്റാഫ് അംഗങ്ങൾക്കും ഹൃദയം നിറഞ്ഞ നന്ദി. വിജയികളായവർക്ക് അഭിനന്ദനങ്ങളും പങ്കെടുത്ത എല്ലാവർക്കും നന്ദിയും അറിയിക്കുന്നു.

**ഫാ. ഫിലിപ്പ് വട്ടയത്തിൽ**
**ഡയറക്ടർ**

# ചെറുപുഷ്പ മിഷൻ ലീഗ്

**നവംബർ മാസത്തെ കർമ്മപരിപാടികൾ**

9 ശനി - മിഷൻക്വിസ് 2024
(പാസ്റ്ററൽ സെന്റർ, കാഞ്ഞിരപ്പള്ളി)

10 ഞായർ - ലോഗോസ് സംസ്ഥാനതല പരീക്ഷ
(സെന്റ് ഫ്രാൻസിസ് സ്കൂൾ, ആലുവ)

**മിഷൻ ക്വിസ് 2024**

ഈ വർഷത്തെ മിഷൻക്വിസ് നവംബർ 9-ാം തീയതി ശനിയാഴ്ച കാഞ്ഞിരപ്പള്ളി പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തുന്നതാണ്. രജിസ്റ്റർ ചെയ്തിട്ടുള്ള ടീമുകൾ രാവിലെ 9.30 ന് മുമ്പുതന്നെ പാസ്റ്ററൽ സെന്ററിൽ എത്തിച്ചേരേണ്ടതാണ്.

**ലോഗോസ് ക്വിസ് - 2024 : രൂപതാതല വിജയികൾ**

2024 സെപ്റ്റംബർ 29-ാം തീയതി നടത്തിയ ലോഗോസ് ക്വിസ് രൂപതാതല വിജയികൾ.

**A വിഭാഗം**

1-ാം സ്ഥാനം - സക്കറിയാ എബ്രാഹം മുതുകാട്ടിൽ, മേരികുളം
2-ാം സ്ഥാനം - അൽഫോൻസാ വടക്കേതിൽ, വണ്ടന്മേട്
3-ാം സ്ഥാനം - അന്ന പുളിക്കൽ, പത്തനംതിട്ട

**B വിഭാഗം**

1-ാം സ്ഥാനം - തോമസ് സ്റ്റനിസ്ലാവോസ് കയ്യൂന്നിപ്പാറയിൽ, വലിയതോവാള
2-ാം സ്ഥാനം - മേരി പടിഞ്ഞാറേമുറിയിൽ, പേഴുംപാറ
3-ാം സ്ഥാനം - ജോൺ സ്ക്കറിയ വട്ടമറ്റം, വള്ളക്കടവ്, കട്ടപ്പന

**C വിഭാഗം**

1-ാം സ്ഥാനം - റോസ്‌ലി വിൻസന്റ് നരിവേലിൽ, മേരികുളം
2-ാം സ്ഥാനം - ബോബിന മണ്ണാറാത്ത്, രാജഗിരി
3-ാം സ്ഥാനം - ജോർജ് വിൻസന്റ് ഇല്ലത്ത്, നെറ്റിത്തൊഴു

**D വിഭാഗം**

1-ാം സ്ഥാനം - ഷൈനി മാത്യു കണ്ടച്ചവടക്കേതിൽ, കപ്പാട്
2-ാം സ്ഥാനം - ജോസഫ് ചാക്കോ പയറ്റിനാംകുഴിയിൽ, ചാമംപതാൽ
3-ാം സ്ഥാനം - സ്മിതാ ജേക്കബ് വട്ടമറ്റം, വള്ളക്കടവ്, കട്ടപ്പന

**E വിഭാഗം**

1-ാം സ്ഥാനം - ഷീലാ ഷാജി പയ്യനാട്ട്, കാഞ്ഞിരപ്പള്ളി
2-ാം സ്ഥാനം - മേരിക്കുട്ടി ജോഷി ഇടപ്പാടിക്കരോട്ട്, തരകനാട്ടുകുന്ന്
3-ാം സ്ഥാനം - ആശ ചെറിയാൻ വടക്കയിൽ, തരകനാട്ടുകുന്ന്

**F വിഭാഗം**

1-ാം സ്ഥാനം - ത്രേസ്യാമ്മ ജേക്കബ് ഒഴുകയിൽ, കണമല
2-ാം സ്ഥാനം - സുശീലാ എബ്രാഹം പുതുപ്പള്ളിൽ, ഇളങ്ങുളം
3-ാം സ്ഥാനം - മേരി ജോസഫ് പതിയിൽ, തച്ചപ്പുഴ

**ലോഗോസ് ഫാമിലി ക്വിസ് വിജയികൾ**

മേരിക്കുട്ടി ജോഷി ഇടപ്പാടിക്കരോട്ട്
എലിസബത്ത് ജോഷി ഇടപ്പാടിക്കരോട്ട്
അമല ജോഷി ഇടപ്പാടിക്കരോട്ട്
(സെന്റ് ആന്റണിസ് ഇടവക, തരകനാട്ടുകുന്ന്)

വിജയികളായവർക്ക് രൂപതാകുടുംബത്തിന്റെ അനുമോദനങ്ങളും സംസ്ഥാനതല പരീക്ഷയ്ക്കുള്ള വിജയാശംസകളും.

**മിഷൻ ക്വസ്റ്റ് 2024**

സീറോ മലബാർ സഭയുടെ ഐക്യവും അതോടൊപ്പം നമ്മുടെ അറിവും വിശ്വാസവും വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ സീറോ മലബാർ സഭയുടെ വിശ്വാസജീവിതപരിശീലനത്തിനും

മിഷനും വേണ്ടിയുള്ള ഓഫീസുകൾ സംയുക്തമായി ആഗോളതലത്തിൽ സംഘടിപ്പിക്കുന്ന ഓൺലൈൻ ക്വിസ് ആണ് മിഷൻക്വസ്റ്റ്.

ഈ വർഷം ഡിസംബർ 14 ന് ഇൻഡ്യൻ സമയം വൈകുന്നേരം 6.00 മണി മുതൽ 6.40 വരെ ഗൂഗിൾ ഫോമിലാണ് മിഷൻക്വസ്റ്റ് നടക്കുക. മുൻകൂർ രജിസ്ട്രേഷനോ രജിസ്ട്രേഷൻ ഫീസോ ഇല്ല.

**പഠനഭാഗങ്ങൾ**

ബൈബിൾ : വി. ലൂക്കായുടെ സുവിശേഷം (ഈശോയുടെ മിഷൻ പ്രവർത്തനങ്ങൾ) 30%

മിഷൻ : സുവിശേഷ പ്രഘോഷണം (Evangelii Nuntiandi - അപ്പസ്തോലിക പ്രബോധനം) 40%

മതബോധനം : സീറോ മലബാർ സഭയുടെ ആരാധനക്രമ വിശ്വാസപരിശീലനം (അദ്ധ്യായം 1, 2 പേജ് 1 –37) 30%

**വിഭാഗങ്ങൾ**

ജൂണിയേഴ്സ് – 12–ാം ക്ലാസ് വരെ വിശ്വാസപരിശീലനം നേടുന്നവർ

സീനിയേഴ്സ് – മറ്റു പ്രായപരിധിയിലുള്ള എല്ലാവരും

ഭാഷകൾ : മലയാളം, ഇംഗ്ലീഷ്, ഹിന്ദി, തമിഴ്, തെലുങ്ക്

സമ്മാനങ്ങൾ ആഗോളതലത്തിൽ

I$^{st}$ : ₹ 20,000/-, II$^{nd}$ : ₹ 15,000/-, III$^{rd}$ : ₹ 10,000/-,

രൂപതാതലത്തിൽ

I$^{st}$ : ₹ 2,000/-, II$^{nd}$ : ₹ 1,500/-, III$^{rd}$ : ₹ 1,000/-,

**മിഷൻ സന്ദേശ് 2024**

2024 ലെ മിഷൻ സന്ദേശ് ഫലപ്രദമായി നടത്തുന്നതിന് നേതൃത്വം നല്കിയ ബഹു. വൈദികന്മാർക്കും മിഷൻ ലീഗ് ജോയിന്റ് ഡയറക്ടേഴ്സിനും ഓർഗനൈസേഴ്സിനും വിശ്വാസജീവിത പരിശീലകർക്കും പങ്കെടുത്ത എല്ലാ കുഞ്ഞുമിഷനറിമാർക്കും രൂപതാ ചെറുപുഷ്പ മിഷൻലീഗിന്റെ നന്ദിയും കടപ്പാടും അനുമോദനങ്ങളും

അറിയിക്കുന്നു.

മുക്കൂട്ടുതറ സെന്റ് തോമസ് പള്ളിനിർമ്മാണത്തിനും കമ്പം – തേനി മിഷനും വേണ്ടിയാണ് ഈ വർഷം നാം പണം കണ്ടെത്തുന്നത്. മിഷൻ സന്ദേശ് വഴി സമാഹരിച്ച തുക മുഴുവൻ നവംബർ 30 നകം ചെറുപുഷ്പ മിഷൻലീഗിന്റെ കേന്ദ്ര ഓഫീസിൽ ഏൽപ്പിച്ച് രസീത് കൈപ്പറ്റുവാൻ ശ്രദ്ധിക്കുമല്ലോ. ബാങ്ക് വഴി തുക കൈമാറുന്നവർ കൗണ്ടർഫോയിലിന്റെ ഫോട്ടോ/Bank transfer Screen Shot ഏതെങ്കിലും ഒന്ന് Whatsapp ചെയ്യാൻ ശ്രദ്ധിക്കുമല്ലോ.

**മിഷൻസന്ദേശ് തുക 24-10-2024 വരെ നൽകിയ ഇടവകകൾ**

| | | | | | |
|---|---|---|---|---|---|
| അമലഗിരി | - | 9,000 | ചീങ്കൽത്തടം | - | 3,120 |
| വലിയതോവാള | - | 85,000 | മുളങ്കുന്ന് | - | 7,000 |
| പൊടിമറ്റം | - | 85,000 | ചാമംപതാൽ | - | 20,000 |
| ചെമ്പനോലി | - | 7,090 | ചെറുവള്ളിക്കുളം | - | 20,170 |
| എരുത്വാപ്പുഴ | - | 15,310 | മുക്കുളം | - | 5,910 |
| തരകനാട്ടുകുന്ന് | - | 9,500 | കുട്ടിക്കാനം | - | 7,300 |
| ആനക്കല്ല് | - | 85,000 | ഗ്രേയ്സ്മൗണ്ട് | - | 9,000 |
| തേർഡ് ക്യാമ്പ് | - | 10,000 | ചിന്നാർ | - | 10,000 |
| പുല്ലാനിത്തകിടി | - | 10,000 | ആനവിലാസം | - | 20,000 |
| ശാന്തിഗിരി | - | 9,000 | പത്തനംതിട്ട | - | 40,000 |
| അന്യാർതൊളു | - | 11,300 | പെരുനാട് | - | 10,000 |
| രാജഗിരി | - | 10,000 | പെരുന്തേനരുവി | - | 5,000 |
| ചക്കുപള്ളം | - | 5,000 | ഏന്തയാർ | - | 9,030 |
| പ്ലാച്ചേരി | - | 15,000 | കൊല്ലമുള | - | 50,000 |
| എലിക്കുളം | - | 33,500 | മാങ്ങാപ്പാറ | - | 6,000 |
| നിർമ്മലാപുരം | - | 7,750 | മേപ്പാറ | - | 10,400 |

**ഫാ. ആന്റണി തുണ്ടത്തിൽ**
**അസി. ഡയറക്ടർ**

**ഫാ. ഫിലിപ്പ് വട്ടയത്തിൽ**
**ഡയറക്ടർ**

# ബൈബിൾ അപ്പോസ്തലേറ്റ്

**കഴിഞ്ഞ മാസത്തിലെ പരിപാടികൾ**

ഒക്ടോബർ 12, 19 തീയതികളിലായി ബൈബിൾ ദൈവശാസ്ത്ര ഡിപ്ലോമ കോഴ്സിന്റെ 1, 2 ബാച്ചുകളുടെ ക്ലാസുകൾ രാവിലെ 10 മണി മുതൽ ഉച്ചകഴിഞ്ഞ് മൂന്നര വരെ നടത്തപ്പെട്ടു. ബഹു. മനു പുത്തൻവീട്ടിൽ അച്ചൻ ക്ലാസുകൾക്ക് നേതൃത്വം നൽകി. വി. പൗലോസ് ശ്ലീഹായുടെ ലേഖനങ്ങൾ - ഒന്നാം ഭാഗം ആയിരുന്നു പഠന വിഷയം.

ഒക്ടോബർ 19 ശനിയാഴ്ച ബൈബിൾ അപ്പോസ്തോലറ്റ് ഡയറക്ടറായി ബഹുമാനപ്പെട്ട ആന്റണി ചെല്ലന്തറ അച്ചന് പകരം മനു പുത്തൻവീട്ടിൽ അച്ചൻ നിയമിതനായി.

**യാത്രയയപ്പ്**

ഒക്ടോബർ 12, 19 തീയതികളിലായി ബൈബിൾ ദൈവശാസ്ത്ര ഡിപ്ലോമ കോഴ്സിൽ പങ്കെടുക്കുന്നവർ, മംഗലപ്പുഴ മേജർ സെമിനാരിയിലേക്ക് അധ്യാപകനായി സ്ഥലം മാറുന്ന ബൈബിൾ അപ്പോസ്തോലറ്റിന്റെ ഡയറക്ടർ ആയിരുന്ന ബഹുമാനപ്പെട്ട ആന്റണി ചെല്ലന്തറ അച്ചന് നന്ദിയും യാത്രയയപ്പും നൽകി.

**ഈ മാസത്തിലെ പരിപാടികൾ**

നവംബർ 16 ശനിയാഴ്ച വിശുദ്ധ പൗലോസ് ശ്ലീഹായുടെ ലേഖനങ്ങൾ രണ്ടാം ഭാഗം ബൈബിൾ ദൈവശാസ്ത്ര ഡിപ്ലോമ കോഴ്സ് നടത്തപ്പെടുന്നു.

**ഫാ. മനു പുത്തൻവീട്ടിൽ**
**ഡയറക്ടർ**

# സീറോ മലബാർ യൂത്ത് മൂവ്മെന്റ് (എസ്.എം.വൈ.എം.)

**നവംബർ**

03 – എസ്.എം.വൈ.എം. സംസ്ഥാന സമിതി പ്രവർത്തനവർഷം ഉദ്ഘാടനം, യുവനസ്രാണി സംഗമം – കാൽവരി മൗണ്ട്, ഇടുക്കി

9, 10 – ടീൻഫെസ്റ്റ്, കുമളി

16, 17 – ടീൻഫെസ്റ്റ്

23, 24 – ടീൻഫെസ്റ്റ്

30, 1 – ടീൻഫെസ്റ്റ്

**നെയ്തൽ**

കെ. സി. വൈ. എം സംസ്ഥാന സമിതിയുടെ തീരദേശ പഠന ക്യാമ്പ് 'നെയ്തൽ' ആലപ്പുഴ രൂപതയുടെ ആതിഥേയത്വത്തിൽ നടത്തപ്പെട്ടു. കാഞ്ഞിരപ്പള്ളി രൂപതയിൽനിന്ന് 5 എക്സിക്യൂട്ടീവ്സ് ഇതിൽ പങ്കെടുത്തു. ഒക്ടോബർ 4, 5, 6 ദിനങ്ങളിൽ കോട്ടൂർ സെന്റ് വിൻസെന്റ് പള്ളോട്ടി പള്ളിയിലാണ് ഇത് നടത്തപ്പെട്ടത്.

**ബൈബിൾ രചന**

കാഞ്ഞിരപ്പള്ളി രൂപതയിലെ എൺപതോളം യുവജനങ്ങൾ യുവജനവർഷത്തോടനുബന്ധിച്ച് ബൈബിൾ എഴുതാൻ ആരംഭിച്ചു. ഒക്ടോബർ 5 ന് തുടങ്ങി നവംബർ 30 ന് പൂർത്തിയാക്കുന്ന വിധത്തിലാണ് ഇതു ക്രമീകരിച്ചിരിക്കുന്നത്.

**ഓൺലൈൻ ജപമാല**

കെ.സി.വൈ.എം. സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ നട

ത്തപ്പെടുന്ന 'അമ്മയോടൊപ്പം' ജപമാല മാസാചരണത്തിൽ ഒക്ടോബർ 7-ാം തീയതി കാഞ്ഞിരപ്പള്ളി രൂപതയിലെ യുവജനങ്ങൾ ജപമാല പ്രാർത്ഥനയ്ക്ക് നേതൃത്വം വഹിച്ചു.

**ഉത്സവ്**

യുവജനങ്ങളുടെ കലാസാഹിത്യവാസനകളെ വളർത്തുക എന്ന ലക്ഷ്യത്തോടെ 'ഉത്സവ് 2024' നടത്തപ്പെട്ടു. ഒക്ടോബർ 20-ാം തീയതി രൂപതാതല രചന മത്സരങ്ങൾ എല്ലാ ഫൊറോനകളിലും, കലാമത്സരങ്ങൾ ഒക്ടോബർ 31 ന് കുട്ടിക്കാനം മരിയൻ കോളേജിൽ വച്ചും നടത്തപ്പെട്ടു.

**സീറോ മലബാർ പ്രഥമ ദേശീയ യുവജനസംഗമം**

എസ്.എം.വൈ.എം. ഗ്ലോബൽ സമിതിയുടെ നേതൃത്വത്തിൽ മാണ്ഡ്യാരൂപതയുടെ ആതിഥേയത്വത്തിൽ കമീലിയൻ പാസ്റ്ററൽ സെന്ററിൽ വച്ച് പ്രഥമ ദേശീയ യുവജനസംഗമം നടത്തപ്പെട്ടു. ഒക്ടോബർ 12, 13 തീയതികളിലായി നടത്തപ്പെട്ട ഈ സമ്മേളനത്തിൽ എസ്.എം.വൈ.എം. കാഞ്ഞിരപ്പള്ളി രൂപതാസമിതിയിൽ നിന്ന് 6 പേർ പങ്കെടുത്തു. സീറോ മലബാർ യൂത്ത് കമ്മീഷൻ ചെയർമാൻ മാർ ജോസഫ് പണ്ടാരശ്ശേരിൽ പിതാവിന്റെ അദ്ധ്യക്ഷതയിലും മാണ്ഡ്യ ബിഷപ്പ് മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവിന്റെ സാന്നിധ്യത്തിലുമാണ് യുവജനസംഗമം നടന്നത്. ഭാരതത്തിന്റെ വിവിധ സംസ്ഥാനങ്ങളിൽ നിന്നായി നിരവധി യുവജനങ്ങൾ ഇതിൽ പങ്കെടുത്തു.

**ടീൻഫെസ്റ്റ്**

കൗമാരക്കാരെ വിശ്വാസബോധ്യങ്ങളിൽ ഉറപ്പിക്കുക എന്ന ലക്ഷ്യത്തോടെ ഒക്ടോബർ 19, 20 തീയതികളിൽ കാഞ്ഞിരപ്പള്ളി ഫൊറോനയുടെയും 26, 27 തീയതികളിൽ അണക്കര ഫൊറോനയുടെയും ടീൻഫെസ്റ്റ് ദ്വിദിന ക്യാമ്പ് നടത്തപ്പെട്ടു.

കാഞ്ഞിരപ്പള്ളി ഫൊറോനയുടെ ടീൻഫെസ്റ്റ് കാഞ്ഞിരപ്പള്ളി ഇൻഫന്റ് ജീസസ് സ്കൂളിലും അണക്കര ഫൊറോനയുടെ ടീൻഫെസ്റ്റ് നെറ്റിത്തൊഴു സെന്റ് ഇസിദോർ ദൈവാലയത്തിലും വച്ചു നടത്തപ്പെട്ടു. പതിനൊന്നാം ക്ലാസിലെ നൂറ്റിയിരുപതോളം കുട്ടികൾ

ഇതിൽ പങ്കെടുത്തു. വി.കുമ്പസാരം, വി. കുർബാന, ആരാധന, ക്ലാസുകൾ, കൂട്ടായ്മ, സന്ദർശനം തുടങ്ങിയവയിലൂടെ ക്രമീകരിക്കപ്പെട്ട ക്യാമ്പിന്, എസ്.എം.വൈ.എം. രൂപതാ ഡയറക്ടർ ബഹു. തോമസ് നരിപ്പാറയിലച്ചൻ നേതൃത്വം നൽകി. കാഞ്ഞിരപ്പള്ളി കത്തീഡ്രൽ ഇടവക വികാരി ബഹു. വർഗീസ് പരിന്തിരിക്കലച്ചൻ, ഫൊറോന ഡയറക്ടർ ജോസഫ് ആലപ്പാട്ടുകുന്നേലച്ചൻ, ബഹു. ജേക്കബ് ചാത്തനാട്ടച്ചൻ, ഫൊറോന ആനിമേറ്റർ ബഹു. സി. എമിലിൻ സി. എം.സി., ഇൻഫന്റ് ജീസസ് സ്കൂൾ പ്രിൻസിപ്പൽ ബഹു. സി. ഫിൽസി സിഎം.സി. എന്നിവർ ടീൻ ഫെസ്റ്റിനു നൽകിയ എല്ലാ സഹകരണങ്ങൾക്കും പ്രത്യേകം നന്ദി. ഫൊറോന സമിതി അംഗങ്ങളുടെയും രൂപത സമിതി അംഗങ്ങളുടെയും സഹകരണവും ടീൻഫെസ്റ്റിനെ മനോഹരമാക്കി.

അണക്കര ഫൊറോനയുടെ ടീൻഫെസ്റ്റ് നെറ്റിത്തൊഴു സെന്റ് ഇസിദോർ ദൈവാലയത്തിൽ വച്ചു നടത്തപ്പെട്ടു. ഇതിനുവേണ്ട ക്രമീകരണങ്ങൾ ചെയ്തുതന്ന നെറ്റിത്തൊഴു വികാരി ബഹു. തോമസ് കിളിരൂപ്പറമ്പിലച്ചനും, അണക്കര എസ്.എം.വൈ.എം. ഡയറക്ടർ ബഹു. ജോബി കപ്പിയാങ്കലച്ചനും, ആനിമേറ്റർ ബഹു. സി. ട്രീസാ എസ്.എച്ച്. നും, സ്കൂളിലെ സൗകര്യങ്ങൾ നൽകിയ ബഹു. സി. റെയ്ന സി.എം.സി.ക്കും, അണക്കര എസ്.എം.വൈ.എം. സമിതി അംഗങ്ങൾക്കും ഒപ്പം കുട്ടികളെ ഇതിനായി പറഞ്ഞയച്ച ബഹു. വൈദികർക്കും സൺഡേസ്കൂൾ അധ്യാപകർക്കും മാതാപിതാക്കൾക്കും പ്രത്യേകം നന്ദി.

**അഭിനന്ദനങ്ങൾ**

കേരള സംസ്ഥാന യുവജന കമ്മീഷൻ ഇടുക്കി ജില്ലാ കോ-ഓർഡിനേറ്ററായി നിയമിതനായ കാഞ്ഞിരപ്പള്ളി രൂപത എസ്.എം. വൈ.എം. മുൻ പ്രസിഡന്റ് ശ്രീ. ജോമോൻ പൊടിപാറയ്ക്ക് അഭിനന്ദനങ്ങൾ.

**അഖണ്ഡ ജപമാല**

ജപമാല മാസത്തിൽ കാഞ്ഞിരപ്പള്ളി രൂപതയിലെ എല്ലാ

ഫൊറോനകളിലെയും യുവജനങ്ങൾ 12 ദിവസങ്ങളിലായി ഓൺലൈൻ മാധ്യമത്തിൽ ഒന്നുചേർന്ന് ജപമാലയർപ്പിച്ച് പ്രാർത്ഥിച്ചു. ഒക്ടോബർ 19 മുതൽ 30 വരെയുള്ള ദിവസങ്ങളിലാണ് അഖണ്ഡജപമാല നടത്തപ്പെട്ടത്.

**മാർതോമ്മാ നസ്രാണി സമുദായ പ്രതിനിധി സമ്മേളനം**

നിലയ്ക്കൽ എക്യുമെനിക്കൽ സെന്ററിൽ വച്ച് നടത്തപ്പെട്ട മാർതോമ്മാ നസ്രാണി സമുദായ പ്രതിനിധി സമ്മേളനത്തിൽ കാഞ്ഞിരപ്പള്ളി രൂപതയിലെ 10 യുവജനങ്ങൾ പങ്കെടുത്തു. ഒക്ടോബർ 22 ചൊവ്വാഴ്ചയാണ് ഇതു നടത്തപ്പെട്ടത്. സഭകളുടെ ഐക്യത്തിനും സാമുദായിക ശക്തീകരണത്തിനുമായി നിലകൊള്ളുന്ന പ്രസ്ഥാനമാണിത്.

**പ്രവർത്തന വിവരണം**

ഇടയകൂടാരത്തിൽ പങ്കെടുത്ത വൈദികർക്ക് ഒക്ടോബർ 22 ന് ഡയറക്ടർ റവ. ഫാ. തോമസ് നരിപ്പാറയിൽ എസ്.എം.വൈ.എം. ന്റെ പ്രവർത്തനങ്ങളെക്കുറിച്ച് വിവരണം നൽകി.

**രക്തദാന ക്യാമ്പയിൻ A LIVE**

കാഞ്ഞിരപ്പള്ളി രൂപത എസ്.എം.വൈ.എം.ന്റെ നേതൃത്വത്തിൽ ഒരുമാസം നീണ്ടു നിൽക്കുന്ന രക്തദാന ക്യാമ്പയിൻ A LIVE നടത്തപ്പെട്ടു. ഒക്ടോബർ 1 മുതൽ 31 വരെ രൂപതയിലെ പതിമൂന്ന് കേന്ദ്രങ്ങളിലായി ആയിരത്തിലധികം യുവജനങ്ങൾ ഈ രക്തദാന ക്യാമ്പയിനിൽ പങ്കാളികളായി.

**ഇന്റർ ഡിപ്പാർട്ട്മെന്റ് മീറ്റിംഗ്**

ഒക്ടോബർ 23-ാം തീയതി കാഞ്ഞിരപ്പള്ളി പാസ്റ്ററൽ സെന്ററിൽ വച്ചു നടന്ന ഇന്റർ ഡിപ്പാർട്ട്മെന്റ് മീറ്റിംഗിൽ എസ്.എം.വൈ.എം. ഡയറക്ടർ ബഹു. തോമസ് നരിപ്പാറയിലച്ചൻ പങ്കെടുത്തു.

**ഫാ. തോമസ് നരിപ്പാറയിൽ**

**ഡയറക്ടർ**

# കുടുംബപ്രേഷിതത്വം

**2024 നവംബർ മാസത്തെ കർമ്മപരിപാടികൾ**

2 ശനി – രൂപതാതല മാതൃവേദി ക്വിസ് പൊടിമറ്റം നിർമ്മല റിന്യുവൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു.

– മാതൃവേദി ഇടവക, ഫൊറോനാതല വാർഷിക റിപ്പോർട്ടുകൾ രൂപതാ ഓഫീസിൽ എത്തിക്കേണ്ട അവസാന തീയതി.

7 വ്യാഴം – വിവാഹ ഒരുക്കധ്യാനം 7, 8, 9 തീയതികളിലായി പൊടിമറ്റം നിർമ്മല റിന്യൂവൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു.

11 തിങ്കൾ – പ്രചോദിനി (ലോറേഞ്ച് മേഖല) പൊടിമറ്റം നിർമ്മല റിന്യൂവൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു.

12 ചൊവ്വ – മാതൃവേദി രൂപതാ ഇലക്ഷൻ 12, 13 തീയതികളിലായി പൊടിമറ്റം നിർമ്മല റിന്യൂവൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു.

20 ബുധൻ – പ്രചോദിനി (ഹൈറേഞ്ച് മേഖല) കട്ടപ്പന സെന്റ് ജോർജ് പാരീഷ് ഹാളിൽ വച്ച് നടത്തപ്പെടുന്നു.

21 വ്യാഴം – വിവാഹ ഒരുക്ക ധ്യാനം 21, 22, 23 തീയതികളിലായി അണക്കര പാസ്റ്ററൽ ആനിമേഷൻ (PAC) സെന്ററിൽ വച്ച് നടത്തപ്പെടുന്നു.

## വിവാഹ ഒരുക്ക ധ്യാനം

ഒക്ടോബർ 3, 4, 5 തീയതികളിൽ പൊടിമറ്റം നിർമ്മല റിന്യൂവൽ സെന്റർ (NRC) യിലും ഒക്ടോബർ 17, 18, 19 തീയതികളിൽ അണക്കര പാസ്റ്ററൽ ആനിമേഷൻ സെന്റർ (PAC) യിലും വച്ച് വിവാഹ ഒരുക്ക ധ്യാനങ്ങൾ നടത്തപ്പെട്ടു. ധ്യാനസമയം ഒന്നാം ദിവസം രാവിലെ 8.30 മുതൽ മൂന്നാം ദിവസം വൈകിട്ട് 4 മണി വരെയാണ്.

## വരുന്ന ധ്യാന തീയതികൾ

| | |
|---|---|
| നവംബർ 7, 8, 9 (വ്യാഴം - ശനി) | നിർമ്മല റിന്യൂവൽ സെന്റർ, (NRC) പൊടിമറ്റം. |
| നവംബർ 21, 22, 23 (വ്യാഴം - ശനി) | പാസ്റ്ററൽ ആനിമേഷൻ സെന്റർ, (PAC) അണക്കര. |
| ഡിസംബർ 5, 6, 7 (വ്യാഴം - ശനി) | നിർമ്മല റിന്യൂവൽ സെന്റർ, (NRC) പൊടിമറ്റം. |
| ഡിസംബർ 12, 13, 14 (വ്യാഴം - ശനി) | പാസ്റ്ററൽ ആനിമേഷൻ സെന്റർ, (PAC) അണക്കര. |
| ഡിസംബർ 19, 20, 21 (വ്യാഴം - ശനി) | നിർമ്മല റിന്യൂവൽ സെന്റർ, (NRC) പൊടിമറ്റം. |

രജിസ്ട്രേഷൻ ഫീസ്: 1700/-(ആയിരത്തി എഴുനൂറ്) രൂപ. രജിസ്റ്റർ ചെയ്യുമ്പോൾ അഡ്വാൻസ് ആയി 700/-രൂപ അടയ്ക്കേണ്ട താണ്. രജിസ്ട്രേഷനായി ബന്ധപ്പെടേണ്ട നമ്പർ 9497096431, 04828- 205628, 201100.

## ഇടയകൂടാരം

ഒക്ടോബർ 17, 31 തീയതികളിൽ നടന്ന വൈദികരുടെ പരിശീലന സംഗമത്തിൽ ഫാമിലി അപ്പസ്തോലേറ്റുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഡയറക്ടറച്ചൻ പങ്കുവച്ചു.

→

# പിതൃവേദി

രൂപതയുടെ സുവർണ്ണജൂബിലിക്ക് ഒരുക്കമായും, പിതൃവേദി സംഘടന സ്ഥാപിതമായതിന്റെ രജതജൂബിലിയോടും അനുബന്ധിച്ച് നടത്തുന്ന പിതൃസംഗമം ഒക്ടോബർ 13 - ന് 'പാത്രിസ് കോർദേ' പെരുവന്താനം ഫൊറോനയിലെ പള്ളികളിൽ നടത്തി. ഈ സംഗമത്തിൽ താഴെപ്പറയുന്ന റിസോഴ്സ് ടീം അംഗങ്ങൾ ക്ലാസുകൾ നയിച്ചു.

---

## കുടുംബപ്രേഷിതത്വം

### ഡയറക്ടേഴ്സ് മീറ്റ്

ഒക്ടോബർ 23 ന് പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തിയ ഡിപ്പാർട്ട്മെന്റ് ഡയറക്ടേഴ്സിന്റെ മീറ്റിംഗിൽ ഡയറക്ടറച്ചൻ പങ്കെടുത്തു.

### ഫാമിലി കമ്മീഷൻ സമ്മേളനം

ഒക്ടോബർ 24 ന് മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് കമ്മീഷൻ പിതാക്കന്മാരോട് ചേർന്നുള്ള മീറ്റിംഗിൽ ഡയറക്ടറച്ചൻ പങ്കെടുത്തു.

### എൽറോയി സംഗമം

നമ്മുടെ രൂപതയിലെ 30 വയസും അതിനു മുകളിലുമുള്ള അവിവാഹിതരായ യുവതിയുവാക്കന്മാരുടെ സംഗമം രൂപതാതലത്തിൽ ഒക്ടോബർ 22 ന് ഉപ്പുതറ പരപ്പ് ധ്യാനകേന്ദ്രത്തിൽ വച്ച് നടത്തപ്പെട്ടു. 200 ഓളം പേർ പങ്കെടുത്തു.

**ഫാ. സെബാസ്റ്റ്യൻ പുളിക്കക്കുന്നേൽ**
**അസി. ഡയറക്ടർ**

**ഫാ. മാത്യു ഓലിക്കൽ**
**ഡയറക്ടർ**

**പെരുവന്താനം ഫൊറോന**

മേലോരം സെന്റ് സെബാസ്റ്റ്യൻസ് - റവ. ഫാ. മാത്യു ഓലിക്കൽ

അഴങ്ങാട് സെന്റ് ആന്റണീസ് - ശ്രീ. ഷിജോ തോണിയാങ്കൽ

പുറക്കയം സെന്റ് ജോസഫ് - ശ്രീ. ഷിബു കല്ലറയ്ക്കൽ

ചെറുവള്ളിക്കുളം സെന്റ് ജോർജ് - ശ്രീ. സാജു കൊച്ചുവീട്ടിൽ

പെരുവന്താനം സെന്റ് ജോസഫ് - ശ്രീ. ജോസ് പൂവത്തോലിചെറ്റയിൽ

മുറിഞ്ഞപുഴ സെന്റ് ജോർജ് - ശ്രീ. ഷിബു മുള്ളംകുഴി

കണയങ്കവയൽ സെന്റ് മേരീസ് - ശ്രീ. അരുൺ നെടുംതകിടിയേൽ

**ഉപ്പുതറ ഫൊറോന**

പുളിങ്കട്ട സെന്റ് ജോർജ് - ശ്രീ. ഷിബു മുള്ളംകുഴി

ഓരോ ഇടവകകളിലും പിതൃസംഗമങ്ങൾക്ക് നേതൃത്വം നൽകിയ ബഹുമാനപ്പെട്ട വൈദികർക്കും പങ്കെടുത്ത എല്ലാവർക്കും നന്ദി.

**ലീഡേഴ്സ് മീറ്റ് - റാന്നി ഫൊറോന**

റാന്നി ഫൊറോനയിലെ എല്ലാ ഇടവകയിൽ നിന്നുമുള്ള എക്സിക്യൂട്ടീവ് അംഗങ്ങൾ ഒക്ടോബർ 13 ന് ഇടമൺ സെന്റ് മേരീസ് ദൈവാലയത്തിന്റെ പാരീഷ് ഹാളിൽ ഒത്തുചേരുകയും പുതിയ ഭാരവാഹികളെ തെരഞ്ഞെടുക്കുകയും ചെയ്തു.

| | |
|---|---|
| പ്രസിഡന്റ് | - ക്രിസ്റ്റഫർ കരിങ്ങയിൽ |
| വൈസ് പ്രസിഡന്റ് | - ഷാജി കിഴക്കേത്തലയ്ക്കൽ |
| സെക്രട്ടറി | - പോൾസൺ മുണ്ടാട്ടുചുണ്ടയിൽ |
| ജോയിന്റ് സെക്രട്ടറി | - മോനിച്ചൻ നെടുങ്ങയിൽ |
| ട്രഷറർ | - ഷാജി പീടികയിൽ |

**എക്സിക്യൂട്ടീവ് മീറ്റിംഗ്**

കാഞ്ഞിരപ്പള്ളി ഫൊറോനയിലെ പിതൃവേദി എക്സിക്യൂട്ടീവ് മീറ്റിംഗ് ഒക്ടോബർ 13 ന് പാസ്റ്ററൽ സെന്ററിലെ ഓഫീസിൽ വച്ച് നടത്തി.

**ഫാ. സെബാസ്റ്റ്യൻ പുളിക്കക്കുന്നേൽ**
**അസി. ഡയറക്ടർ**

**ഫാ. മാത്യു ഓലിക്കൽ**
**ഡയറക്ടർ**

# മാതൃവേദി

**പ്രചോദിനി**

അമ്മമാരിൽ മറഞ്ഞിരിക്കുന്ന കഴിവുകളെ കണ്ടെത്തുന്നതിനും വളർത്തുന്നതിനുമായി ഒക്ടോബർ 7 ന് പൊടിമറ്റം നിർമ്മലാ റിന്യൂവൽ സെന്ററിൽ വച്ച് ലോറേഞ്ച് മേഖലയിലെ പ്രചോദിനിയും ഒക്ടോബർ 23 ന് കട്ടപ്പന സെന്റ് ജോർജ് ഫൊറോന പാരീഷ് ഹാളിൽ വച്ച് ഹൈറേഞ്ച് മേഖലയിലെ പ്രചോദിനിയും നടത്തപ്പെട്ടു. സ്ത്രീസൗന്ദര്യം എന്ന വിഷയത്തെക്കുറിച്ചു സ്വപ്ന റോയി കടന്തോട് ചക്കുപള്ളം ക്ലാസുകൾ നയിച്ചു.

**എക്സിക്യൂട്ടീവ് മീറ്റിംഗ്**

ഒക്ടോബർ 9-ാം തീയതി മാതൃവേദി രൂപതാ എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി ഈ മാസം നടത്തപ്പെടേണ്ട രൂപതാ കലോത്സവത്തെക്കുറിച്ചുള്ള കാര്യങ്ങൾ ചർച്ച ചെയ്ത് തീരുമാനങ്ങൾ എടുത്തു.

**പ്രാർത്ഥനാദിനം**

ഒക്ടോബർ 21-ാം തീയതി മാതൃവേദി അംഗങ്ങൾ പൊടിമറ്റം നിർമ്മലാ റിന്യുവൽ സെന്ററിൽ വച്ച് പ്രാർത്ഥനാ ദിനമായി ആചരിച്ചു.

**മാതൃവേദി രൂപതാ കലോത്സവം**

അമ്മമാരുടെ കലാപരമായ കഴിവുകളെ കണ്ടെത്താനും പ്രോത്സാഹിപ്പിക്കാനുമുള്ള രൂപതാ കലോത്സവം ഒക്ടോബർ 12-ന് കുട്ടിക്കാനം മരിയൻ കോളേജിൽ വച്ച് നടത്തപ്പെട്ടു. രാവിലെ 9.00 ന്

രജിസ്ട്രേഷൻ ആരംഭിച്ചു. 9.30 ന് പ്രാർത്ഥനയോടുകൂടി പ്രാരംഭ സമ്മേളനം ആരംഭിക്കുകയും ബഹു. ഫാ. അജോ പേഴുംകാട്ടിൽ ഉദ്ഘാടനം നിർവഹിക്കുകയും മാതൃവേദി രൂപതാ ഡയറക്ടർ ബഹു. ഫാ. മാത്യു ഓലിക്കൽ ആമുഖസന്ദേശവും, മത്സരത്തിന്റെ ലക്ഷ്യങ്ങളെക്കുറിച്ചു സംസാരിക്കുകയും ചെയ്തു. തുടർന്ന് 3 സ്റ്റേജുകളിലായി 9 ഇനത്തിലുള്ള മത്സരങ്ങൾ നടത്തപ്പെട്ടു. ഉച്ചകഴിഞ്ഞ് മൂന്നു മണിക്ക് നടന്ന സമാപനസമ്മേളനത്തിൽ പെരിയ ബഹു.രൂപതാ ചാൻസലർ ഫാ. കുര്യൻ താമരശ്ശേരി സമാപനസന്ദേശം നൽകുകയും, മത്സരത്തിൽ സംബന്ധിച്ച എല്ലാവരേയും അനുമോദിക്കുകയും, വിജയികൾക്ക് സമ്മാനങ്ങൾ നൽകുകയും ചെയ്തു. 13 ഫൊറോനകളിൽ നിന്നുമായി 200 ഓളം മത്സരാർത്ഥികൾ പങ്കെടുത്തു.

**വിജയികൾ**

**പ്രസംഗം (ഏലിശ്വാ വിഭാഗം)**

1st ലാലി മാത്യു, വാലുമ്മേൽ, മേരികുളം, കട്ടപ്പന
2nd മേഴ്സി അയ്യമല, വെള്ളാരംകുന്ന്, കുമളി
3rd ഡെയ്സി മണിയങ്ങാട്ട്, തച്ചപ്പുഴ, പൊൻകുന്നം

**പ്രസംഗം (മോനിക്ക വിഭാഗം)**

1st ഷാന്റി മാത്യു പന്തിരുവേലിൽ, പൊൻകുന്നം
2nd ജെസി ജോൺസൺ, ഇലവുങ്കൽ, എയ്ഞ്ചൽവാലി, എരുമേലി
3rd ജിജി വർഗീസ്, തണ്ണിപ്പാറ, ചേമ്പളം, മുണ്ടിയെരുമ

**പ്രസംഗം (ജിയന്ന വിഭാഗം)**

1st റോഷ്ന കണ്ടപ്ലാക്കൽ, കീരിക്കര, കുമളി
2nd ജോസ്മി ജോജോ, വരിക്കമാക്കൽ, പാലമ്പ്ര, വെളിച്ചിയാനി
3rd പ്രിയ തോമസ്, തോട്ടുവായിൽ, പുളിയന്മല, മുണ്ടിയെരുമ

**ലളിതഗാനം (ഏലിശ്വാ വിഭാഗം)**

1st എൽസി മാത്യു ഇലഞ്ഞിക്കൽ, പുളിയന്മല, മുണ്ടിയെരുമ
2nd എൽസി വി.ജെ., കുന്നിലെമുറി, കുന്നുംഭാഗം, കാഞ്ഞിരപ്പള്ളി
3rd ത്രേസ്യാമ്മ അമ്പാട്ട്, മുണ്ടക്കയം, മുണ്ടക്കയം

**ലളിതഗാനം (മോനിക്ക വിഭാഗം)**

1st സോഫി അയ്യൂന്നയ്ക്കൽ, രാജഗിരി, ഉപ്പുതറ

2nd ഡാർളി ജോസ്, തൂമ്പുങ്കൽ, ആനക്കൽ, കാഞ്ഞിരപ്പള്ളി

3rd ജയ സാബു, വട്ടപറമ്പിൽ, പാലമ്പ്ര, വെളിച്ചിയാനി

**ലളിതഗാനം (ജിയന്ന വിഭാഗം)**

1st മെൽബിയ തേനേപ്ലാക്കൽ, കമ്പംമെട്ട്, അണക്കര

2nd ആൽഫിൻ സിനോ, കണിയാരംശ്ശേരിൽ, വണ്ടൻപതാൽ, മുണ്ടക്കയം

3rd രമ്യ ഷീലു, വലക്കമറ്റത്തിൽ, മേരികുളം, കട്ടപ്പന

**ബൈബിൾ പാരായണം**

1st വത്സമ്മ മാത്യു, ഏറത്തേടത്ത് ആനക്കല്ല്, കാഞ്ഞിരപ്പള്ളി

2nd റ്റെസി മുതുപ്ലാക്കൽ, മുക്കൂട്ടുതറ, എരുമേലി

3rd സലോമി മാത്യു കാഞ്ഞിരക്കാട്ട്, കണ്ണംമ്പള്ളി, റാന്നി

**മാർഗ്ഗംകളി**

1st റെനി സെബാസ്റ്റ്യൻ & ടീം, കോരുത്തോട്, മുണ്ടക്കയം

2nd ബിന്ദു കാരയ്ക്കാട്ട് & ടീം, കട്ടപ്പന, കട്ടപ്പന

3rd അനിതാ, ഇല്ലിക്കമുറിയിൽ & ടീം, അട്ടപ്പള്ളം, കുമളി

**സമൂഹഗാനം**

1st അമലാ റോസ് & ടീം, മേരികുളം, കട്ടപ്പന

2nd ബിൻസി ജോസി & ടീം, പത്തനംതിട്ട, പത്തനംതിട്ട

3rd ജിനി മാത്യു & ടീം, ചേമ്പളം, മുണ്ടിയെരുമ

**പ്രചോദിനി വരുന്ന മാസത്തെ തീയതികൾ**

ലോറേഞ്ച് മേഖലയിലെ പ്രചോദിനി നവംബർ 11 തിങ്കളാഴ്ച പൊടിമറ്റം നിർമ്മല റിന്യുവൽ സെന്ററിൽ വച്ചും ഹൈറേഞ്ച് മേഖലയിലെ പ്രചോദിനി നവംബർ 20 ബുധനാഴ്ച കട്ടപ്പന സെന്റ് ജോർജ് ഫൊറോന പാരീഷ് ഹാളിൽ വച്ചും നടത്തപ്പെടുന്നു.

**മാതൃവേദി രൂപതാ ഇലക്ഷൻ**

നവംബർ 12, 13 തീയതികളിലായി നിർമ്മല റിന്യൂവൽ സെന്ററിൽ വച്ച് മാതൃവേദി രൂപതാ ഇലക്ഷൻ നടക്കുന്നു.

**മാതൃവേദി ക്വിസ്**

ഈ വർഷത്തെ മാതൃവേദി ക്വിസ് നവംബർ 2-ാം തീയതി ശനിയാഴ്ച പൊടിമറ്റം നിർമലാ റിന്യൂവൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു. രാവിലെ 9.30 ന് രജിസ്ട്രേഷനും തുടർന്ന് മത്സരവും ആരംഭിക്കും. ഓരോ ഫൊറോനയിൽ നിന്നും ഒന്നും രണ്ടും സ്ഥാനങ്ങൾ കിട്ടിയ ടീമുകൾക്ക് രൂപതാ മത്സരത്തിൽ പങ്കെടുക്കാം.

**ഇടവക, ഫൊറോന വാർഷിക റിപ്പോർട്ട്**

2023 ഡിസംബർ മുതൽ 2024 നവംബർ വരെയുള്ള പ്രവർത്തനങ്ങളുടെ റിപ്പോർട്ട് 2024 നവംബർ 2 ന് മുമ്പായി രൂപതാ ഫാമിലി അപ്പോസ്റ്റലേറ്റ് ഓഫീസിൽ എത്തിക്കാൻ ശ്രദ്ധിക്കുമല്ലോ. മാതൃവേദിയുടെ നേരിട്ടുള്ള പ്രവർത്തനങ്ങളുടെ റിപ്പോർട്ടാണ് നൽകേണ്ടത്.

**മാതൃവേദി രൂപതാവാർഷികം**

മാതൃവേദി രൂപതാവാർഷികം 2024 ഡിസംബർ 3 ന് ചൊവ്വാഴ്ച പൊടിമറ്റം സെന്റ് മേരീസ് ദൈവാലയത്തിൽ വച്ച് നടത്തപ്പെടുന്നു. രാവിലെ 9.30 മുതൽ 1 മണിവരെയാണ് പരിപാടികൾ നടത്തപ്പെടുക.

**ഫാ. സെബാസ്റ്റ്യൻ പുളിക്കക്കുന്നേൽ**
**അസി. ഡയറക്ടർ**

**ഫാ. മാത്യു ഓലിക്കൽ**
**ഡയറക്ടർ**

# മേരിമാതാ മൈനർ സെമിനാരി

**ഒക്ടോബർ 2024**

1-4 കാഞ്ഞിരപ്പള്ളി രൂപതയിലെ വൈദികരുടെ രണ്ടാം ബാച്ചിന്റെ വാർഷികധ്യാനം സെമിനാരിയിൽ വച്ച് നടത്തപ്പെട്ടു.

5-12 വൈദികവിദ്യാർത്ഥികളുടെ സെമസ്റ്റർ അവധി

13-25 ഒന്നാം സെമസ്റ്റർ പരീക്ഷകൾ

25-26 വൈദികവിദ്യാർത്ഥികളുടെ ഒക്ടോബർ മാസത്തെ മാസധ്യാനം. ബഹുമാനപ്പെട്ട ജോസഫ് ചെമ്മരപ്പള്ളിയച്ചൻ ധ്യാനം നയിച്ചു.

28 സെമിനാരിയിൽ രണ്ടാം സെമസ്റ്റർ ക്ലാസുകൾ ആരംഭിച്ചു.

**ഫാ. സെബാസ്റ്റ്യൻ കൊല്ലംകുന്നേൽ**
**റെക്ടർ**

# നസ്രാണി റിസേർച്ച് സെന്റർ നല്ലതണ്ണി

**ആരാധനക്രമാധിഷ്ഠിത ധ്യാനം**

- നല്ലതണ്ണി നസ്രാണി റിസേർച്ച് സെന്ററിൽ വച്ച് ഏലിയാ - സ്ലീവാ - മൂശെക്കാലത്തിലെ ആരാധന ക്രമാധിഷ്ഠിത ധ്യാനത്തിൽ പതിനാറ് പേർ പങ്കെടുത്തു.

ഡിസംബർ 1 ഞായർ മുതൽ 6 വരെ

- 2024 ഡിസംബർ 1-ാം തീയതി ഞായറാഴ്ച വൈകിട്ട് 5 മണി മുതൽ 6-ാം തീയതി വെള്ളിയാഴ്ച രാവിലെ 9 മണിവരെ മംഗലവാർത്തക്കാലത്തിലെ ആരാധനക്രമാധിഷ്ഠിത ധ്യാനം നടത്തപ്പെടുന്നു. സഭയെക്കുറിച്ചും സഭയുടെ ആരാധനക്രമത്തിന്റെ വിവിധ ഘടകങ്ങളെക്കുറിച്ചുമുള്ള അടിസ്ഥാന ബോധ്യങ്ങൾ രൂപപ്പെടുത്താനും സഭാത്മകമായ ആത്മീയ ജീവിതം പരിശീലിക്കാനും അവസരം ലഭിക്കുന്ന ഈ ധ്യാനത്തിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ പേര് മുൻകൂട്ടി രജിസ്റ്റർ ചെയ്യുക.

പേര് രജിസ്റ്റർ ചെയ്യുന്നതിന് ബന്ധപ്പെടുക:

ഫാ. ജയിംസ് ചവറപ്പുഴ, Ph: 9447 3124 44

ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ, Ph: 9447 3679 25

**ഫാ. ജയിംസ് ചവറപ്പുഴ**
**ഡയറക്ടർ**



# കാത്തലിക് കരിസ്മാറ്റിക് നവീകരണം

കാഞ്ഞിരപ്പള്ളി കരിസ്മാറ്റിക് സോണിന്റെ ആഭിമുഖ്യത്തിൽ ഒക്ടോബർ രണ്ടാം തീയതി കാഞ്ഞിരപ്പള്ളി അക്കരപള്ളിയിൽനിന്നും ഭരണങ്ങാനം അൽഫോൻസാ കബറിടത്തിലേക്ക് അൽഫോൻസാ പദയാത്ര നടത്തപ്പെട്ടു. രാവിലെ എട്ടര മണിക്ക് രൂപതാ ബിഷപ്പ് അഭിവന്ദ്യ ജോസ് പുളിക്കൽ പിതാവ്, കാഞ്ഞിരപ്പള്ളി കരിസ്മാറ്റിക് സോണൽ കോർഡിനേറ്റർ ശ്രീ കെ.സി. എബ്രഹാം കുമ്പുക്കല്ലിന് പതാക കൈമാറി ആരംഭിച്ച തീർത്ഥാടന പദയാത്ര ആനക്കല്ല്, കപ്പാട്, ചെമ്മലമറ്റം, തിടനാട്, മൂന്നാംതോട് വഴി മൂന്നരയ്ക്ക് ഭരണങ്ങാനത്ത് എത്തിച്ചേർന്നു. തുടർന്ന് സോണൽ ഡയറക്ടർ റവ. ഫാ. കുര്യാക്കോസ് വടക്കേടത്ത് വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി. ഓരോ തീർത്ഥാടനവും വിശ്വാസപ്രഘോഷണം ആണെന്നും, തീർത്ഥാടകർ കാലുകൊണ്ടല്ല ഹൃദയം കൊണ്ട് നടക്കണമെന്നും അഭിവന്ദ്യ പിതാവ് തന്റെ ഉദ്ഘാടനസന്ദേശത്തിൽ സൂചിപ്പിച്ചു. ആർച്ച് പ്രീസ്റ്റ് പെരിയ ബഹുമാനപ്പെട്ട വർഗീസ് പരിന്തിരിക്കൽ അച്ചൻ ആമുഖ സന്ദേശം നൽകി. 260 അംഗങ്ങളോളം പങ്കെടുത്ത തീർത്ഥാടനത്തിൽ ലോകസമാധാനത്തിനും, സഭാനവീകരണത്തിനും, ജൂബിലി ആഘോഷിക്കുന്ന കാഞ്ഞിരപ്പള്ളി രൂപതയ്ക്ക് വേണ്ടിയും പദയാത്രയിൽ ഉടനീളം ജപമാല ചൊല്ലി പ്രാർത്ഥിച്ചു. ഉച്ചഭക്ഷണം ചെമ്മലമറ്റം പാരിഷ് ഹാളിലും, വഴിമധ്യേ ചായയും, കുടിവെള്ളവും, മടക്ക യാത്രയ്ക്ക് ബസ് സൗകര്യവും ഏർപ്പെടുത്തിയിരുന്നു. പദയാത്രയ്ക്ക് മുൻ കോർഡിനേറ്റർ ടോണി മടുക്കക്കുഴി, സോണൽ സെക്രട്ടറി ജോസഫ് കടവിൽ, മറ്റ് സോണൽ സമിതി അംഗങ്ങൾ എന്നിവർ നേതൃത്വം നൽകി.

## സോണൽ സേവന സമിതി

ഒക്ടോബർ മൂന്നാം തീയതി പഴയ കൊരട്ടി ആവേ മരിയായിൽ ഡയറക്ടർ അച്ചന്റെ സാന്നിധ്യത്തിൽ സോണൽ സേവന സമിതി യോഗം നടന്നു. ഒക്ടോബർ 11-ാം തീയതി വെള്ളിയാഴ്ച ആവേ മരിയ നിത്യാരാധന ചാപ്പലിൽ നൈറ്റ് വിജിൽ നടത്തുന്നതിനും ഒക്ടോബർ പതിനേഴാം തീയതി പൊടിമറ്റം നിർമ്മല റിന്യൂവൽ സെന്ററിൽ വിവിധ മിനിസ്ട്രികളുടെ രൂപീകരണം നടത്തുന്നതിനും തീരുമാനിച്ചു. ആനിക്കാട്, പൊടിമറ്റം, പഴയ കൊരട്ടി, സി.എം.സി. ചാപ്പൽ കാഞ്ഞിരപ്പള്ളി എന്നിവിടങ്ങളിൽ ഒക്ടോബർ മാസം മുഴുവൻ നടക്കുന്ന അഖണ്ഡ ജപമാല ക്രമീകരിക്കുന്നതിന് തീരുമാനിച്ചു.

## ജൂബിലേവൂസ് - 2026 സഹസ്രദിന ചെയിൻ പ്രാർത്ഥന

ഒക്ടോബർ എട്ടാം തീയതി പാണപിലാവ് സെന്റ് ജോസഫ് പള്ളിയിൽ ഈ മാസത്തെ സഹസ്രദിന പ്രാർത്ഥന നടന്നു. ഡയറക്ടർ ഫാദർ കുര്യാക്കോസ് വടക്കേടത്ത് ആമുഖ സന്ദേശം നൽകി. സെൻട്രൽ മിനിസ്ട്രി അംഗം ശ്രീമതി സുനിത അശോക് നെയ്യാറ്റിൻകര ക്ലാസ് നയിച്ചു. ഇടവക വികാരി കിഴക്കേതകിടിയേൽ അച്ചൻ ദിവ്യകാരുണ്യ ആരാധനയ്ക്ക് നേതൃത്വം നൽകി. നൂറിൽപരം അംഗങ്ങൾ സഹസ്രദിന പ്രാർത്ഥനയിൽ പങ്കെടുത്തു.

## നൈറ്റ് വിജിൽ

ഒക്ടോബർ പതിനൊന്നാം തീയതി വെള്ളിയാഴ്ച ആവേ മരിയ ചാപ്പലിൽ നൈറ്റ് വിജിൽ നടന്നു. ജപമാല, നന്ദി, സ്തുതി, ആരാധന, വചനസന്ദേശം എന്നിവ വിവിധ സബ്സോണുകളുടെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ടു. വിശുദ്ധ കുർബാനയോട് കൂടി നൈറ്റ് വിജിൽ സമാപിച്ചു.

## മിനിസ്ട്രി രൂപീകരണം

ഒക്ടോബർ പതിനേഴാം തീയതി പൊടിമറ്റം നിർമ്മല റിന്യൂവൽ സെന്ററിൽ വിവിധ മിനിസ്ട്രികളുടെ രൂപീകരണം നടന്നു. രാവിലെ ഒമ്പതരയ്ക്ക് ജപമാലയോടുകൂടി കാഞ്ഞിരപ്പള്ളി കരിസ്മാറ്റിക്

സോണൽ ഉപദേശക സമിതി യോഗം ആരംഭിച്ചു. ജൂബിലിത്തിരി തെളിച്ച് ഡയറക്ടർ റവ. ഫാ. കുര്യാക്കോസ് വടക്കേടത്ത് സമ്മേളനം ഉദ്ഘാടനം ചെയ്തു. വിവിധ മിനിസ്ട്രികളുടെ പ്രാധാന്യത്തെയും പ്രസക്തിയേയും കുറിച്ച് സോണൽ കോർഡിനേറ്റർ കെ.സി എബ്രഹാം കുമ്പുക്കൽ ക്ലാസ് നയിച്ചു. തുടർന്ന് പ്രധാനമായും ഏഴ് മിനിസ്ട്രികളുടെ രൂപീകരണം നടന്നു. ഉച്ചയ്ക്കുശേഷം ആരാധനയും, കാഞ്ഞിരപ്പള്ളി സബ്സോൺ ആനിമേറ്റർ റവ. ഫാ. ജോസുകുട്ടി ഇടത്തിനകം വിശുദ്ധ കുർബാനയും അർപ്പിച്ച് സന്ദേശം നൽകി. സോണൽ സെക്രട്ടറി ജോസഫ് സ്കറിയ കടവിലിന്റെ നന്ദി പ്രകാശനത്തോടെ മൂന്നുമണിക്ക് സമ്മേളനം അവസാനിച്ചു. 90 ഉപദേശക സമിതി അംഗങ്ങൾ പങ്കെടുത്തു. ശുശ്രൂഷകൾക്ക് മുൻ കോർഡിനേറ്റർ ടോണി മടുക്കക്കുഴി, ജോസ് വട്ടക്കുന്നേൽ, റെജി ജോസഫ് എന്നിവർ നേതൃത്വം നൽകി.

**അഖണ്ഡ ജപമാല**

ഒക്ടോബർ ഒന്നാം തീയതി ആരംഭിച്ച അഖണ്ഡ ജപമാല രാവിലെ ഏഴര മുതൽ ഉച്ചയ്ക്ക് ഒരുമണിവരെ ഉള്ള സമയങ്ങളിൽ നടന്നു. പൊടിമറ്റം, ആനിക്കാട്, പഴയ കൊരട്ടി, സി.എം.സി ചാപ്പൽ കാഞ്ഞിരപ്പള്ളി എന്നിവിടങ്ങളിൽ നടന്ന അഖണ്ഡ ജപമാലയിൽ ഒരു ദിവസം നാല് സെന്ററുകളിലുമായി ദിവസവും 80 ജപമാല (4000 മണി) വീതം ഒക്ടോബർ മാസം മുഴുവനുമായി ചൊല്ലി കാഴ്ചവച്ചു.

**LSS (Life in the Spirit Seminar)**

ഒക്ടോബർ 14, 28 തീയതികളിൽ ലൈഫ് ഇൻ ദി സ്പിരിറ്റ് സെമിനാർ ഓൺലൈനിൽ നടത്തപ്പെട്ടു. LSS കോർഡിനേറ്റർ സാജു എബ്രഹാം, T.J ജോസഫ് തൂങ്കുഴി എന്നിവർ ക്ലാസ് നയിച്ചു. മുൻ കോർഡിനേറ്റർ ടോണി മടുക്കക്കുഴി നേതൃത്വം നൽകി.

**ബൈബിൾ ദൈവശാസ്ത്ര ഡിപ്ലോമ കോഴ്സ്**

ഒക്ടോബർ പത്തൊമ്പതാം തീയതി കാഞ്ഞിരപ്പള്ളി കരിസ്മാറ്റിക് സോൺ നേതൃത്വം നൽകുന്ന ബൈബിൾ ഡിപ്ലോമ കോഴ്സ് പാസ്റ്ററൽ സെന്ററിൽ നടന്നു. ബൈബിൾ അപ്പോസ്തോലറ്റിന്റെ

പുതിയ തായി നിയമിതനായ മനുരാജ് പുത്തൻവീട്ടിൽ അച്ചൻ ക്ലാസ് നയിച്ചു. സ്ഥലം മാറിപ്പോകുന്ന ഡോ. ആന്റണി ചെല്ലന്തറ അച്ചന് സമുചിത മായ യാത്രയയപ്പ് നൽകി.

**മധ്യസ്ഥ പ്രാർത്ഥന മിനിസ്ട്രി**

മാസത്തിലെ എല്ലാ ചൊവ്വാഴ്ചകളിലും കാഞ്ഞിരപ്പള്ളി കുന്നുംഭാഗം സെന്റ് ജോസഫ് ദേവാലയത്തിൽ രാവിലെ 10 മണി മുതൽ ഒരു മണി വരെയുള്ള സമയത്ത് സോണൽതല മധ്യസ്ഥ പ്രാർത്ഥന നടന്നുവരുന്നു. കൂടാതെ എല്ലാദിവസവും വാട്സ് ആപ്പ് ഗ്രൂപ്പ് വഴി KCSC നൽകുന്ന പ്രത്യേക നിയോഗ പ്രാർത്ഥനകൾ പങ്കുവയ്ക്കപ്പെടുന്നു.

**ആവേ മരിയ ശുശ്രൂഷ**

കാഞ്ഞിരപ്പള്ളി രൂപതയുടെ പഴയ കൊരട്ടി ആവേ മരിയ പ്രാർത്ഥനാലയത്തിൽ ഒക്ടോബർ മൂന്നാം തീയതി ആദ്യ വെള്ളിയാഴ്ചയും ഇരുപത്തിയഞ്ചാം തീയതി മൂന്നാം വെള്ളിയാഴ്ചയും ഫാദർ കുര്യാക്കോസ് വടക്കേടത്ത് ദിവ്യബലി അർപ്പിച്ച് വചന സന്ദേശം നൽകി. ഒക്ടോബർ മാസത്തെ ശുശ്രൂഷകൾക്ക് എരുമേലി സബ് സോൺ നേതൃത്വം നൽകി.

**അഖണ്ഡ ജപമാല**

മുണ്ടക്കയം സബ് സോണിന്റെ നേതൃത്വത്തിൽ ഒക്ടോബർ 26 ശനിയാഴ്ച മുണ്ടക്കയം സെന്റ് മേരീസ് ലത്തീൻ പള്ളിയിൽ രാവിലെ അഞ്ചു മുതൽ അഖണ്ഡ ജപമാല നടന്നു. ഉച്ചയ്ക്ക് 12 മണിക്ക് ദിവ്യബലിയോട് കൂടി ജപമാല സമാപിച്ചു. സബ്സോൺ ആനിമേറ്റർ ടോം അച്ചൻ നേതൃത്വം നൽകി.

**ഹൈറേഞ്ച് വാർത്തകൾ**

**ജപമാല മാസാചരണം**

ജപമാല മാസമായ ഒക്ടോബർ മാസത്തിൽ ആറു സബ്സോണുകളിൽ സബ്സോൺ സർവീസ് ടീമുകളുടെ നേതൃത്വത്തിൽ ജപമാലകൾ നടന്നു

അണക്കര സബ്സോണിൽ ഒക്ടോബർ 12 ന് ചേറ്റുകുഴി സെന്റ് മേരീസ് മലങ്കര കത്തോലിക്കപ്പള്ളിയിൽ നിന്നും ആരംഭിച്ച ജപമാല റാലി സബ്സോണിലെ 22 പള്ളികളിലൂടെ തീർത്ഥാടനം നടത്തി കമ്പംമെട്ട് സെന്റ് ജോസഫ് പള്ളിയിൽ സമാപിച്ചു

ഉപ്പുതറ സബ്സോണിൽ ഒക്ടോബർ 19 ന് പരപ്പ് ചാവറ ധ്യാനകേന്ദ്രത്തിൽ നിന്ന് ആരംഭിച്ച ജപമാല റാലി സബ്സോണിലെ 13 പള്ളികളിൽ ജപമാലയർപ്പിച്ച് മേരികുളം സെന്റ് ജോർജ് പള്ളിയിൽ സമാപിച്ചു.

കട്ടപ്പന സബ്സോണിൽ ഒക്ടോബർ 19 ന് വെള്ളയാങ്കുടി സെന്റ് ജോർജ് ഫൊറോന പള്ളിയിൽ നിന്നും ആരംഭിച്ച് കട്ടപ്പന-വള്ളക്കടവ്, കട്ടപ്പന, മലങ്കര, ഇരുപതേക്കർ, തുവരയാർ പള്ളികളിലൂടെ കാഞ്ചിയാർ സെന്റ് മേരീസ് പള്ളിയിലേക്ക് കാൽനടയായി ജപമാല പ്രദക്ഷിണം നടന്നു. നാനൂറോളം പേർ ഈ ജപമാല റാലിയിൽ അണിനിരന്നു

കുമളി സബ്സോണിൽ 26 ന് കുമളി സെന്റ്മേരീസ് മലങ്കര കത്തോലിക്കാ പള്ളിയിൽ നിന്ന് ആരംഭിച്ച് സബ്സോണിലെ 10 ദേവാലയങ്ങളിലൂടെ ജപമാലയർപ്പിച്ച് കുമളി ലൂർദ് പള്ളിയിൽ സമാപിച്ചു.

**കല്ലാർ സബ് സോണിൽ**

31-ാം തീയതി എഴുകുംവയൽ നിത്യസഹായ മാതാ പള്ളിയിൽ ആരംഭിച്ച് സബ്സോണിലെ 15 ഇടവകകളിലൂടെ സഞ്ചരിച്ച് കല്ലാർ ലൂർദ് ഗ്രോട്ടോയിൽ സമാപിച്ചു.

ഇരട്ടയാർ സബ്സോണിൽ 31 ന് രാവിലെ ശാന്തിഗ്രാം സെന്റ് ജോസഫ് പള്ളിയിൽ നിന്ന് ആരംഭിച്ച് സബ്സോണിലെ എല്ലാ ഇടവകകളിലൂടെയും സഞ്ചരിച്ച് ഇരട്ടയാർ സെന്റ്തോമസ് ഫൊറോന പള്ളിയിൽ സമാപിച്ചു. മോൺ. ജോസ് കരിവേലിക്കൽ സമാപന സന്ദേശം നൽകി.

**കുടുംബ സംഗമം**

കെ.സി.എസ്. സി. മാർഗ്ഗനിർദ്ദേശപ്രകാരമുള്ള കരിസ്മാറ്റിക് കുടുംബസംഗമങ്ങളിൽ കട്ടപ്പന സോണിലെ ആദ്യത്തെ കുടുംബ സംഗമം ഇരട്ടയാർ സബ് സോണിൽ ഒക്ടോബർ 12 ന് നടന്നു. ശാന്തി ഗ്രാം സെന്റ് ജോസഫ് പള്ളിയിൽ നടന്ന ഈ സംഗമം സബ്സോൺ ആനിമേറ്റർ ഫാ. ജോസഫ് വട്ടപ്പാറയിൽ ഉദ്ഘാടനം ചെയ്തു. ഇടുക്കി രൂപത വികാരി ജനറാൾ മോൺ. ജോസ് കരിവേലിക്കൽ മുഖ്യപ്രഭാഷണം നടത്തി. സബ് സോണിലെ വിവിധ ഇടവകകളിൽ നിന്നായി 300 ഓളം പേർ പങ്കെടുത്തു.

സോണിലെ രണ്ടാമത്തെ കുടുംബസംഗമം അണക്കര സബ്സോണിൽ നവംബർ 30 ന് നടക്കും.

**മിനിസ്ട്രി പുനഃസംഘടന**

കട്ടപ്പന സോണിലെ തുവാനീസ പാരീഷ്, മദ്ധ്യസ്ഥ പ്രാർത്ഥന മിനിസ്ട്രികൾ പുനഃസംഘടിപ്പിച്ചു. തുവാനീസ മിനിസ്ട്രിയുടെ കോഡിനേറ്ററായി സെലിൻ ജോയി ഓരത്തേൽ രാമക്കൽമേട് തിരഞ്ഞെടുക്കപ്പെട്ടു. പാരീഷ് മിനിസ്ടി കോഡിനേറ്ററായി ശ്രീ. PA തോമസ് പാണവിലാക്കൽ അണക്കരയും മദ്ധ്യസ്ഥ പ്രാർത്ഥനാ മിനിസ്ട്രിയെ നയിക്കാൻ ശ്രീ. ലിജു പൊട്ടൻകുളം ഉപ്പുതറയും നിയോഗിക്കപ്പെട്ടു.

**ജൂബിലേവൂസ് – 2026**

കരിസ്മാറ്റിക്ക് നവീകരണത്തിന്റെ ജൂബിലിയാഘോഷത്തിന്റെ സഹസ്രദിന പ്രാർത്ഥനാ ഒരുക്കം കട്ടപ്പന സോണിൽ എല്ലാ മാസവും 9-ാം തീയതി നടക്കും. ഒക്ടോബർ മാസത്തിലെ ശുശ്രൂഷ കട്ടപ്പന സബ് സോണിലെ തുവരയർ ഉണ്ണിമിശിഹാ പള്ളിയിൽ നടന്നു. സോണൽ സർവ്വീസ് ടീം നേതൃത്വം നൽകി. നവംബർ മാസത്തിലെ ശുശ്രൂഷകൾ പൊന്നാമല സെന്റ് മേരീസ് പള്ളിയിൽ നടക്കും.

**ശിഷ്യത്വ പരിശീലനം**

സോണൽ നേതൃത്വത്തിൽ ഉള്ളവർക്കായുള്ള ശിഷ്യത്വ പരിശീലനത്തിന്റെ പതിനാറാമത്തെ ക്ലാസ് ഒക്ടോബർ 25 വെള്ളിയാഴ്ച്ച വൈകിട്ട് 5:30 - മുതൽ 9.00 വരെ കട്ടപ്പന സെന്റ് സ്റ്റീഫൻസ് പള്ളിയിൽ നടന്നു. ശ്രീ. വി.വി. അഗസ്റ്റിൻ (ഇടുക്കി തങ്കച്ചായൻ) ക്ലാസ് നയിച്ചു.

അണക്കര സബ് സോണിൽ എല്ലാ രണ്ടാം ബുധനാഴ്ചയും നടക്കുന്ന ശിഷ്യത്വ പരിശീലനത്തിൽ ശ്രീ ജോർജ് കുമ്പിളുമൂട്ടിൽ ക്ലാസെടുക്കും.

സോണിലെ യുവജനങ്ങളുടേയും എൽഡേഴ്സിന്റെയും സംഗമം നവംബർ 9 ന് 2 മണി മുതൽ 5 മണി വരെ തുവരയാർ ഉണ്ണിമിശിഹാ പള്ളിയിൽ നടക്കും. സബ്സോൺ സർവ്വീസ് ടീമിലെ യൂത്ത് കോൺടാക്ട് പേർഴ്സണും രണ്ട് എൽഡേഴ്സും യുവജനങ്ങ ളോടൊപ്പം പങ്കെടുക്കേണ്ടതാണ്.

ഒക്ടോബർ 31 മുതൽ നവംബർ 3 വരെ പോണ്ടിച്ചേരിയിൽ നടക്കുന്ന Arise 24 അഖിലേന്ത്യ യുവജന സംഗമത്തിൽ സോണിൽ നിന്നും 4 പ്രതിനിധികൾ പങ്കെടുക്കും.

**അഖണ്ഡ ജപമാല**

നെടുങ്കണ്ടം സബ്സോൺ സേവന സമിതിയുടെ ആഭിമുഖ്യത്തിൽ പച്ചടി സെന്റ് ജോസഫ് ദേവാലയത്തിൽ ഒക്ടോബർ 31-ന് അഖണ്ഡ ജപമാല നടന്നു

**സബ് സോൺ സെമിനാറുകൾ**

അണക്കര സബ് സോണിൽ എല്ലാ മൂന്നാം വെള്ളിയാഴ്ച്ചയും 10 മുതൽ ഒരു മണി വരെ പുറ്റടിപ്പള്ളിയിൽ നടന്നു വരുന്നു. കുമളി സബ് സോണിൽ മൂന്നാം വെള്ളി വൈകിട്ട് 6 മുതൽ മുരിക്കടി ഏയ്ഞ്ചൽവാലി ധ്യാനകേന്ദ്രത്തിൽ നടന്നു വരുന്നു.

കല്ലാർ സബ് സോണിൽ എല്ലാ രണ്ടാം വെള്ളിയാഴ്ചയിലും

കല്ലാർ മേരിഗിരിപ്പള്ളിയിൽ വൈകിട്ട് 4 മണി മുതലും കട്ടപ്പന സബ്സോണിൽ എല്ലാ രണ്ടാം വ്യാഴാഴ്ച്ച രാവിലെ 10 മുതൽ ഇരുപതേക്കർ സെന്റ് ജോസഫ് പള്ളിയിലും ഇരട്ടയാർ സബ് സോൺ സെമിനാർ എല്ലാ രണ്ടാം ശനിയാഴ്ചയും രാവിലെ 10 മുതൽ 2 വരെ ഇരട്ടയാർ സെന്റ് തോമസ് പള്ളിയിലും നെടുങ്കണ്ടം സബ് സോൺ സെമിനാർ എല്ലാ നാലാം വെള്ളിയാഴ്ച്ചയും രാവിലെ 9:30 മുതൽ 2 വരെ ആകാശപ്പറവകളുടെ സ്നേഹാശ്രമത്തിലും നടക്കുന്നു

**സബ്സോൺ ഉപദേശക സമിതി**

അണക്കര സബ് സോൺ ഉപദേശക സമിതി യോഗം ഒക്ടോബർ 9 ന് വൈകിട്ട് 5 മുതൽ 9 വരെ കമ്പംമെട്ട് സെന്റ് ജോസഫ് പള്ളിയിൽ നടന്നു

**മദ്ധ്യസ്ഥ പ്രാർത്ഥന**

പാമ്പനാർ സബ്സോണിനു വേണ്ടിയുള്ള പ്രത്യേക മദ്ധ്യസ്ഥ പ്രാർത്ഥന ഒക്ടോബർ 2 ന് പാമ്പനാർ തിരുഹൃദയ ദൈവാലയത്തിൽ നടന്നു. സോൺ മദ്ധ്യസ്ഥ പ്രാർത്ഥന മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ എല്ലാ ആദ്യ ചൊവ്വാഴ്ച്ചയും രാവിലെ 10 മുതൽ 1 വരെ തുവരയാർ ഉണ്ണിമിശിഹാ പള്ളിയിൽ മദ്ധ്യസ്ഥ പ്രാർത്ഥന നടക്കും. അണക്കര സബ് സോണിൽ ആദ്യ വെള്ളിയാഴ്ച്ച 4 മുതൽ 6:30 വരെ ആമയാർ OCD ആശ്രമത്തിലും ഉപ്പുതറ സബ് സോണിൽ എല്ലാ വ്യാഴാഴ്ചയും പരപ്പ് ധ്യാന കേന്ദ്രത്തിലും കല്ലാർ സബ് സോണിൽ ആദ്യ ചൊവ്വാഴ്ചയും കുമളി സബ് സോണിൽ മൂന്നാം ഞായറാഴ്ച്ചയും കട്ടപ്പന സബ് സോണിൽ എല്ലാ ഞായറാഴ്ചയും ഇരട്ടയാർ സബ്സോണിൽ എല്ലാ നാലാം ചൊവ്വാഴ്ച്ചയും മദ്ധ്യസ്ഥ പ്രാർത്ഥന നടക്കുന്നു.

**വേളാങ്കണ്ണി തീർത്ഥാടനം**

നെടുങ്കണ്ടം സബ്സോണിന്റെ ആഭിമുഖ്യത്തിൽ വേളാങ്കണ്ണി തീർത്ഥാടനം ഒക്ടോബർ 16 ന് നടത്തപ്പെട്ടു. 22 പേർ പങ്കെടുത്തു

**ഫാ. കുര്യാക്കോസ് വടക്കേടത്ത്**
**ഡയറക്ടർ**



# മാർത്തോമാശ്ലീഹാ ദയാറ നല്ലതണ്ണി

- മാസം തോറും രണ്ടാം ശനിയാഴ്ചകളിൽ ദയറായിൽ വച്ച് അഭിവന്ദ്യ ജേക്കബ് മുരിക്കൻ പിതാവിന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്ന ഏകദിന ധ്യാനത്തിൽ 24 പേർ സംബന്ധിച്ചു.
- മാർത്തോമാ വിദ്യാനികേതനിലെ ഇരുപത്തിയാറു ദൈവ ശാസ്ത്രവിദ്യാർത്ഥികൾക്കായി അഭിവന്ദ്യ മുരിക്കൻ പിതാവ് ദയറായിൽ വച്ച് ഏകദിന ധ്യാനം നടത്തി.
- "Handmaids of Mary" എന്ന സന്യാസിനി സമൂഹത്തിലെ സിസ്റ്റേഴ്സിനായി 9 മുതൽ 15 വരെ തീയതികളിൽ ധ്യാനം നടത്തി.
- ഒക്ടോബർ 23-ാം തീയതി എസ്.എച്ച്. കോൺഗ്രിഗേഷനിലെ ചങ്ങനാശ്ശേരി പ്രൊവിൻഷ്യൽ ടീം അംഗങ്ങൾ ആശ്രമത്തിൽ ഏകദിന ധ്യാനം നടത്തി.
- Little sisters of St. Therese of Lisieux Congregation - ലെ ഒരു സിസ്റ്റർ, ദയറായിൽ ഒരു മാസം ഏകാന്തധ്യാനം നടത്തി.
- CMI - സന്യാസസമൂഹത്തിലെ വൈദികൻ ദയറായിൽ 4 ദിവസം ഏകാന്തധ്യാനം നടത്തി.
- ചങ്ങനാശ്ശേരി അതിരൂപതയുടെ നിയുക്ത മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ തോമസ് തറയിൽ പിതാവ് 26 - 27 തീയതികളിൽ ദയറായിൽ വച്ച് സ്ഥാനാരോഹണത്തിന് ഒരുക്കമായി ധ്യാനം നടത്തി.

**ഫാ. സേവ്യർ കൂടപ്പുഴ**

Ph : 04869-299207

# മരിയൻ റിട്രീറ്റ് സെന്റർ

**കൃപാഭിഷേകം ആദ്യശനി ബൈബിൾ കൺവെൻഷൻ**

ഒക്ടോബർ മാസം 5-ാം തീയതി രാവിലെ 9 മണി മുതൽ വൈകുന്നേരം 3 മണി വരെ ഡയറക്ടർ ബഹുമാനപ്പെട്ട ഡൊമിനിക് വാളന്മനാൽ അച്ചന്റെ നേതൃത്വത്തിൽ ആദ്യശനി ബൈബിൾ കൺവെൻഷൻ നടത്തി. റവ. ഫാദർ റോബിൻസ് മറ്റത്തിൽ, റവ. ഫാദർ അനൂപ് പൊയ്യാനിയിൽ, റവ. ഫാദർ ചാക്കോച്ചൻ കളപ്പുരയിൽ, ബ്രദർ ജോസ്സി, ബ്രദർ വിൻവി എന്നിവർ ശുശ്രൂഷകളിൽ സഹായിച്ചു.

**കൃപാനുഭവ റെസിഡൻഷ്യൽ റിട്രീറ്റ്**

ഒക്ടോബർ മാസം 6-ാം തീയതി ഞായറാഴ്ച മുതൽ 11-ാം തീയതി വെള്ളിയാഴ്ച വരെയും 27-ാം തീയതി ഞായറാഴ്ച മുതൽ നവംബർ മാസം 1-ാം തീയതി വെള്ളിയാഴ്ച വരെയും മരിയൻ ധ്യാനകേന്ദ്രത്തിൽ വച്ച് താമസിച്ചുള്ള ധ്യാനങ്ങൾ നടത്തി.

**നാഷണൽ & ഇന്റർനാഷണൽ കൃപാഭിഷേകം കൺവെൻഷൻസ്**

ഒക്ടോബർ 16-ാം തീയതി ബുധനാഴ്ച മുതൽ 20-ാം തീയതി ഞായർ വരെ തീയതികളിൽ കൃപാഭിഷേകം ബൈബിൾ കൺവെൻഷൻ, വെണ്ടൂർ (ആമ്പല്ലൂർ, തൃശ്ശൂർ) സെന്റ് മേരീസ് ദൈവാലയത്തിൽ വച്ച് നടത്തി.

22-ാം തീയതി ചൊവ്വാഴ്ച മുതൽ 26-ാം തീയതി ശനിയാഴ്ച വരെ ഇന്റർനാഷണൽ കൃപാഭിഷേകം ധ്യാനങ്ങളും കൺവെൻഷനുകളും നടത്തി.

**കൃപാനുഭവ ഏകദിന ഉപവാസ കൺവെൻഷൻ**

ഒക്ടോബർ 12, 19, 26 തീയതികളിൽ രാവിലെ 9 മണി മുതൽ വൈകുന്നേരം 3 മണി വരെ ഏകദിന കൺവെൻഷൻ മരിയൻ ധ്യാന കേന്ദ്രത്തിൽ വച്ച് നടത്തി. റവ. ഫാ. റോബിൻസ് മറ്റത്തിൽ, റവ. ഫാ. അനൂപ് പൊയ്യാനിയിൽ എന്നിവർ ശുശ്രൂഷകളിൽ സഹായിച്ചു.

**മദ്ധ്യസ്ഥ പ്രാർത്ഥനാ സഹായം**

ഞായർ ഒഴികെയുള്ള എല്ലാ ദിവസങ്ങളിലും രാവിലെ 9 മുതൽ വൈകുന്നേരം 5 വരെ മധ്യസ്ഥപ്രാർത്ഥനാ സഹായത്തിനായി ഫോണിലൂടെ സംസാരിക്കുന്നതിനു സൗകര്യം ക്രമീകരിച്ചിരിക്കുന്നു. വിളിക്കേണ്ട ഫോൺ നമ്പറുകൾ: 04868-253300, 9656141917

**Grace Anointing in Shalom World TV**

Shalom World International TV യുടെ ചാനലിലൂടെ ബഹുമാനപ്പെട്ട ഡൊമിനിക് വാളന്മനാൽ അച്ചൻ GRACE ANOINTING എന്ന ഇംഗ്ലീഷ് ശുശ്രൂഷ എല്ലാ വെള്ളിയാഴ്ചകളിലും ഉച്ചകഴിഞ്ഞ് 3.30 ന് (ET/AEDT/ GMT, ശനിയാഴ്ച രാവിലെ 2 am IST) നടത്തുന്നു.

**Resurrection**

Resurrection എന്ന ശുശ്രൂഷയിലൂടെ ബഹു. ഡൊമിനിക് വാളന്മനാൽ അച്ചൻ, FrDominic Valanmanal എന്ന യൂട്യൂബ് ചാനലിലൂടെ ദൈവവചനം പങ്കുവെക്കുന്നു.

**കൃപാഭിഷേകം ടെലിവിഷൻ ശുശ്രൂഷകൾ**

എല്ലാ ആഴ്ചയിലും ശാലോം ടിവിയിൽ പറുദീസ എന്ന പേരിൽ ഞായർ ഉച്ചയ്ക്ക് 1:30നും, തിങ്കൾ വൈകിട്ട് 5 മണിക്കും, വ്യാഴം രാവിലെ 6:30 നും, കൂടാതെ ഗുഡ്നെസ് ടിവിയിൽ വെള്ളിയാഴ്ച രാവിലെ 6:30നും, ചൊവ്വാഴ്ച രാവിലെ 6:30നും ടെലിവിഷൻ ശുശ്രൂഷകൾ നടത്തുന്നു.

**അണക്കര മരിയൻ ധ്യാനകേന്ദ്രത്തിൽ വരും മാസത്തിൽ നടക്കുന്ന ശുശ്രൂഷകൾ**

**കൃപാഭിഷേകം ആദ്യശനി ബൈബിൾ കൺവെൻഷൻ**

നവംബർ 2-ാം തീയതി രാവിലെ 9 മണി മുതൽ കൃപാഭിഷേക ആദ്യശനി ബൈബിൾ കൺവെൻഷൻ നടത്തപ്പെടുന്നു.

**വൈദികർക്കായുള്ള കൃപാനുഭവ റെസിഡൻഷ്യൽ റിട്രീറ്റ്**

നവംബർ 4-ാം തീയതി തിങ്കളാഴ്ച മുതൽ 9-ാം തീയതി ശനിയാഴ്ച വരെ ബഹുമാനപ്പെട്ട വൈദികർക്കും ഡീക്കൻമാർക്കും മാത്രമായി താമസിച്ചുള്ള ധ്യാനം നടത്തപ്പെടുന്നു.

**കൃപാനുഭവ റെസിഡൻഷ്യൽ റിട്രീറ്റ്**

നവംബർ മാസം 9-ാം തീയതി ശനിയാഴ്ച മുതൽ 14-ാം തീയതി വ്യാഴാഴ്ച വരെയും. ( Booking Date: ഒക്ടോബർ 22)

നവംബർ മാസം 30-ാം തീയതി ശനിയാഴ്ച മുതൽ ഡിസംബർ മാസം 5-ാം തീയതി വ്യാഴാഴ്ച വരെയും ( Booking Date: നവംബർ 12) താമസിച്ചുള്ള ധ്യാനങ്ങൾ നടത്തപ്പെടുന്നു.


ധ്യാനത്തിന്റെ ബുക്കിങ്ങുകൾക്കു 04868-253300 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

**നാഷണൽ ആൻഡ് ഇന്റർനാഷണൽ കൃപാഭിഷേകം കൺവെൻഷൻസ്**

നവംബർ മാസം 15-ാം തീയതി വെള്ളിയാഴ്ച മുതൽ 28-ാം തീയതി വ്യാഴാഴ്ച വരെ ഇന്റർനാഷണൽ കൃപാഭിഷേക ധ്യാനങ്ങളും കൺവൻഷനുകളും നടത്തപ്പെടുന്നു.

**ഫാ. ഡൊമിനിക് വാളന്മനാൽ**
**(ഡയറക്ടർ)**

**ഫാ. സ്കറിയ മറ്റത്തിൽ**
**(അസി. ഡയറക്ടർ)**



# സന്യസ്തർ

## കർമ്മലീത്താ സന്യാസിനി സമൂഹം (CMC)

- സെപ്റ്റംബർ 30 ന് കാഞ്ഞിരപ്പള്ളി രൂപത അധ്യക്ഷൻ മാർ ജോസ് പുളിക്കൽ പിതാവ് പ്രൊവിൻഷ്യൽ ഹൗസിൽ ദിവ്യ ബലി അർപ്പിച്ച് സന്ദേശം നൽകി.
- പ്രൊവിൻഷ്യൽ ഹൗസ് മഠത്തിന്റെ മധ്യസ്ഥയായ വിശുദ്ധ കൊച്ചുത്രേസ്യായുടെ തിരുനാൾ സമുചിതമായി ആഘോഷിച്ചു.
- രണ്ടാം തീയതി 13 മണി ആരാധന നടത്തി.
- 10–ാം തീയതി മെന്റൽ ഹെൽത്ത് ഡേ ആഘോഷം വള്ളക്കടവ് സ്നേഹസദനിൽ വച്ച് നടത്തി.
- വാല്യൂ ഇന്റഗ്രേഷൻ ക്ലാസ് ടീച്ചേഴ്സിനായി ഹൈറേഞ്ച് സോണിലും ഏയ്ഞ്ചൽവാലി., ഉമിക്കുപ്പ സ്കൂളിലും നടത്തി.
- 19 ന് സിസ്റ്റർ മെർളി റോസ്, സിസ്റ്റർ റിൻസി, സിസ്റ്റർ റോസിന. സിസ്റ്റർ ആൻസീന ഇവരുടെ വ്രതവാഗ്ദാന സുവർണ്ണ ജൂബിലി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വാണിയപുരയ്ക്കൽ പിതാവിന്റെ മുഖ്യകാർമികത്വത്തിൽ ബലിയർപ്പിച്ച് ആഘോഷിച്ചു.
- ഇരുപതാം തീയതി പാലാ താബോർ ധ്യാനകേന്ദ്രത്തിന്റെ ഡയറക്ടർ സിസ്റ്റർ കൊച്ചുത്രേസ്യ നാലു മുതൽ ഏഴ് വരെ ക്ലാസിലെ കുട്ടികൾക്കായി ഓൺലൈൻ ധ്യാനം നൽകി.

- ഇരുപത്തിയൊന്നാം തീയതി Mighty Minds & Family Child എന്ന വിഷയത്തെക്കുറിച്ച് സുസ്ഥിതി സ്വയസഹായം സംഘം ഗ്രൂപ്പിലെ കുടുംബിനികൾക്കായി ഇടുക്കി ചൈൽഡ് ലൈൻ കോർഡിനേറ്റർ എലിസബത്ത് മരിയ തോമസ് MSW ക്ലാസ് എടുത്തു.
- ഇരുപത്തിയേഴാം തീയതി ഞായറാഴ്ച ഹൈറേഞ്ചിലെ നാലു മുതൽ ഏഴ് വരെയുള്ള ക്ലാസിലെ കുട്ടികൾക്കായി സിസ്റ്റർ കൊച്ചുത്രേസ്യാ ധ്യാനം നടത്തി
- ഇരുപത്തിയെട്ടാം തീയതി തിങ്കളാഴ്ച പ്രോവിൻസിലെ മുഴുവൻ സിസ്റ്റേഴ്സിനായി വിശുദ്ധ കുർബാനയെകുറിച്ച് ഫാദർ ആൽബിൻ എം.സി.ബി.എസ് ഓൺലൈൻ ക്ലാസെടുത്തു.

## ക്ലാരിസ്റ്റ് സന്ന്യാസിനി സമൂഹം (FCC)

- കാഞ്ഞിരപ്പള്ളി ഫ്രാൻസിസ്ക്കൻ ഫാമിലി യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് വി. ഫ്രാൻസിസിന്റെ അനുസ്മരണം നടത്തി. ചോറ്റി നിർമ്മലാരാം മൈനർ സെമിനാരി സുപ്പീരിയർ റവ. ഫാ. ബൊനവെഞ്ചർ സന്ദേശം നൽകി. ഫ്രാൻസിസ്ക്കൻ മൂന്നാം സഭാംഗങ്ങൾ ഉൾപ്പെടെ 150 അംഗങ്ങൾ സന്നിഹിതരായിരുന്നു.
- വി. ഫ്രാൻസിസിന്റെ തിരുനാൾ സമുചിതമായി ആഘോഷിച്ചു. അഭിവന്ദ്യ മാർ മാത്യു അറയ്ക്കൽ പിതാവ് പ്രൊവിൻഷ്യൽ ഹൗസിൽ വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി.
- പൊടിമറ്റം സെന്റ് മേരീസ് പള്ളിയിൽ വച്ച് അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ നടന്ന വിശുദ്ധ കുർബാന മധ്യേ നോവിസസ് ജെസ്‌ലിൻ ജെയിംസ്, കിഴക്കേക്കൊഴുവനാൽ പെരിയാർ വെള്ളക്കടവ്, ലിന്റു സണ്ണി,

വടക്കേൽ പെരുവന്താനം, മിന്റമോൾ തോമസ് അരങ്ങത്ത് കട്ടപ്പന എന്നിവർ സഭാവസ്ത്രം സ്വീകരിച്ച് വ്രതവാഗ്ദാനം നടത്തി.

- പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് സുപ്പീരിയേഴ്സ് മീറ്റിംഗ് നടത്തി. അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവ് വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി.
- അസ്സീസി തുടർപരിശീലന കേന്ദ്രം ഡയറക്ടർ സി. ആനി മരിയയുടെ നേതൃത്വത്തിൽ ജൈത്ര ഫൗണ്ടേഷന്റെ സബ്സിഡിയോടുകൂടി 60 സൈക്കിളുകൾ വിതരണം ചെയ്തു

## ആരാധനാ സന്യാസിനി സമൂഹം (SABS)

- നോവിസസിന്റെ സ്വർഗ്ഗീയ മധ്യസ്ഥയായ വി. മാർഗരറ്റ് മേരി അലക്കോക്കിന്റെ തിരുനാൾ പൊടിമറ്റം, നാടുകാണി നോവിഷ്യേറ്റ് ഭവനങ്ങളിൽ നോവിഷ്യേറ്റ് ഡേ ആയി ആചരിച്ചു. ചടങ്ങിൽ ബഹു. പ്രൊവിൻഷ്യലമ്മയും സിസ്റ്റേഴ്സും പങ്കെടുത്തു.
- അഭിവന്ദ്യ മാർ മാത്യു അറയ്ക്കൽ പിതാവിന്റെ നാമഹേതുക ത്തിരുനാളിൽ സിസ്റ്റേഴ്സ് പിതാവിനെ സന്ദർശിച്ച് ആശംസകൾ അർപ്പിച്ചു.
- തക്കലയിൽ വച്ച് നടത്തപ്പെട്ട സോഷ്യൽവർക്ക് SAF Meeting ൽ സി. റ്റിൻസി വി., സി. ട്രീസ മരിയ പറപ്പള്ളി എന്നിവർ പങ്കെടുത്തു.
- ബാംഗ്ലൂരിൽ സംഘടിപ്പിക്കപ്പെട്ട നാഷണൽ യൂത്ത് മീറ്റിൽ സി. മേബിൾ പങ്കെടുത്തു.
- അഞ്ചലിപ്പ വിൻസെൻഷ്യൻ ആശ്രമത്തിൽ വച്ച് നടന്ന വി.

വിൻസെന്റ് ഡി പോളിന്റെ തിരുനാളാഘോഷത്തിൽ സി. റാണി കുന്നത്തുപുരയിടം, സി. മേഴ്സിറ്റ എന്നിവർ സംബന്ധിച്ചു.

- പ്രൊവിൻഷ്യൽ സിനാക്സിസിന് ഒരുക്കമായി ജനറലേറ്റ് തലത്തിൽ മൂവാറ്റുപുഴ NEST ൽ വച്ച് നടത്തപ്പെട്ട ധ്യാനത്തിൽ സിനാക്സിസ് അംഗങ്ങളെല്ലാവരും പങ്കെടുത്തു.
- പ്രൊവിൻഷ്യൽ ഹൗസിൽ 40 മണി ആരാധന നടത്തി.
- പുള്ളിക്കാനം ഇടവകയിൽ ഹോം മിഷൻ നടത്തി.
- MMT ഹോസ്പിറ്റലിന്റെ Advisory മീറ്റിംഗിൽ സി. റാണി കുന്നത്തുപുരയിടം സംബന്ധിച്ചു.

## സെന്റ് ജോൺ ഓഫ് ഗോഡ് സന്യാസിനി സമൂഹം (SCJG)

- ഒക്ടോബർ 17 ന് ചങ്ങനാശ്ശേരി അതിരൂപതാ തലത്തിൽ വൊക്കേഷൻ പ്രൊമോട്ടഴ്സിനായി നടത്തിയ ഓൺലൈൻ മീറ്റിങ്ങിൽ സിസ്റ്റേഴ്സ് പങ്കെടുത്തു.
- ഒക്ടോബർ 22 ന് കാഞ്ഞിരപ്പള്ളി സെന്റ് ഡോമിനിക്സ് സ്കൂളിൽ നടത്തിയ വെൽനെസ്സ് പ്രോഗ്രാമിൽ സി. ലീമ സെബാസ്റ്റ്യൻ പങ്കെടുത്തു.

## തിരുഹൃദയ സന്യാസിനി സമൂഹം (SH)

- സിനാക്സിസിന്റെ 1-ാം സമ്മേളനം പ്രൊവിൻഷ്യൽ ഹൗസിൽ നടത്തി.
- പ്രൊവിൻഷ്യൽ ടീം കട്ടപ്പന നോവിഷ്യേറ്റ് ഹൗസിൽ നടത്തിയ നോവിസസ് ഡേ ആഘോഷത്തിൽ പങ്കെടുത്തു.
- പ്രൊവിൻഷ്യൽ ഹൗസിൽ സുപ്പീരിയേഴ്സ് മീറ്റ് നടത്തി.

- ലോകസമാധാനദിനത്തോടനുബന്ധിച്ച് കുട്ടികൾക്കായി ചിത്ര രചനാമത്സരങ്ങൾ സംഘടിപ്പിക്കുകയും മിഷൻ പ്രദേശങ്ങളിൽ ജോലി ചെയ്യുന്ന വൈദീകരുടെയും സന്യസ്തരുടെയും ഭവന ങ്ങൾ സന്ദർശിക്കുകയും മാതാപിതാക്കളെ ആദരിക്കുകയും ചെയ്തു.
- പെരുന്തേനരുവി, ചെങ്കൽ, ആനക്കല്ല് എന്നിവിടങ്ങളിൽ വിവിധ സോണുകളുടെ മീറ്റിംഗ് നടത്തി.
- എല്ലാ ഞായറാഴ്ചയും പൊടിമറ്റത്തുവച്ച് മോചന ആൽക്കഹോ ളിക് അനോണിമസ് കൂട്ടായ്മ നടത്തിവരുന്നു.
- ലോകവയോജന ദിനത്തിന്റെ ഭാഗമായി കേന്ദ്ര സാമൂഹിക നീതി വകുപ്പും ബാംഗ്ലൂർ നൈറ്റിംഗേൽ മെഡിക്കൽ ട്രസ്റ്റുമായി സഹ കരിച്ച് വിമൽജ്യോതി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ കട്ടപ്പന സെന്റ് ജോർജ് എച്ച്.എസ്.എസ്., കാഞ്ഞിരപ്പള്ളി സെന്റ് മേരീസ് ഗേൾസ് എച്ച്.എസ്.എസ്. എന്നി വിടങ്ങളിൽ ബോധവത്കരണ ക്ലാസ് നടത്തി.
- സി. ലിസ്ബത്ത്, സി. ടെസ്സിൻ, സി. സിൽവി എന്നിവരുടെ നേതൃ ത്വത്തിൽ ലോകവയോജന ദിനത്തോടനുബന്ധിച്ച് ചിത്രരചന, കവിതാരചന, ഉപന്യാസ മത്സരങ്ങൾ 2024 വയോജന ദിന തീം അടിസ്ഥാനമാക്കി നടത്തി വിജയികൾക്ക് സമ്മാനങ്ങൾ നല്കി.
- ലോകവയോജന ദിനത്തോടനുബന്ധിച്ച് പ്രതീക്ഷാഭവൻ കട്ട പ്പന, തിരുഹൃദയഭവൻ ഇളങ്ങുളം എന്നിവിടങ്ങളിൽ സീനിയർ സിറ്റിസൺസ് കൾച്ചറൽ പ്രോഗ്രാം സംഘടിപ്പിച്ച് സമ്മാനങ്ങൾ നല്കി.
- പഴയിടം SHG ഗ്രൂപ്പ് അംഗങ്ങൾക്കായി സോപ്പ് നിർമ്മാണ യൂണിറ്റ് ആരംഭിച്ചു.

- ലോക ക്യാൻസർ രഹിത ദിനത്തിൽ മാതാക്കൾക്കായി ജീവിത ശൈലിയും ആരോഗ്യജീവിതവും എന്ന വിഷയത്തിൽ ഉപന്യാസ മത്സരം നടത്തി.
- കമ്പ്യൂട്ടർ സയൻസിൽ ഡോക്ടറേറ്റ് നേടിയ സി. എൽസിൻ ചക്കാലക്കലിന്റെ പി.എച്ച്.ഡി. അവാർഡ് ദാന ചടങ്ങ് കോയമ്പത്തൂർ ഭാരതിയാർ സർവ്വകലാശാലയിൽ നടന്നു. അവാർഡ് ദാന മീറ്റിംഗിൽ സി. ലിസബത്ത് ചിരട്ടയോലിൽ പങ്കെടുത്തു.
- സെന്റ് ജോസഫ് ലാറ്റിൻ ചർച്ച് പൊടിമറ്റത്ത് സി. അൻസായും, ആവേ മരിയ റിട്രീറ്റ് സെന്റർ കൊരട്ടി സി. റാണി മരിയായും വചനപ്രഘോഷണം നടത്തി.
- സി. അന്നാ മരിയായുടെ നേതൃത്വത്തിൽ മുണ്ടക്കയം ലാറ്റിൻ ചർച്ചിലെ യുവജനങ്ങൾക്കും, മണ്ണക്കനാട് സ്പെഷ്യൽ സ്കൂൾ ടീച്ചേഴ്സിനും, സ്റ്റാഫിനും, ട്രെയിനിംഗ് പ്രോഗ്രാമും, ചെങ്കൽ ലാറ്റിൻ ചർച്ചിൽ വൈദികർക്കും സമർപ്പിതർക്കും ക്ലാസും എടുത്തു.
- കൊച്ചുതോവാള സെന്റ് ജോസഫ് യു.പി. സ്കൂളിലെ കുട്ടികൾക്കായി സി. സേറാ, സി. എവ്‌ലിൻ, സി. ഹെയ്സൽ എന്നിവർ സെമിനാർ നടത്തി.
- കണയങ്കവയൽ സെന്റ് മേരീസ് ഇടവകയിലെ സൺഡേസ്കൂൾ കുട്ടികൾക്ക് സി. ആഗ്നൽ, സി. റ്റാനിയ, സി. റിയ, സി. ജുവാൻ എന്നിവർ ക്ലാസ്സെടുത്തു.

# കെ.സി.എസ്.എൽ.

**KCSL രൂപത കലോത്സവം**

KCSL രൂപത കലോത്സവം നവംബർ 30-ാം തീയതി ശനിയാഴ്ച കുട്ടിക്കാനം മരിയൻ കോളേജിൽ വച്ച് നടത്തപ്പെടുന്നു.

**ഫാ. ജോർജ് അനന്തക്കാട്ട്**
**ഡയറക്ടർ**

# കത്തോലിക്കാ കോൺഗ്രസ്

**ജാഗ്രതാദിനം ആചരിച്ചു**

പുതിയ ഇ.എസ്.എ. വിജ്ഞാപനത്തിലുള്ള ജനവാസമേഖലകളും കൃഷിഫലങ്ങളും ഉൾപ്പെടുന്ന വില്ലേജുകളെ പൂർണ്ണമായും ഒഴിവാക്കാൻ സർക്കാരുകൾ സത്വരനടപടി സ്വീകരിക്കുക, മുല്ലപ്പെരിയാർ ഡാം ഡീകമ്മീഷൻ ചെയ്ത് ജനങ്ങളുടെ സുരക്ഷ ഉറപ്പാക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ച് കത്തോലിക്കാ കോൺഗ്രസിന്റെ നേതൃത്വത്തിൽ സെപ്റ്റംബർ 8 ന് ജാഗ്രതാ ദിനമായി ആചരിച്ചു. ഈ വിഷയങ്ങൾ ഉൾപ്പെടുത്തി വിവിധ യൂണിറ്റുകളിൽ പ്രതിഷേധ യോഗങ്ങൾ സംഘടിപ്പിച്ചു.

**രൂപത സമിതിയോഗം**

കത്തോലിക്കാ കോൺഗ്രസ് കാഞ്ഞിരപ്പള്ളി രൂപത സമിതിയോഗം സെപ്റ്റംബർ 21 ശനിയാഴ്ച രൂപതാ ഓഫീസിൽ പ്രസിഡന്റ് ബേബി കണ്ടത്തിലിന്റെ അദ്ധ്യക്ഷതയിൽ രൂപത ഡയറക്ടർ ഫാ. മാത്യു പാലക്കുടി ഉദ്ഘാടനം ചെയ്തു. സംസ്ഥാനത്ത് കസ്തൂരിരംഗൻ മുതൽ ഉമ്മൻ വി ഉമ്മൻ കമ്മറ്റിവരെ വിവിധ ഏജൻസികളുടേതായി വന്നിട്ടുള്ള ഇ.എസ്.എ.യിൽ വിസ്തീർണ്ണം തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നതിനാൽ ഇക്കാര്യത്തിൽ സുതാര്യതയും കൃത്യതയും വരുത്തണമെന്നും യഥാർത്ഥ വസ്തുതകൾ മറച്ചുവച്ച് കൃഷിഭൂമി ഇ.എസ്.എ. ആക്കി മാറ്റാനുള്ള സർക്കാരിന്റെ വഞ്ചനാപരമായ നീക്കം അവസാനിപ്പിക്കണമെന്നും യോഗം ആവശ്യപ്പെട്ടു.

ഗ്ലോബൽ വൈസ് പ്രസിഡന്റ് ജോമി കൊച്ചുപറമ്പിൽ ഗ്ലോബൽ സമിതിയോഗം ടെസി ബിജു പാഴിയാങ്കൽ, രൂപത ജനറൽ

സെക്രട്ടറി ജോസഫ് പണ്ടാരക്കളം, ട്രഷറർ ജോജോ തെക്കുംചേരിക്കുന്നേൽ, ഭാരവാഹികളായ സണ്ണിക്കുട്ടി അഴകമ്പ്രായിൽ, ഫിലിപ്പ് പള്ളിവാതുക്കൽ, ഡെയ്സി ജോർജുകുട്ടി ചീരംകുന്നേൽ, സിനി ജിബു നീറനാക്കുന്നേൽ, മാത്യു മാമ്പഴക്കുന്നേൽ, ജാൻസി മാത്യു തുണ്ടത്തിൽ, അനിത ജസ്റ്റിൻ താഴത്തുപറമ്പിൽ എന്നിവർ പ്രസംഗിച്ചു.

**മെഡിക്കൽ ക്യാമ്പ് നടത്തി**

കത്തോലിക്കാ കോൺഗ്രസ് കത്തീഡ്രൽ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ കാരിത്താസ് ആശുപത്രിയുടെ സഹകരണത്തോടെ കാഞ്ഞിരപ്പള്ളി കത്തീഡ്രൽ മഹാജൂബിലി ഹാളിൽ സെപ്റ്റംബർ 29 ഞായറാഴ്ച സൗജന്യ മൾട്ടി സ്പെഷ്യാലിറ്റി മെഡിക്കൽ ക്യാമ്പ് നടത്തി. യൂണിറ്റ് പ്രസിഡന്റ് കെ.കെ. മൈക്കിളിന്റെ അദ്ധ്യക്ഷതയിൽ ആർച്ച് പ്രീസ്റ്റ് ഫാ. വർഗ്ഗീസ് പരിന്തിരിക്കൽ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. വിവിധ വിഭാഗങ്ങളിലെ വിദഗ്ദ്ധ ഡോക്ടർമാരുടെ സേവനം ലഭ്യമായ ക്യാമ്പിൽ മുന്നൂറോളം പേർ പങ്കെടുത്തു.

**കപ്പ ബിരിയാണി ചലഞ്ച്**

കത്തോലിക്കാ കോൺഗ്രസ് പൊടിമറ്റം യൂണിറ്റിന്റെ നേതൃത്വത്തിൽ എട്ടുനോമ്പ് സമാപനത്തോടനുബന്ധിച്ച് സെപ്റ്റംബർ 8 ന് കപ്പബിരിയാണി ചലഞ്ച് നടത്തി. പ്രസിഡന്റ് സെബാസ്റ്റ്യൻ കൊല്ലക്കൊമ്പിൽ, സെക്രട്ടറി രാജു മാത്യു വെട്ടിക്കൽ, ട്രഷറർ സാജു തോമസ് പടന്നമാക്കൽ തുടങ്ങിയവർ നേതൃത്വം നൽകി.

**ഗാന്ധിജയന്തി ദിനാചരണം**

കത്തോലിക്കാ കോൺഗ്രസ് ഇളങ്ങോയി യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ഒക്ടോബർ 2 ന് ഗാന്ധിജയന്തി ദിനത്തിൽ ദൈവാലയ പരിസരവും സെമിത്തേരിയും കാടുതെളിച്ച് വൃത്തിയാക്കി. വികാരി ഫാ. സോണി മണക്കാട്ട് പ്രോഗ്രാം ഉദ്ഘാടനം ചെയ്തു.

ടിന്റു തോമസ് വിറകൊടിയനാൽ, ജയ്മോൻ കുര്യാക്കോസ്

കുരിശുംമൂട്ടിൽ, ജോമി എബ്രഹാം കുമ്പിളാനിക്കൽ, ബിജു തോമസ് ആലപ്പുരയ്ക്കൽ, ജോസഫ് ലൂക്കോസ് വിമലഭവൻ തുടങ്ങിയവർ നേതൃത്വം നൽകി.

**ഭാരവാഹികളെ തിരഞ്ഞെടുത്തു**

കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ കൾച്ചറൽ ഫോറം കോ-ഓർഡിനേറ്ററായി ജോമി കൊച്ചുപറമ്പിൽ (കാഞ്ഞിരപ്പള്ളി) തിരഞ്ഞെടുക്കപ്പെട്ടു.

വിവിധ ഗ്ലോബൽ ഫോറങ്ങളുടെ കാഞ്ഞിരപ്പള്ളി രൂപതയിൽ നിന്നുള്ള പ്രതിനിധികളായി ബിജു തോമസ് ആലപ്പുരയ്ക്കൽ, തോമസ് ചെമ്മരപ്പള്ളി (മീഡിയ ഫോറം), സച്ചിൻ ജെ. വെട്ടിയാങ്കൽ, ജോസ് മാത്യു കല്ലൂരാത്ത് (മൈനോരിറ്റി അഫയേഴ്സ് ആൻഡ് ഹെൽപ്പ് ഡസ്ക്), ജിൻസ് ജെയിംസ് പള്ളിക്കമ്യാലിൽ (ബിസിനസ് ഫോറം), സണ്ണിക്കുട്ടി അഴകമ്പ്രായിൽ (ഫാർമേഴ്സ് ഫോറം), സിനി ജിബു നീറനാക്കുന്നേൽ (വിമൻസ് കൗൺസിൽ), സബിൻ ജോൺ അഴകമ്പ്രയിൽ (യൂത്ത് കൗൺസിൽ) എന്നിവരെ തിരഞ്ഞെടുത്തു.

**ഗ്ലോബൽ സമിതിയോഗം**

കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ ഭാരവാഹികൾ, രൂപത പ്രസിഡന്റുമാർ, ജനറൽ സെക്രട്ടറിമാർ, വർക്കിംഗ് കമ്മിറ്റിയംഗങ്ങൾ, വിവിധ ഫോറങ്ങളുടെ ഗ്ലോബൽ കോ-ഓർഡിനേറ്റർമാർ തുടങ്ങിയവരുടെ സംയുക്തയോഗം 12-10-2024 ശനിയാഴ്ച പാലാരിവട്ടം പി.ഒ.സി.യിൽ നടത്തി. കാഞ്ഞിരപ്പള്ളി രൂപതയിൽനിന്നും ഗ്ലോബൽ വൈസ് പ്രസിഡന്റ് ജോമി കൊച്ചുപറമ്പിൽ, രൂപത പ്രസിഡന്റ് ബേബി കണ്ടത്തിൽ, ജനറൽ സെക്രട്ടറി ജോസഫ് പണ്ടാരക്കളം, സബിൻ ജോൺ അഴകമ്പ്രായിൽ (യൂത്ത് കൗൺസിൽ), തോമസ് ചെമ്മരപ്പള്ളി (മീഡിയ ഫോറം), സച്ചിൻ ജെ. വെട്ടിയാങ്കൽ, ജോസ് മാത്യു കല്ലൂരാത്ത് (ഹെൽപ്പ് ഡസ്ക്) എന്നിവർ പങ്കെടുത്തു.

## യൂണിറ്റ് സന്ദർശനം നടത്തി

കത്തോലിക്കാ കോൺഗ്രസ് യൂണിറ്റ് ശാക്തീകരണ പരിപാടിയുടെ ഭാഗമായി എലിക്കുളം ഇൻഫന്റ് ജീസസ് ഇടവകയിൽ രൂപത ഭാരവാഹികൾ സന്ദർശനം നടത്തി. 20-10-2024 ഞായറാഴ്ച എലിക്കുളം പാരീഷ് ഹാളിൽ വികാരി ഫാ. ജെയിംസ് തെക്കുംചേരിക്കുന്നേലിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം രൂപത ഡയറക്ടർ ഫാ. മാത്യു പാലക്കുടി ഉദ്ഘാടനം ചെയ്തു. യൂണിറ്റ് അംഗങ്ങളുമായി വിവിധ വിഷയങ്ങൾ ചർച്ച ചെയ്തു. കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ വൈസ് പ്രസിഡന്റ് ജോമി കൊച്ചുപറമ്പിൽ, രൂപത ജനറൽ സെക്രട്ടറി ജോസഫ് പണ്ടാരക്കളം, ട്രഷറർ ജോജോ തെക്കംചേരിക്കുന്നേൽ, രൂപത സമിതിയംഗം മാത്യു മാമ്പഴക്കുന്നേൽ, യൂണിറ്റ് ഭാരവാഹികളായ ജോയിച്ചൻ കൊച്ചീറ്റത്തോട്ട്, ജിമ്മിച്ചൻ മണ്ഡപത്തിൽ, മജോ മാത്യു പുളിമൂട്ടിൽ, ശോഭ ജോർജ് പുളിമൂട്ടിൽ എന്നിവർ പ്രസംഗിച്ചു.

**ഫാ. മാത്യു പാലക്കുടി**
**ഡയറക്ടർ**

# തേനി മിഷൻ വാർത്തകൾ

**തേനി മിഷൻ - ജംഗാൽപട്ടി**

- ഭവന സന്ദർശനം പതിവ് പോലെ നടത്തി.
- ഭക്ഷണം ഇല്ലാതെ ബുദ്ധിമുട്ടുന്ന 2 കുടുംബത്തിന് ഭക്ഷണം ക്രമീകരിച്ച് നൽകി.
- ഇടുക്കി രൂപതയിലെ വെള്ളയാംകുടി മേഖലയിൽ നിന്ന് മിഷൻലീഗ് ഡയറക്ടർ അച്ചൻ, സിസ്റ്റേഴ്സ് എന്നിവരോടൊപ്പം Mission Sunday യോട് അനുബന്ധിച്ച് മിഷൻലീഗ് കുട്ടികൾ തേനി മിഷൻ സന്ദർശിക്കുകയും തുടർന്ന് അളകാപുരി ഊരിൽ സന്ദർശനം നടത്തുകയും അവിടെ ഗ്രാമത്തിൽ കുറേ സമയം ചിലവഴിക്കുകയും മധുര പലഹാരങ്ങൾ വിതരണം ചെയ്യുകയും അവർക്കു വേണ്ടി പ്രത്യേകം പ്രാർത്ഥിക്കുകയും ചെയ്തു.
- വെള്ളയാംകുടി മേഖല മിഷൻലീഗ് നൽകിയ ധനസഹായം ഉപയോഗിച്ച് ഒരു കുടുംബത്തിന് താമസയോഗ്യമല്ലാത്ത വീട് പുനരുദ്ധരിച്ച് നൽകാൻ തീരുമാനിച്ചു.
- വിരുദുനഗർ നടന്ന തക്കല Extended mission സംഗമത്തിൽ പങ്കെടുത്തു.
- ഒക്ടോബർ 24 ന് കാഞ്ഞിരപ്പള്ളി രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവ് തേനി മിഷൻ സന്ദർശിച്ച് അവിടുത്തെ ആളുകളുമായി സംവദിച്ചു.

**കമ്പം മിഷൻ**

- ഒക്ടോബർ 13 ന് കമ്പം S H സെന്ററിൽ ജപമാല പ്രാർത്ഥന നടത്തി.
- ഒക്ടോബർ 14 ന് കമ്പം മിഷനിൽ ഉള്ള പാവപ്പെട്ടവർക്കായി കൽത്തൊട്ടി ഇടവക വസ്ത്രങ്ങൾ ശേഖരിച്ച് കൊണ്ട്വന്നു നൽകി.
- ഒക്ടോബർ 16 ന് കമ്പം മിഷനിൽ നിർമിച്ച വിൽപനക്കുള്ള സാധനങ്ങൾ ആനക്കല്ല് St. Antony's സ്കൂളിൽ നടന്ന എക്സിബിഷനോടു ചേർത്ത് വിൽക്കാൻ അവസരം നൽകിയത് അനുസരിച്ച് അവിടെ വിൽപനക്ക് വച്ചു. പ്രിൻസിപ്പലിന്റെ നിർദ്ദേശം അനുസരിച്ച് ടീച്ചേഴ്സ്, കുട്ടികൾ; എല്ലാവരും സഹകരിച്ചു.
- ഒക്ടോബർ 17 ന് തക്കല രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ ജോർജ് രാജേന്ദ്രൻ പിതാവ് കമ്പം മിഷൻ സന്ദർശിച്ചു.
- ഒക്ടോബർ 24 ന് കാഞ്ഞിരപ്പള്ളി രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവ് കമ്പം മിഷൻ സന്ദർശിച്ച് അവിടുത്തെ ആളുകളുമായി സംവദിച്ചു.
- ഒക്ടോബർ മാസം വീടുകളിൽ ജപമാല പ്രാർത്ഥന നടത്തി വരുന്നു.
- ഒക്ടോബർ 20 ന് മിഷൻ ഞായറിന്റെ ഭാഗമായി, കൽത്തൊട്ടി ഇടവകയിൽ നിന്നും നൽകിയ വസ്ത്രങ്ങൾ കമ്പം മേഖലയിൽ ഉള്ള പാവപ്പെട്ട ആളുകൾക്ക് വിതരണം ചെയ്തു.

**ഫാ. തോമസ് കാഞ്ഞിരക്കാട്ട്**
**(ഡയറക്ടർ)**

**ഫാ. ഷാൻ ആയല്ലൂർ**
**(അസി. ഡയറക്ടർ)**

# മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ

**രക്തദാന ക്യാമ്പ്**

മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിന്റെയും കേരള ബ്ലഡ് ട്രാൻസ്ഫ്യൂഷൻ കൗൺസിലിന്റെയും നേതൃത്വത്തിൽ പെരുവന്താനം സെന്റ് ജോസഫ് എച്ച്.എസ്.എസ്. സ്കൂൾ നാഷണൽ സർവീസ് സ്കീമിന്റെ ആഭിമുഖ്യത്തിൽ രക്തദാന ക്യാമ്പ് സംഘടിപ്പിച്ചു.

രക്തദാനത്തിന്റെ ജീവരക്ഷാ പ്രാധാന്യം മുന്നോട്ടുവച്ച ഈ ക്യാമ്പ് സമൂഹത്തിൽ കൂടുതൽ ആളുകളെ രക്തദാനത്തിലൂടെ സാമൂഹിക സേവനത്തിൽ പങ്കാളികളാക്കാൻ പ്രേരിപ്പിക്കുന്നതാണ്. രക്തദാനത്തിന്റെ പ്രാധാന്യം ബോധ്യപ്പെടുത്തുകയും അതുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ കുട്ടികൾക്കും രക്ഷിതാക്കൾക്കും കൂടുതൽ അറിവ് നൽകുന്നതിനും ആയി സംഘടിപ്പിച്ച ഈ പരിപാടിയിൽ, മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ ജനറൽ മെഡിസിൻ വിഭാഗം ഡോക്ടർ മീര എലിസബത്ത് ക്ലാസുകൾക്കും രക്തദാന ക്യാമ്പിനും നേതൃത്വം നൽകി.

**മെഡിക്കൽ ക്യാമ്പ്- പാമ്പനാർ**

കേരള വ്യാപാര വ്യവസായി ഏകോപന സമിതി പാമ്പനാർ യൂണിറ്റിന്റെയും എം.എം.ടി. ഹോസ്പിറ്റലിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ 2024 ഒക്ടോബർ 6 ഞായറാഴ്ച രാവിലെ ഒമ്പതര മുതൽ ഒന്നര വരെ പാമ്പനാർ വ്യാപാര ഭവനിൽ സൗജന്യ സ്ത്രീ രോഗ മെഡിക്കൽ ക്യാമ്പ് നടത്തപ്പെട്ടു. കേരള വ്യാപാര വ്യവസായി

ഏകോപന സമിതി പാമ്പനാർ യൂണിറ്റ് പ്രസിഡന്റ് ശ്രീ T J മാത്യു ഉദ്ഘാടനം ചെയ്തു. എം.എം.ടി ഹോസ്പിറ്റലിലെ ഗൈനക്കോളജി കൺസൾട്ടന്റ് ഡോക്ടർ റോണിമോൾ കെ തോമസ് MBBS MS DNB DMAS ക്യാമ്പിന് നേതൃത്വം നൽകി. ക്യാമ്പിൽ കൺസൾട്ടേഷനും മരുന്നുകളും സൗജന്യമായി നൽകി.

**മെഡിക്കൽ ക്യാമ്പ് - കണ്ണംപള്ളി**

എം.എം.ടി ആശുപത്രിയുടെയും SMYM റാന്നി പത്തനംതിട്ട ഫൊറോന, സ്മൈൽ, കണ്ണംപള്ളി പിതൃവേദി, മാതൃവേദിയുടെയും സംയുക്ത ആഭിമുഖ്യത്തിൽ 2024 ഒക്ടോബർ 20 ഞായറാഴ്ച രാവിലെ 8:30 മുതൽ 12:30 വരെ സെന്റ് മേരീസ് ചർച്ച് കണ്ണംപള്ളി പാരിഷ് ഹാളിൽ സൗജന്യ ജനറൽ സർജറി, ഗൈനക്കോളജി ക്യാമ്പ് നടത്തപ്പെട്ടു.

മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിന്റെ ഈ വർഷത്തെ 34-ാമത് സൗജന്യ മെഡിക്കൽ ക്യാമ്പാണ് നടത്തപ്പെട്ടത്. മെഡിക്കൽ ക്യാമ്പ് കണ്ണംപള്ളി ഇടവക വികാരി ഫാ. ജിൻസ് കിഴക്കേയിൽ ഉദ്ഘാടനം ചെയ്തു. എം.എം.ടി ഹോസ്പിറ്റൽ ഗൈനക്കോളജി കൺസൾട്ടന്റ് ഡോ. റോണിമോൾ കെ.തോമസ് MBBS, MS, DNB, DMAS, കൺസൾട്ടന്റ് ജനറൽ സർജൻ ഡോ. കിംഗ്സ്ലി അയ്യൻകുട്ടി MBBS, MS, FMAS, FELLOWSHIP എന്നിവർ ക്യാമ്പിന് നേതൃത്വം നൽകി.

**സൗജന്യ മെഡിക്കൽ ക്യാമ്പ് - ഇളങ്ങുളം**

മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ആശുപത്രിയുടെയും ഇളങ്ങുളം സെന്റ് മേരീസ് പള്ളി മാതൃവേദിയുടെയും സംയുക്ത ആഭിമുഖ്യത്തിൽ 2024 ഒക്ടോബർ 27 ഞായറാഴ്ച രാവിലെ 8:00 മുതൽ 12:30 വരെ ഇളങ്ങുളം പാരിഷ് ഹാളിൽ സൗജന്യ സ്ത്രീരോഗ, അസ്ഥിരോഗ മെഡിക്കൽ ക്യാമ്പ് നടത്തപ്പെട്ടു.

മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിന്റെ ഈ വർഷത്തെ 35-ാമത് സൗജന്യ മെഡിക്കൽ ക്യാമ്പാണ് നടത്തപ്പെട്ടത്. മെഡിക്കൽ ക്യാമ്പ് ഇടവക വികാരി റവ. ഫാ. ഡാർവിൻ ജയിംസ് വാലുമണ്ണേൽ ഉദ്ഘാടനം ചെയ്തു. എം.എം.ടി ഹോസ്പിറ്റൽ ഗൈനക്കോളജി കൺസൾട്ടന്റ് ഡോ. ദിവ്യ. ബി. MBBS, MS, DNB, ഓർത്തോപീഡിക് സർജൻ ഡോ. അരുൾ സേവ്യർ MBBS, MS (Ortho) എന്നിവർ ക്യാമ്പിന് നേതൃത്വം നൽകി.

**നാഷണൽ ഡയാലിസിസ് ടെക്നീഷ്യൻ Recognition Week ആചരിച്ചു.**

മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ആശുപത്രിയിൽ നാഷണൽ ഡയാലിസിസ് ടെക്നീഷ്യൻ Recognition വാരം സമുചിതമായി ആഘോഷിച്ചു. ഡയാലിസിസ് ടെക്നീഷ്യന്മാരുടെ സമർപ്പിത സേവനവും, രോഗികൾക്ക് അവർ നൽകുന്ന സഹാനുഭൂതിയുടെയും കരുതലിന്റെയും പ്രാധാന്യവും ഉദ്ഘാടന പ്രസംഗത്തിൽ ഹോസ്പിറ്റൽ ഡയറക്ടർ ഫാ. സോജി തോമസ് വിവരിച്ചു.

ആഘോഷ പരിപാടികളിൽ മെഡിക്കൽ സുപ്രണ്ടന്റ് ഡോ. കെ. എം. മാത്യു, സ്പിരിചൽ ഡയറക്ടർ ഫാ. ജേക്കബ് മനാംപുറത്ത് അസിസ്റ്റന്റ് ഡയറക്ടർ ഫാ. സിജു ഞള്ളിമാക്കൽ എന്നിവർ ആശംസകൾ അറിയിച്ചു. ചടങ്ങിൽ, ഡയാലിസിസ് ടെക്നീഷ്യന്മാരെയും ഡയാലിസിസ് വിദ്യാർത്ഥികളെയും, ട്രെയിനികളെയും ഉപഹാരം നൽകി ആദരിച്ചു.

**ഫാ. ജോസഫ് കന്നാലിൽ**
**ഡയറക്ടർ**

# ഡി.സി.എം.എസ്.

- കാഞ്ഞിരപ്പള്ളി രൂപത ഡി.സി.എം.എസ്. എക്സിക്യൂട്ടീവ് യോഗം 6-ാം തീയതി ഞായറാഴ്ച വൈകിട്ട് ഓഫീസിൽ വച്ച് നടത്തപ്പെട്ടു.
- KCBC, SC, ST, BC കമ്മീഷൻ നൽകുന്ന പഠനസഹായ സ്കോളർഷിപ്പ് അപേക്ഷകൾ ക്ഷണിച്ചു. വിവിധ ഇടവകകളിൽ നിന്നും അപേക്ഷകൾ പൂരിപ്പിച്ചതു സ്വീകരിച്ചു തുടങ്ങി.
- സീറോ മലബാർ ദളിത് വികാസ് സൊസൈറ്റി പ്രൊഫഷണൽ കോഴ്സിന് പഠിക്കുന്ന യോഗ്യരായ കുട്ടികൾക്ക് ഈ വർഷവും പഠനസഹായം നൽകാൻ അപേക്ഷകൾ സ്വീകരിച്ചുതുടങ്ങി.
- കേരളത്തിലെ ദളിത് ക്രൈസ്തവ പ്രശ്നം പരിഹരിക്കുന്നതിനു വേണ്ടിയുള്ള നിവേദനം ഒക്ടോബർ 16-ാം തീയതി തിരുവനന്ത പുരം സെക്രട്ടറിയേറ്റിൽ കേരള സംസ്ഥാന പട്ടികജാതി - പട്ടിക വികസന ക്ഷേമ മന്ത്രി ശ്രീ. കെ.ആർ. കേളുവിന് കൈമാറി. ശ്രീ. എൻ. ജയരാജ് എം.എൽ.എ.യും ദളിത് ക്രൈസ്തവ സംഘടന (DCMS) പ്രതിനിധി അംഗങ്ങളും കൂടെയുണ്ടായിരുന്നു. വകുപ്പു മന്ത്രി പ്രശ്നപരിഹാരത്തിന് ശ്രമം നടത്തുമെന്ന് അറിയിച്ചു.
- ഒക്ടോബർ മാസം 16-ാം തീയതി വാഴ്ത്തപ്പെട്ട തേവർപറമ്പിൽ കുഞ്ഞച്ചന്റെ തിരുനാൾ ദിനം പ്രാർത്ഥനാദിനമായി ആചരിച്ചു.

**ഫാ. ജോസുകുട്ടി ഇടത്തിനകം**
**ഡയറക്ടർ**

# ലീജിയൻ ഓഫ് മേരി

ലീജിയൻ ഓഫ് മേരി കാഞ്ഞിരപ്പള്ളി കമ്മീസിയത്തിന്റെ 465-ാമതും കൂരിയായുടെ 922-ാമതും സമ്മേളനം 2024 ഒക്ടോബർ 12-ാം തീയതി ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് രൂപതാ പാസ്റ്ററൽ സെന്റർ അനക്സിൽ വച്ച് പ്രസിഡന്റ് സി. ലൂസി ജോസഫ് തെക്കേ വയലിന്റെ അദ്ധ്യക്ഷതയിൽ കൂടി.

പ്രാരംഭപ്രാർത്ഥനയും ജപമാലയും കഴിഞ്ഞ് ലീജിയൻ നിയമ ഗ്രന്ഥത്തിൽ നിന്നും അദ്ധ്യക്ഷ ജ്ഞാനവായന നടത്തി. മുൻസമ്മേളനത്തിന്റെ മിനിറ്റ്സ് സെക്രട്ടറി ബ്ര. ജേക്കബ് തോമസ് ചെറിയമുക്കട വായിച്ചു. സമ്മേളനത്തിൽ ഹാജരായ കമ്മീസിയം ഭാരവാഹികൾക്കും കൂരിയ, പ്രസീദിയം ഭാരവാഹികൾക്കും മറ്റ് സൈനികർക്കും അദ്ധ്യക്ഷ പരിശുദ്ധ അമ്മയുടെ നാമത്തിൽ സ്വാഗതം ആശംസിച്ചു.

തുടർന്നു നടന്ന ചർച്ചയിൽ ലീജിയൻ നിയമഗ്രന്ഥം അധ്യായം 40 പേജ് 434 "നിങ്ങൾ പോയി സകല സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ" (മർക്കോ. 16:15) എന്ന ഭാഗത്തെ ആസ്പദമാക്കി പുല്ലാനിതകിടി മാലാഖമാരുടെ രാജ്ഞി പ്രസീദിയം ജോ. സെക്രട്ടറി സി. ഏലിക്കുട്ടി ജോസഫ് കണ്ടത്തിൽ നയിച്ച ചർച്ചയിൽ മറ്റ് അംഗങ്ങളും പങ്കുചേർന്ന് സംസാരിച്ചു. ഇളങ്ങോയി ലൂർദ്ദ് മാതാവ് പ്രസീദിയത്തിലെ ബ്ര. ജോസഫ് കുറ്റിവേലിൽ നടത്തിയ പ്രഭാഷണത്തിൽ, ഒക്ടോബർ മാസം ജപമാലയുടെ മാസമാണെന്നും എല്ലാ ഇടവകകളിലും ഇത് ഭക്തിനിർഭരമായി ആചരിക്കുന്നതാണെന്നും മാതാവിനെ ചേർത്ത് പിടിച്ച് പ്രാർത്ഥിച്ചാൽ നമ്മുടെ ഭവനങ്ങളിലെയും സമൂഹത്തിലേയും എല്ലാ പ്രശ്നങ്ങളെയും പരിഹരിക്കുവാൻ പറ്റുമെന്നും അഭിപ്രായപ്പെട്ടു.



# ഫ്രാൻസിസ്കൻ അല്മായസഭ

വിശുദ്ധ ഫ്രാൻസിസ് അസിസിയുടെ തിരുനാളിനോട് അനുബന്ധിച്ച് വിശുദ്ധ ഫ്രാൻസിസ് അസിസിയുടെ മരണാനുസ്മരണം (ട്രാൻസിസ് തൂസ്) ഒക്ടോബർ 3-ാം തീയതി ഉച്ചകഴിഞ്ഞ് 3 മണിക്ക് ഫ്രാൻസിസ്കൻ സിസ്റ്റേഴ്സിന്റെ FCC പ്രൊവിൻഷ്യൽ ഹൗസ് ചാപ്പലിൽ വച്ച് നടന്നു. ഫ്രാൻസിസ്കൻ അൽമായ സഭ കാഞ്ഞിരപ്പള്ളി രൂപതാ ഡയറക്ടർ റവ. ഫാ. റോജോ പുരയിടത്തിൽ OFM (Conv.) ലും പ്രൊവിൻഷ്യൽ ഹൗസിലെ സിസ്റ്റേഴ്സും ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. ചോറ്റി നിർമ്മലാരാം സെമിനാരി റെക്ടർ റവ. ഫാ. ബനവചെർ OFM (Conv.) വചന സന്ദേശം നൽകി.

ശുശ്രൂഷകളിൽ രൂപതയിലെ വിവിധ കപ്പൂച്ചിൻ ആശ്രമങ്ങളിലെ വൈദികരും വിവിധ മഠങ്ങളിലെ ഫ്രാൻസിസ്ക്കൻ

---

## ലീജിയൻ ഓഫ് മേരി

കമ്മീസിയത്തിന്റെ അടുത്ത സമ്മേളനം 2024 നവംബർ മാസം 9-ാം തീയതി ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് രൂപതാ പാസ്റ്ററൽ സെന്റർ അനക്സിൽ വച്ച് കൂടുന്നതാണ്. സമാപനപ്രാർത്ഥനകൾ, ദൈവദാസൻ ഫ്രാങ്ക് ഡഫിനെ വിശുദ്ധനെന്ന് നാമകരണം ചെയ്യുന്നതിനുവേണ്ടിയുള്ള പ്രാർത്ഥന എന്നിവയോടെ സമ്മേളനം സമാപിച്ചു.

**സെക്രട്ടറി**

സിസ്റ്റേഴ്സും ഫ്രാൻസിസ്ക്കൻ അൽമായ സഭാ അംഗങ്ങളും പങ്കെടുത്തു. സ്നേഹവിരുന്നോടുകൂടി 4.30 ന് ശുശ്രൂഷകൾ സമാപിച്ചു.

കാഞ്ഞിരപ്പള്ളി രൂപതയിലെ വിവിധ ഭാതൃത്വങ്ങളിലെ അർത്ഥിസ്വീകരണവും സഭാവസ്ത്രസ്വീകരണവും സംയുക്തമായി നിർമ്മലാരാം ആശ്രമത്തിൽ ഒക്ടോബർ 13-ാം തീയതി ഉച്ചകഴിഞ്ഞ് ദിവ്യബലിയോടുകൂടി നടത്തപ്പെട്ടു. അർത്ഥികളായും സഭാവസ്ത്രം സ്വീകരിക്കുവാനായും 54 അംഗങ്ങൾ ഉണ്ടായിരുന്നു. ശുശ്രൂഷ കൾക്ക് രൂപതാ ഡയറക്ടർ റവ. ഫാ. റോജോ പുരയിടത്തിൽ OFM (Conv.) നേതൃത്വം നൽകി. റവ. ഫാ. ബനവചെർ OFM (Conv.) വിശുദ്ധ കുർബാനയർപ്പിച്ച് സന്ദേശം നൽകി. പ്രസ്തുത ചടങ്ങിൽ എല്ലാ ഭാതൃത്വങ്ങളിൽ നിന്നും അംഗങ്ങൾ പങ്കെടുത്തു.

ഫ്രാൻസിസ്കൻ അൽമായ സഭ കാഞ്ഞിരപ്പള്ളി രൂപതയുടെ അടുത്ത പ്രതിമാസ യോഗം 10-11-2024 രണ്ടാം ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.30 ന് രൂപതാ ഓഫീസിൽ കൂടുന്നതാണ്. എല്ലാ ഭാതൃത്വപ്രതിനിധികളും പങ്കെടുക്കേണ്ടതാണ്.

**സെക്രട്ടറി**



# വിൻസെൻഷ്യൻ വേദി

പ്രിയ വിൻസെൻഷ്യൻ സഹോദരീ സഹോദരങ്ങളെ, ഹൈറേഞ്ച് മേഖലയിലെ ഏരിയ കൗൺസിലുകളിൽ 29-09-2024 ഞായറാഴ്ച കോൺഫ്രൻസ് ഭാരവാഹികൾക്കുള്ള കണക്കുകൾ എഴുതി സൂക്ഷിക്കുന്നതു സംബന്ധിച്ച് പരിശീലന ക്ലാസ് നടത്തി. സെൻട്രൽ കൗൺസിൽ പ്രസിഡന്റും മേഖല കോഡിനേറ്റർമാരും സി.സി. അംഗങ്ങളും ടി പരിശീലന പരിപാടിയിൽ ക്ലാസുകൾ എടുക്കുകയും ചർച്ചകൾ നയിക്കുകയും ചെയ്തു.

ലോറേഞ്ചിലെ ഏരിയാ കൗൺസിലുകളിൽ 2024 ഒക്ടോബർ മാസം 6, 13, 20, 27 തീയതികളിൽ ടി പരിശീലന ക്ലാസുകൾ സി.സി. പ്രസിഡന്റിന്റേയും മേഖല കോഡിനേറ്റർമാരുടെയും സി.സി. അംഗങ്ങളുടേയും നേതൃത്വത്തിൽ നടത്തി.

**വിൻസെൻഷ്യൻ സംഗമം**

സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി ചെന്നാക്കുന്ന് സെന്റ് ജോർജ് കോൺഫ്രൻസിന്റെ ആഭിമുഖ്യത്തിൽ 28-09-2024 വൈകുന്നേരം 6 മണിക്ക് വാഴ്ത്തപ്പെട്ട ഫെഡറിക് ഓസ്സാനാമിന്റെ തിരുനാൾ ദിനത്തോടനുബന്ധിച്ച് വിൻസെൻഷ്യൻ കുടുംബസംഗമം പാരീഷ് ഹാളിൽ വച്ച് നടത്തി. ബഹു. വികാരിയും ആത്മീയ ഉപദേഷ്ടാവുമായ റവ. ഫാ. ദീപു അനന്തക്കാട്ട് യോഗം ഉൽഘാടനം ചെയ്ത് സന്ദേശം നൽകി. സി.സി. പ്രസിഡന്റ് ബ്രദർ ജോൺ മാത്യു തൊമ്മിത്താഴെ മുഖ്യപ്രഭാഷണം നടത്തി. സി.സി. വൈസ് പ്രസിഡണ്ടും നോർത്ത് മേഖല കോർഡിനേറ്ററുമായ ബ്ര. ഷാജി ജേക്കബ് മഞ്ഞാടിയിൽ വിൻസെൻഷ്യൻ സന്ദേശം നൽകി. എ.സി. പ്രസിഡന്റ്

ബ്ര. ജോർജ് വി. എബ്രാഹം ആശംസാ സന്ദേശം നൽകി. കോൺഫ്രൻസിലെ മുതിർന്ന അംഗമായ ബ്ര. കെ. വി. തോമസ് കാനാട്ടിനെ വികാരിയച്ചൻ ഉപഹാരം നൽകി ആദരിച്ചു. യോഗത്തിൽ വിൻസെൻഷ്യൻ പ്രവർത്തകാംഗങ്ങളും കുടുംബാംഗങ്ങളും ഉൾപ്പെടെ അൻപതോളം പേർ പങ്കെടുത്തു. സ്നേഹവിരുന്നോടെ 7.30 പി.എം. ന് യോഗം സമംഗളം പര്യവസാനിച്ചു.

**നേത്രചികിത്സാ ക്യാമ്പ്**

സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി കൂവപ്പള്ളി സെന്റ് ജോസഫ്സ് കോൺഫ്രൻസിന്റെ ആഭിമുഖ്യത്തിൽ പൈക ലയൺസ് ചാരിറ്റബിൾ ട്രസ്റ്റ് കണ്ണാശുപത്രിയുടെ സഹകരണത്തോടെ 29.09.2024 ന് സൗജന്യ നേത്ര ചികിത്സാ ക്യാമ്പ് നടത്തി. കൂവപ്പള്ളി സെന്റ് ജോസഫ്സ് പള്ളി വികാരി റവ. ഫാ. മാത്യു പുതുമന ക്യാമ്പ് ഉൽഘാടനം ചെയ്തു. അസി. വികാരി റവ. ഫാ. ബിനോയി കിഴക്കേപറമ്പിൽ സന്നിഹിതനായിരുന്നു. ബ്ര. ജോസ് ഇളയിച്ചാനിക്കൽ സ്വാഗതം ആശംസിച്ചു. ക്യാമ്പിൽ 150 ൽ പരം രോഗികൾ സംബന്ധിച്ചു. 50 രോഗികൾക്ക് കണ്ണടകൾ സൗജന്യനിരക്കിൽ നൽകുകയുണ്ടായി. 25 രോഗികൾക്ക് തിമിര ശസ്ത്രക്രിയാനിർദ്ദേശവും തുള്ളി മരുന്നുകളും നൽകുകയുണ്ടായി. വിൻസെന്റ് ഡി പോൾ സൊസൈറ്റി പുരുഷ-വനിത വിഭാഗങ്ങളിലെ എല്ലാ അംഗങ്ങളും സജീവമായി ക്യാമ്പിനായി പ്രവർത്തിച്ചു

സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി കാഞ്ഞിരപ്പള്ളി കത്തീഡ്രൽ പള്ളി കോൺഫ്രൻസിന്റെ ആഭിമുഖ്യത്തിൽ ഓസ്സാനാംമൗണ്ടിൽ നവീകരിച്ച ആദ്യത്തെ രണ്ട് വീടുകളുടെ വെഞ്ചരിപ്പ് കർമ്മം 13.10.2024 ഞായറാഴ്ച 3 മണിക്ക് കത്തീഡ്രൽ ആർച്ച് പ്രീസ്റ്റ് ബഹു. വികാരി റവ. ഫാ. വർഗീസ് പരിന്തിരിക്കൽ നിർവഹിച്ചു. ഏരിയാ കൗൺസിൽ പ്രസിഡന്റും സി.സി. പ്രസിഡന്റും കത്തീഡ്രൽ പള്ളി കോൺഫ്രൻസ് പ്രവർത്തകാംഗങ്ങളും സന്നിഹിതരായിരുന്നു.

**സംയുക്തസമ്മേളനം**

എരുമേലി ഏരിയാ കൗൺസിലിന്റെ ഒരു സംയുക്ത സമ്മേളനം നിരവ് സെന്റ് മേരിസ് പള്ളിയിൽ 13.10.2024 ഞായറാഴ്ച 11 മണിക്ക് എ.സി. പ്രസിഡന്റ് ബ്ര. പോൾ കെ.കെ.യുടെ അദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി. നിരവ് കോൺഫ്രൻസ് അംഗം ബ്ര. മാത്യു ആലുങ്കൽ പ്രാരംഭപ്രാർത്ഥനയും എരുമേലി കോൺഫ്രൻസ് അംഗം ബ്രദർ മാർട്ടിൻ ജോസഫ് ശ്രാകത്ത് ജ്ഞാനവായനയും നടത്തി. നിരവ് കോൺഫ്രൻസ് അംഗം ബ്ര. ബേബിച്ചൻ തെക്കേൽ സ്വാഗതം ആശംസിച്ചു. ബഹു. വികാരി റവ. ഫാ. ജോസ് വള്ളിയാംതടത്തിൽ അനുഗ്രഹപ്രഭാഷണം നടത്തി. എരുമേലി ഏരിയാ കൗൺസിൽ സീനിയർ വൈസ് പ്രസിഡന്റ് ബ്ര. പി.റ്റി. മാത്യു അനുഗ്രഹപ്രഭാഷണത്തിന് നന്ദി അറിയിച്ചു. എ.സി.യുടെ കണക്കവതരണം എ.സി. സെക്രട്ടറി ബ്ര. അപ്പച്ചൻ വള്ളിയാംതടത്തിൽ നടത്തി. തുടർന്ന് കോൺഫ്രൻസുകളുടെ റിപ്പോർട്ടിംഗ് നടന്നു. പുതിയ അംഗങ്ങളുടെ സത്യപ്രതിജ്ഞ നടത്തി. സി.സി. അംഗവും മദ്ധ്യമേഖല കോഡിനേറ്ററുമായ ബ്ര. ടോമി ജോസഫ് മണിയമ്പ്രായിൽ കണക്കുകളെ സംബന്ധിച്ചും സി.സി.യിൽ നിന്നുള്ള അറിയിപ്പുകളും നടത്തി. കണമല കോൺഫ്രൻസ് അംഗം ബ്ര. ജോസ് താഴത്തുപീടിക നന്ദി പറഞ്ഞു. സമാപന പ്രാർത്ഥനയും വിൻസെൻഷ്യൻ കുടുംബത്തിലെ മരണമടഞ്ഞവർക്ക് വേണ്ടിയുള്ള പ്രാർത്ഥനയും ബ്ര. ടോമി ജോസഫ് നടത്തി. 70 അംഗങ്ങൾ പങ്കെടുത്ത യോഗം ഉച്ചയ്ക്ക് ഒരു മണിക്ക് സ്നേഹവിരുന്നോടെ സമംഗളം പര്യവസാനിച്ചു.

കട്ടപ്പന ഏരിയാ കൗൺസിൽ വാർഷികസമ്മേളനം 2024 ഒക്ടോബർ മാസം 24-ാം തീയതി 10.30 a.m. ന് കട്ടപ്പന ഓസ്സാനാം പബ്ലിക് സ്കൂൾ ഓഡിറ്റോറിയത്തിൽ വച്ച് നടത്തി. കട്ടപ്പന സെന്റ് ജോർജ് ഫൊറോന ലേഡീസ് കോൺഫ്രൻസ് പ്രസിഡന്റ് സി. ലിസൻ തോമസ് നയിച്ച ജപമാലക്കുശേഷം യോഗനടപടികൾ ആരംഭിച്ചു. പ്രാരംഭപ്രർത്ഥനയ്ക്കും ജ്ഞാനവായനയ്ക്കും ശേഷം കട്ടപ്പന

ഏരിയാ കൗൺസിൽ വൈസ് പ്രസിഡന്റ് ബ്ര. ടോമി കരിയിലക്കളം യോഗത്തിന് സ്വാഗതം ആശംസിച്ച് സംസാരിച്ചു. ഏരിയാ കൗൺസിൽ പ്രസിഡന്റ് ബ്ര. റ്റി.ജെ. തോമസ് തെക്കേവയലിൽ അദ്ധ്യക്ഷപ്രസംഗം നടത്തി. കട്ടപ്പന ഫൊറോന പള്ളി വികാരി റവ. ഫാ. ജോസ് മാത്യു പറപ്പള്ളിൽ യോഗം ഉൽഘാടനം ചെയ്ത് സംസാരിച്ചു. ഏരിയാ കൗൺസിൽ സെക്രട്ടറി ബ്ര. ജേക്കബ് കുര്യൻ റിപ്പോർട്ട് അവതരിപ്പിച്ചു കുമാരി ഹെൽനാ ജോൺസന്റെ ഡാൻസ് അവതരണം ഹൃദ്യമായിരുന്നു. സെൻട്രൽ കൗൺസിൽ വൈസ് പ്രസിഡന്റ് ബ്ര. സി.വി. ജോർജ് ചക്കാലയ്ക്കൽ മുഖ്യപ്രഭാഷണം നടത്തി. ഓസ്സാനാം പബ്ലിക് സ്കൂൾ പ്രിൻസിപ്പൽ റവ. ഫാ. മനു കിളികൊത്തിപ്പാറ ആശംസാ സന്ദേശം നൽകി. കട്ടപ്പന ഫൊറോന, അസി. വികാരി റവ. ഫാ. നോബി വെള്ളാപ്പള്ളി ക്ലാസ് നയിച്ചു. തോമസ് ഇടയാടി ഗാനാലാപനം നടത്തി. കട്ടപ്പന ഫൊറോന കോൺഫ്രൻസ് പ്രസിഡന്റ് ബ്ര. സിബിച്ചൻ നമ്പ്യാപറമ്പിൽ കൃതജ്ഞത പറഞ്ഞു. സമാപന പ്രാർത്ഥനക്കുശേഷം സ്നേഹവിരുന്നോടെ 53 അംഗങ്ങൾ പങ്കെടുത്ത യോഗം സമംഗളം പര്യവസാനിച്ചു.

**സെക്രട്ടറി**

# ആരോഗ്യപുനരധിവാസ മദ്യവിരുദ്ധ സമിതി

**ലഹരിവിമോചന ധ്യാനം**

തമ്പലക്കാട് പെനുവേൽ ധ്യാനകേന്ദ്രത്തിൽ വച്ച് ഒക്ടോബർ 10 മുതൽ 17 വരെ തീയതികളിൽ നടത്തിയ ലഹരിവിമോചന ധ്യാനത്തിൽ 65 പേർ സംബന്ധിച്ചു. ഫാ. സെബാസ്റ്റ്യൻ പെരുനിലം, ഫാ. ടോമി കൊല്ലംപറമ്പിൽ എന്നിവർ നേതൃത്വം നൽകി. എല്ലാ മാസവും ധ്യാനപരിപാടികൾക്കു സഹകരിച്ചുകൊണ്ടിരുന്ന എല്ലാവരും എത്തുകയും വി. കുർബാന, ധ്യാനം, ക്ലാസ്, ചർച്ച, ആരാധന, കൗൺസിലിംഗ്, ചർച്ച എന്നിവ വളരെ വിജയപ്രദമായി നടത്തുകയും ചെയ്തു.

16-ാം തീയതി രാവിലെ ബഹുമാനപ്പെട്ട ബോബി മണ്ണംപ്ലാക്കൽ അച്ചൻ ദിവ്യബലി അർപ്പിച്ച് ഹൃദയസ്പർശിയായ സന്ദേശം നൽകി. ലഹരി രഹിത ജീവിതത്തിന് ഏവരേയും ആഹ്വാനം ചെയ്തു. 17-ാം തീയതി രാവിലെ വിശുദ്ധ കുർബാനയിൽ സംബന്ധിച്ച ശേഷം പ്രഭാതഭക്ഷണവും കഴിച്ച് സന്തോഷത്തോടെ എല്ലാവരും സ്വഭവനങ്ങളിലേക്ക് യാത്രയായി.

**ഫാ. സെബാസ്റ്റ്യൻ പെരുനിലം**
**ഡയറക്ടർ**

# വിമല പബ്ലിക്കേഷൻസ്

## പുത്തൻപുസ്തകങ്ങൾ

### 1. **Saint Mariam Thresia**

പേജ് : 68/ വില: 60/ എഡിഷൻ:1

കുടുംബങ്ങളുടെ മധ്യസ്ഥയും, ആത്മീയ ധീരതയുടെ ആൾരൂപവും അതിജീവനത്തിന്റെ നേർസാക്ഷ്യവുമായ സഹനങ്ങളുടെ രാജകുമാരി വിശുദ്ധ മറിയം ത്രേസ്യായുടെ ധീരജീവചരിത്രത്തിന്റെ ഇംഗ്ലീഷ് വിവർത്തനം. മനോഹരമായ ചിത്രങ്ങളുടെ അകമ്പടിയയോടെ ലളിതമായ ഭാഷയിൽ ചിത്രീകരിച്ചിരിക്കുന്നു.

### 2. തിരുപ്പാഥേയം

പേജ് : 100/ വില: 110/ എഡിഷൻ:1

ക്രൈസ്തവവിശ്വാസജീവിതത്തിന്റെ അടിസ്ഥാനശിലകളാണ് വിശുദ്ധ ഗ്രന്ഥവും വിശുദ്ധ പാരമ്പര്യവും. ക്രൈസ്തവജീവിതത്തിൽ തിരുവചനത്തിന്റെ പ്രാധാന്യം വളരെ വലുതാണ്. പ്രപഞ്ചത്തിലുള്ള സകലവും സൃഷ്ടിക്കപ്പെടുന്നതും ഈശോമിശിഹായെ ആഴത്തിൽ ഗ്രഹിക്കുന്നതും തിരുവചനങ്ങളിലൂടെയാണ്.

### 3. സെയിന്റ്സ് സ്റ്റോറീസ്

വ്യത്യസ്ത ജീവിതസാഹചര്യങ്ങളിലും, പ്രതിസന്ധികളിലും ദൈവവിശ്വാസം മുറുകെപിടിച്ച് നമുക്കു മുമ്പേ കടന്നുപോയ ധീരരക്തസാക്ഷികളായ വിശുദ്ധരുടെ ലഘുജീവചരിത്രങ്ങൾ കോർത്തിണക്കി ആകർഷമായ രീതിയിലുള്ള ആവിഷ്കാരം.

**4. ബൈബിൾ ചിത്രകഥാമാല**

ബൈബിളിലെ സംഭവങ്ങളും കഥാപാത്രങ്ങളും കുട്ടികൾക്ക് എളുപ്പത്തിൽ ഹൃദ്യസ്ഥമാക്കാവുന്ന രീതിയിൽ വരകളോടുകൂടിയ കഥാവിഷ്കാരം. ലളിതമായ ഭാഷയിലുമുള്ള രചന. ബാല്യത്തിലേ ബൈബിൾ മനസ്സിലാക്കുവാനും ഹൃദയത്തിൽ പതിപ്പിക്കുവാനും സാധിക്കുന്ന കൃതി. ജന്മദിനത്തിനും, മറ്റ് വിശേഷാവസരങ്ങളിലും കുട്ടികൾക്ക് സമ്മാനം നൽകാനും ഉത്തമം.

**പണിപ്പുരയിൽ**

1. സൺഡേസ്കൂൾ പ്രസംഗം- വാല്യം 7: സി. ഫിലമിൻ CMC
2. Cyber Apostolate
3. Easter Stories ( ഇംഗ്ലീഷ് വിവർത്തനം) :മഞ്ജുഷ കുന്നത്ത്
4. വിരലുകൾ പറഞ്ഞ കഥ : എൻ.എസ് ഐസക്
5. പടിയറ ഫലിതങ്ങൾ : ബോബൻ തെക്കേൽ
6. അലറുന്ന അരയന്നങ്ങൾ (ലഘുനാടകങ്ങൾ)
   : വിൻസെന്റ് ആനിക്കാട്
7. കേരളചരിത്രത്തെ സ്വാധീനിച്ച ക്രൈസ്തവ പുരോഹിതർ
   : ബിനു ജോസഫ് കാരുവള്ളിൽ

**ഫാ. ജസ്റ്റിൻ മതിയത്ത്**

**ഡയറക്ടർ**

## Special Care Homes & Charitable Institutions (SEARCH)

**എയ്ഞ്ചൽസ് വില്ലേജ് - ആശാ നിലയം**

വി കെയർ സെന്ററിന്റെ 20-ാം വാർഷികത്തോടനുബന്ധിച്ച് വി കെയർ സെന്ററും അസ്സോസിയേഷൻ ഫോർ ദ ഇന്റലക്ചലി ഡിസേബിൾസും എക്സ്പെഷണൽ ലേണിംഗും സംയുക്തമായി സമൂഹത്തിന്റെ പ്രത്യേക പരിഗണന ഏറ്റവും ആവശ്യമുള്ള ഒരു വിഭാഗം ജനതയുടെ അതിജീവനത്തിന്റെ ചരിത്രം അടയാളപ്പെടുത്തുവാനായി സംസ്ഥാനതലത്തിൽ "സദ്ഗമയ ഏയ്ഞ്ചൽസ് എബിലിറ്റി എക്സ്പോ 2025" 2025 ജനുവരി 23, 24, 25, 26 തീയതികളിൽ ഏയ്ഞ്ചൽസ് വില്ലേജിൽ നടത്തപ്പെടും. വൈകല്യത്തെ മറികടന്ന മാനവികതയുടെ അതിജീവനത്തിന്റെ മാനവശേഷിയുടെ മഹോത്സവമാണ് സദ്ഗമയ. ബുദ്ധിപരമായ പരിമിതികൾ നേരിടുന്നവരുടെ ക്ഷേമവും വികാസ - വിദ്യാഭ്യാസ - തൊഴിൽ പരിശീലനവും പുനരധിവാസവും ലക്ഷ്യമിട്ട് കേരളത്തിൽ പ്രവർത്തിച്ചുവരുന്ന 300 ഓളം സ്പെഷ്യൽ സ്കൂളുകൾ സദ്ഗമയ പരിപാടിയിൽ പങ്കെടുക്കുന്നു.

സദ്ഗമയ എബിലിറ്റി എക്സ്പോയ്ക്ക് നേതൃത്വം വഹിക്കുവാൻ ഏയ്ഞ്ചൽസ് വില്ലേജ് ഡയറക്ടർ ഫാ. റോയി മാത്യു വടക്കേൽ, പ്രിൻസിപ്പൽ സി. ലിറ്റി സേവ്യർ എന്നിവരുടെ നേതൃത്വത്തിൽ വിവിധകമ്മിറ്റികളും സ്റ്റാഫ് അംഗങ്ങൾക്ക് ഉള്ള വിവിധ പരിശീലന പരിപാടികളും നടന്നുവരുന്നു.

എബിലിറ്റി ഫെസ്റ്റ് - നോട് അനുബന്ധിച്ച് തയ്യാറാക്കിയ ലോഗോ കാഞ്ഞിരപ്പള്ളി രൂപതാ ബിഷപ്പ് മാർ ജോസ് പുളിക്കൽ മുൻ ബിഷപ്പ് മാർ മാത്യു അറയ്ക്കൽ, ഫാ. ബോബി അലക്സ് മണ്ണംപ്ലാക്കൽ എന്നിവർ ചേർന്ന് പ്രകാശനം നടത്തി. ഭിന്നശേഷി മേഖലയിൽ ഇതുവരെ ഉണ്ടായിട്ടുള്ള എല്ലാ പ്രവർത്തനങ്ങളും

പുരോഗതികളും ഉൾപ്പെടുത്തികൊണ്ടുള്ള വിജ്ഞാനവും വിനോദവും നൽകുന്ന പ്രദർശനമാണ് സദ്ഗമയ എയ്ഞ്ചൽസ് എബിലിറ്റി ഫെസ്റ്റ് - 2025

സദ്ഗമയ ഫെസ്റ്റ് 2025 ന്റെ മുന്നോടിയായി 20 - 20 ഇവന്റ് പ്രഖ്യാപനം നടത്തി. ലോകമാനസികാരോഗ്യ ദിനാചരണവും, ഫ്രണ്ട്സ് ഓഫ് ഇൻസ്റ്റിറ്റ്യൂഷൻ പ്രഖ്യാപനവും നടത്തി. ഏയ്ഞ്ചൽസ് വില്ലേജ് സ്പിരിചൽ ഫാദർ ജോസഫ് കുന്നത്തുപുരയിടം ഉത്ഘാടനം ചെയ്തു. സ്കൂൾ പ്രിൻസിപ്പൽ സി. ലിറ്റി സേവ്യർ, പെരുവന്താനം സെന്റ് ആന്റണീസ് കോളേജ് പ്രതിനിധി സി. ടീന എബ്രഹാം, എക്സ്പെഷണൽ ലേണിംഗ് സൈക്കോളജിസ്റ്റ് അക്ഷരശ്രുതി, എബിലിറ്റി ഫെസ്റ്റ് കൺവീനർ സിജോ ആന്റണി ജോസ്, പി.ടി.എ. പ്രസിഡന്റ് ടി.എം. ജോൺ എന്നിവർ പരിപാടിയിൽ പങ്കെടുത്തു പ്രസംഗിച്ചു.

**സന്ദർശനങ്ങൾ**

ഇടുക്കി അനുഗ്രഹനികേതൻ സ്പെഷ്യൽ സ്കൂളിൽ നിന്നും ടീച്ചേഴ്സ് ഏയ്ഞ്ചൽസ് വില്ലേജിൽ എത്തുകയും സന്ദർശനം നടത്തുകയും ചെയ്തു.

വടവാതൂർ സെന്റ് തോമസ് അപ്പോസ്തോലിക് സെമിനാരിയിൽ നിന്നും 44 ഡീക്കൻമാരും അവരുടെ ഡയറക്ടറും സന്ദർശനത്തിന് വരികയും കുട്ടികളുമായി ഗ്രൂപ്പ് ആക്ടിവിറ്റി നടത്തുകയും ചെയ്തു.

കുട്ടിക്കാനം മരിയൻ കോളേജിലെ വിദ്യാർത്ഥികൾ ഏയ്ഞ്ചൽസ് വില്ലേജ് സന്ദർശിച്ച് കുട്ടികളോടൊപ്പം സമയം ചിലവഴിച്ചു.

**Special Smiles of Caring Hands (SFS) (സ്പോർട്സ്)**

SFS Public School & Junior College ഏറ്റുമാനൂറിൽ വച്ച് നടന്ന സ്പോർട്സ് പരിപാടിയിൽ ആശാനിലയം സ്കൂളിൽ നിന്നും കുട്ടികൾ വിവിധ ഐറ്റംസിൽ പങ്കെടുക്കുകയും സമ്മാനങ്ങൾ കരസ്ഥമാക്കുകയും സ്പെഷ്യൽ ഒളിമ്പിക്സ് സെലക്ഷൻ നേടുകയും ചെയ്തു.

ഒക്ടോബർ 15, World Students Day യോട് അനുബന്ധിച്ച് ഡോ. എ.പി.ജെ. അബ്ദുൾകലാമിന്റെ വാക്കുകൾ. "നിങ്ങൾക്ക് സൂര്യനെപ്പോലെ പ്രകാശിക്കണമെങ്കിൽ ആദ്യം സൂര്യനെപോലെ കത്തുക" എന്ന മെസേജിലൂടെ വിദ്യാർത്ഥിദിനാചരണം നടത്തുകയുണ്ടായി. ക്വിസ് കോമ്പറ്റിഷൻ, നടത്തുകയും മധുരപലഹാരങ്ങൾ വിതരണം നടത്തുകയും ചെയ്തു.

ഒക്ടോബർ 22, 23, 24 തീയതികളിൽ സ്പോർട്സ്, ഇലക്ഷൻ എന്നീ പരിപാടികൾ നടന്നു. വടവാതൂർ സെമിനാരിയിലെ ഡീക്കന്മാർ, ഫീൽഡ് വർക്ക് റിസേർച്ച് സ്റ്റുഡൻസ് (Saintgits College) ഇവരുടെ സഹായസഹകരണവും ഈ പരിപാടിയിൽ ഉണ്ടായിരുന്നു.

**കാവൽ പ്ലസ്**

കാവൽ പ്ലസ് പദ്ധതിയിൽ കേസ് വർക്കർ തസ്തികയിലേക്ക് പുതുതായി നിയമനം ലഭിച്ച കുമാരി അഞ്ചുമോൾ രാജുവിനെ വി കെയർ സെന്ററിലേയ്ക്ക് ഹൃദയപൂർവം സ്വീകരിക്കുകയും തന്റെ സംരക്ഷണത്തിന് ഭരമേൽപ്പിക്കപ്പെടുന്ന കുട്ടികളുടെയും കുടുംബങ്ങളുടെയും സർവ്വതോന്മുഖമായ വളർച്ചയ്ക്കായി കഠിനാധ്വാനം ചെയ്യുന്നതിനുള്ള ആശംസകൾ നേരുകയും ചെയ്തു.

പോക്സോ ആക്ട് 2012 എന്ന വിഷയത്തെ ആസ്പദമാക്കി കാഞ്ഞിരപ്പള്ളി സെന്റ് മേരീസ് ഹയർ സെക്കന്ററി സ്കൂളിൽ കാവൽ പ്ലസ് ജീവനക്കാർ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചു.

ലോകമാനസികാരോഗ്യ ദിനത്തോടനുബന്ധിച്ച് "മാനസികാരോഗ്യവും കുട്ടികളും" എന്ന വിഷയത്തെ സംബന്ധിച്ച് കാവൽ പ്ലസിന്റെ പരിധിയിൽ വരുന്ന കുട്ടികൾക്കും അവരുടെ മാതാപിതാക്കൾക്കും ക്ലാസുകൾ നൽകി.

**ഫാ. റോയി മാത്യു വടക്കേൽ**
**ഡയറക്ടർ**

# മലനാട് ഡവലപ്മെന്റ് സൊസൈറ്റി

**ഭവനനിർമ്മാണ സഹായം**

നിർദ്ധനരായ ഭവനരഹിതർക്ക് വീട് നിർമ്മിക്കുവാൻ 4,00,000/- രൂപ ധനസഹായമായി നൽകി.

**മറ്റ് സഹായങ്ങൾ**

ഭക്ഷ്യസഹായം, വിദ്യാഭ്യാസസഹായം, ഗ്രാമവികസനം എന്നീ ഇനങ്ങളിൽ സൊസൈറ്റി 3,60,592/- രൂപ ചിലവഴിച്ചു.

**മലനാട് ജീവകാരുണ്യ പദ്ധതി**

മലനാട് ഡെവലപ്പ്മെന്റ് സൊസൈറ്റി ഇടവകകൾ തോറും നടപ്പിലാക്കുന്ന കരുതൽ, സാന്ത്വനം പദ്ധതികൾക്കായും ചികിത്സാസഹായമായും 8,62,450/- രൂപ ചിലവഴിച്ചു.

**കാലിത്തീറ്റ സബ്സിഡി**

മലനാട് ഡെവലപ്പ്മെന്റ് സൊസൈറ്റിയിൽ ഉത്പാദിപ്പിക്കുന്ന പോഷക സമൃദ്ധമായ കാലിത്തീറ്റ മലനാട് മിൽക്ക് സൊസൈറ്റികൾ വഴി സബ്സീഡി നിരക്കിൽ ക്ഷീരകർഷകർക്ക് വിതരണം ചെയ്തു വരുന്നു. മികച്ചയിനം കന്നുകുട്ടികളുടെ പരിപോഷണവും, ക്ഷീരകർഷകരുടെ വരുമാന വർദ്ധനവും ലക്ഷ്യമാക്കി നടപ്പിലാക്കുന്ന ഈ പദ്ധതിക്കായി 2,47,648/- രൂപ ചിലവഴിച്ചു.

**ഫാ. തോമസ് മറ്റമുണ്ടയിൽ**

**സെക്രട്ടറി**

# ഇൻഫാം

- അണക്കര താലൂക്ക് എക്സിക്യൂട്ടീവ് ഒക്ടോബർ 1-ാം തീയതി കാഞ്ഞിരപ്പള്ളി കാർഷിക ജില്ലാ ഡയറക്ടർ ഫാ. തോമസ് മറ്റമുണ്ടയുടെ അദ്ധ്യക്ഷതയിൽ വണ്ടൻമേട്ടിൽ നടന്നു. അണക്കര കാർഷിക താലൂക്ക് ഡയറക്ടർ ഫാ. വർഗ്ഗീസ് കാക്കല്ലിൽ, പ്രസിഡന്റ് ശ്രീ. ജയകുമാർ മന്നത്ത് എന്നിവർ പരിപാടികൾക്ക് നേതൃത്വം വഹിച്ചു.
- വെളിച്ചിയാനി താലൂക്ക് എക്സിക്യൂട്ടീവ് ഒക്ടോബർ 8-ാം തീയതി പാറത്തോട് ഇൻഫാം കേന്ദ്ര ഓഫീസിൽ വച്ച് നടന്നു. കാഞ്ഞിരപ്പള്ളി കാർഷിക ജില്ലാ ഡയറക്ടർ ഫാ. തോമസ് മറ്റമുണ്ടയിൽ യോഗത്തിന് അദ്ധ്യക്ഷത വഹിച്ചു. വെളിച്ചിയാനി താലൂക്ക് ഡയറക്ടർ ഫാ. മാർട്ടിൻ വെള്ളിയാംകുളം പ്രസിഡന്റ് ശ്രീ. ഷാബോച്ചൻ മുളങ്ങാശ്ശേരി എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.
- ഉപ്പുതറ കാർഷിക താലൂക്ക് എക്സിക്യൂട്ടീവ് ഒക്ടോബർ 15-ാം തീയതി ഉപ്പുതറയിൽ വച്ച് കാഞ്ഞിരപ്പള്ളി കാർഷിക ജില്ലാ ഡയറക്ടർ ഫാ. തോമസ് മറ്റമുണ്ടയിലിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. ഉപ്പുതറ കാർഷിക താലൂക്ക് ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ അറയ്ക്കലും കാർഷിക താലൂക്ക് പ്രസിഡന്റ് ശ്രീ. സന്തോഷ് കോട്ടിരിയും പരിപാടികൾക്ക് നേതൃത്വം നല്കി.
- ഇൻഫാം വിളമഹോത്സവം 2024 ഒക്ടോബർ 15-ാം തീയതി രാവിലെ 10.30 ന് പൊടിമറ്റം സെന്റ് മേരീസ് പാരീഷ് ഹാളിൽ വച്ച് നടത്തി. ഇൻഫാം കാഞ്ഞിരപ്പള്ളി കാർഷിക ജില്ലാ

പ്രസിഡന്റ് അഡ്വ. അബ്രാഹം മാത്യു പന്തിരുവേലിൽ അധ്യക്ഷത വഹിച്ച യോഗം ഇൻഫാം ദേശീയ ചെയർമാൻ ഫാ. തോമസ് മറ്റമുണ്ടയിൽ ഉദ്ഘാടനം ചെയ്തു. ഇൻഫാം സംസ്ഥാന പ്രസിഡന്റ് ശ്രീ. ജോസ് ഇടപ്പാട്ട് മുഖ്യാതിഥി ആയിരുന്നു. ദേശീയ, സംസ്ഥാന, കാർഷിക ജില്ലാ കാർഷിക താലൂക്ക് നേതാക്കളും കർഷകരും IAF അംഗങ്ങളും സമ്മേളനത്തിൽ പങ്കെടുത്തു.

- ഇൻഫാം ദേശീയ ശില്പശാല ഒക്ടോബർ 17-ാം തീയതി പാറത്തോട് ഇൻഫാം കേന്ദ്ര ഓഫീസിൽ നടന്നു. ഇൻഫാം ദേശീയ ചെയർമാൻ ഫാ. തോമസ് മറ്റമുണ്ടയിൽ ദേശീയ ജനറൽ സെക്രട്ടറി ഫാ. ജോസഫ് കവനാടി ദേശീയ ഡയറക്ടർ ഫാ. ജോസഫ് ചെറുകരക്കുന്നേൽ, സംസ്ഥാന ഡയറക്ടർ ഫാ. ജോർജ് പൊട്ടയ്ക്കൽ തുടങ്ങി വിവിധ ദേശീയ, സംസ്ഥാന നേതാക്കൾ പങ്കെടുത്തു.

- കട്ടപ്പന കാർഷിക താലൂക്ക് എക്സിക്യൂട്ടീവ് ഒക്ടോബർ 26 ന് കട്ടപ്പനയിൽ വച്ച് നടന്നു. ഇൻഫാം കാഞ്ഞിരപ്പള്ളി കാർഷിക ജില്ലാ ഡയറക്ടർ ഫാ. തോമസ് മറ്റമുണ്ടയിൽ അദ്ധ്യക്ഷത വഹിച്ചു. കട്ടപ്പന താലൂക്ക് ഡയറക്ടർ ഫാ. വർഗീസ് കുളംപള്ളിൽ താലൂക്ക് പ്രസിഡന്റ് ശ്രീ. ബേബി എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

**ഫാ. തോമസ് മറ്റമുണ്ടയിൽ**
**ഡയറക്ടർ**

# പീരുമേട് ഡെവലപ്പ്മെന്റ് സൊസൈറ്റി

പീരുമേട് ഡെവലപ്പ്മെന്റ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിലായി ഗ്രാമ തലങ്ങളിൽ നടത്തിയ വിവിധ വികസനപ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ.

**പി.ഡി.എസ് ഓർഗാനിക് സ്പൈസസ്**

ഫെയർ ട്രേഡ് കോഫി ഡവലപ്മെന്റ് പ്രോജക്റ്റിന്റെ ഭാഗമായി സെപ്റ്റംബർ 24, 25 തീയതികളിൽ നാഗപൂരിൽ വച്ച് നടന്ന ബയോചാർ യൂണിറ്റ് വിസിറ്റ് /പരിശീലനം എന്നിവയ്ക്ക് പി.ഡി.എസ് ഓർഗാനിക് സ്പൈസസിനെ പ്രതിനിധീകരിച്ച് മിസ്റ്റർ അതുൽ ടോം, മിസ്റ്റർ ജേക്കബ് ജോസ് എന്നിവർ പങ്കെടുത്തു.

കാർഷിക ഉത്പാദനത്തിലും മണ്ണ് സംരക്ഷണത്തിലും കൃഷിയിടത്തിലെ ഫലഭൂയിഷ്ടത വർദ്ധിപ്പിക്കുന്നതടക്കം ബയോചാറിന്റെ ഉപയോഗത്തെ കുറിച്ചും ബയോചാർ നിർമ്മാണ പ്രക്രിയയെ കുറിച്ചും വിവിധ സെക്ഷൻ നടത്തപ്പെട്ടു.

ഒക്ടോബർ 15 ,16 തീയതികളിൽ ബാംഗ്ലൂരിൽ വച്ച് നടന്ന ജെൻഡർ സ്ട്രാറ്റജി കൺസൾട്ടേഷനിൽ മിസ്റ്റർ റോയ് ജോസഫ്, ശ്രീമതി ജ്യോതിലക്ഷ്മി എന്നിവർ പങ്കെടുത്തു. ഫെയർ ട്രേഡ് സൗത്ത് ഇന്ത്യ തലത്തിൽ ജെൻഡർ സ്ട്രാറ്റജി രൂപീകരിക്കാൻ വേണ്ടിയുള്ള പ്രസ്തുത വർക്ക്ഷോപ്പിൽ ഈ വിഷയത്തിൽ നിരവധി ചർച്ചകളും ക്ലാസുകളും നടത്തപ്പെട്ടു.

**കയറ്റുമതി:**

പി ഡി എസ് ഓർഗാനിക് സ്പൈസസിൽ നിന്നും കഴിഞ്ഞമാസം നടന്ന കയറ്റുമതികൾ:

യു എസ് എ : 3, ജർമ്മനി : 4, ഫ്രാൻസ് : 1

**പി.ഡി.എസ് സഹ്യാദ്രി ആയുർവേദ ഡിവിഷൻ**

സഹ്യാദ്രിയുടെ അടുത്ത മാസത്തേക്കുള്ള ബുക്കിംഗ് രജിസ്റ്റർ ചെയ്തു. ഓ പി കൺസൾട്ടേഷൻ നടത്തുകയും ചെയ്തു. ആയുർവേദ ഫാക്ടറിയിൽ നിന്നും ജർമ്മനിയിലെ സാൻഡർ ഹെൽത്ത് (ജി.എം.പി. എച്ച്)എന്ന സ്ഥാപനത്തിലേക്ക് ആയുർവേദ മസാജ് ഓയിലും ചൂർണവും കയറ്റുമതി ചെയ്തു.

ബോയിലർ സെക്ഷന്റെ ആനുവൽ സർവീസ്/ മെയിന്റനൻസ് പണികൾ പൂർത്തീകരിക്കുകയും ബോയിലർ ഇൻസ്പെക്ടർ സർട്ടിഫൈ ചെയ്യുകയും ചെയ്തു.

ആയുർവേദ ഫാക്ടറിയിൽ ബാത്തിങ് സോപ്പിന്റെ പ്രൊഡക്ഷൻ ആരംഭിച്ചു. ഹൽദി ചന്ദൻ, റോസ്, അലോവേര എന്നീ മൂന്ന് ഫ്ളേവറുകളിൽ ഉള്ള സോപ്പുകൾ മാർക്കറ്റിൽ വിതരണം ചെയ്തു വരുന്നു.

കോട്ടയം, ഇടുക്കി, എറണാകുളം ജില്ലകളിൽ ആയുർവേദ മരുന്നുകൾ വിതരണം ചെയ്തു വരുന്നു.

**സഹ്യാദ്രി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്**

**വാട്ടർ & സോയിൽ ടെസ്റ്റിംഗ് ലാബ്**

സാമ്പിളുകൾ പരിശോധിച്ചത്

വാട്ടർ: 13, സോയിൽ:2

**മൈക്രോബയോളജി ലാബ്**

ട്രൈക്കോഡർമ : 300 Ltr ഉല്പാദിപ്പിച്ചു.

ട്രൈക്കോഡർമ : 250 Ltr വിൽപ്പന നടത്തി

സ്യൂഡോമോണസ്: 35 Ltr ഉല്പാദിപ്പിച്ചു

സ്യൂഡോമോണസ്: 20 Ltr വിൽപ്പന നടത്തി.

**ഇക്കോ ഫാം**

820 വേപ്പിൻ തൈകൾ ഉത്പാദിപ്പിച്ചു

ഹരിത കഷായം: 100 Ltr ഉത്പാദിപ്പിച്ചു.

4443 കാപ്പി തൈകൾ വിൽപ്പന നടത്തി.

**ഗാർഡൻ**

1238 അലങ്കാര ചെടികൾ പുതുതായി നട്ടുവളർത്തി.

2208 അലങ്കാര ചെടികൾ വിൽപ്പന നടത്തി

**കമ്പോസ്റ്റ്**

300 കിലോഗ്രാം പുതിയതായി ഉത്പാദിപ്പിച്ചു

253 കിലോഗ്രാം വിൽപ്പന നടത്തി

310 കിലോഗ്രാം നിലവിൽ സ്റ്റോക്ക് ഉണ്ട്.

**ബയോഒറിജിൻ തട്ടാത്തിക്കാനം**

വിവിധ ഇനം ഉൽപ്പന്നങ്ങളിലായി 320 പാക്കറ്റുകൾ വില്പന നടത്തി.

**കമ്മ്യൂണിറ്റി ഡെവലപ്മെന്റ് ഡിപ്പാർട്ട്മെന്റ്**

**യൂണിറ്റ് വാർഷികം**

പീരുമേട് ഡവലപ്മെന്റ് സൊസൈറ്റിയുടെ മുണ്ടക്കയം റീജിയണിലെ പെരുവന്താനം യൂണിറ്റിൽ യൂണിറ്റ് ഡയറക്ടർ ഫാ. സോബിൻ താഴ്ത്തുവീട്ടിലിന്റെ അധ്യക്ഷതയിൽ വാർഷികാഘോഷ പരിപാടികൾ ഭംഗിയായി നടത്തപ്പെട്ടു.

പി.ഡി.എസ് ജോയിന്റ് ഡയറക്ടർ ഫാ. ബ്രിജേഷ് പുറ്റുമണ്ണിൽ വാർഷികാഘോഷ പരിപാടികൾ ഉദ്ഘാടനം ചെയ്തു.

ആനിമേറ്റർ ശ്രീമതി ജിനിമോൾ ജോസഫ് കോ- ഓഡിനേറ്റർ ശ്രീമതി ഷൈമോൾ എന്നിവർ സന്നിഹിതരായിരുന്നു.

പീരുമേട് സൊസൈറ്റിയുടെ ഉപ്പുതറ റീജിയണിലെ നരിയംപാറ യൂണിറ്റിൽ യൂണിറ്റ് ഡയറക്ടർ ഫാ. ജോസ് പൂവക്കുളത്തിന്റെ അധ്യക്ഷതയിൽ കൂടിയ വാർഷികാഘോഷ പരിപാടികൾ പി.ഡി.എസ് ജോയിന്റ് ഡയറക്ടർ ഫാ. ബ്രിജേഷ് പുറ്റുമണ്ണിൽ ഉദ്ഘാടനം ചെയ്തു. യൂണിറ്റ് ആനിമേറ്റർ ശ്രീ. ജോസ് പതായിൽ കോ -ഓർഡിനേറ്റർ ശ്രീമതി മിനി ടോമി എന്നിവർ സന്നിഹിതരായിരുന്നു.

**കർഷക ഉത്പാദക കമ്പനി**

കേന്ദ്രസർക്കാരിന്റെ CSS 10000 FPO പ്രോജക്റ്റിന്റെ ഭാഗമായി പീരുമേട് ഡെവലപ്മെന്റ് സൊസൈറ്റി കേരളത്തിലെ 12 ജില്ലകളിലായി നടപ്പിലാക്കി വരുന്ന കർഷക ഉത്പാദകസംഘ (FPO)ത്തിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ടു പോകുന്നു. നബാർഡ്, എൻ സി.ഡി.സി എന്നീ ഏജൻസികളുമായി സഹകരിച്ചാണ് ഈ പ്രോജക്റ്റ് നടപ്പിലാക്കുന്നത്. നബാർഡിന്റെ മേൽനോട്ടത്തിൽ 25 കർഷക കമ്പനികളും, എൻ സി ഡി സിയുടെ മേൽനോട്ടത്തിൽ 7 കർഷക കമ്പനികളും പ്രവർത്തിക്കുന്നു.

ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്ന് കർഷകരെ സംരക്ഷിക്കുക, കാർഷിക ഉത്പാദകരായ കർഷകരെ സംരംഭകരാക്കി മാറ്റുക, അതുവഴി കർഷകന്റെ വരുമാനം വർദ്ധിപ്പിക്കുക തുടങ്ങിയവയാണ് കർഷക കമ്പനികളുടെ ഉദ്ദേശലക്ഷ്യം.

നബാർഡിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന 25 കർഷക കമ്പനികളുടെയും വാർഷിക പൊതുയോഗങ്ങൾ നടത്തി.

കണ്ണൂർ പൈതൽ ഹിൽസ് കർഷക കമ്പനിയുടെ നേതൃത്വ

ത്തിൽ പുതിയ അഗ്രോ ബസാർ ആരംഭിച്ചു. 101 കർഷകർ തിരി തെളിയിച്ചാണ് പരിപാടി ഉദ്ഘാടനം ചെയ്തത്.

കാസർഗോഡ് ഗ്രീൻ ചന്ദ്രിഗിരി കർഷക കമ്പനിയുടെ നേതൃത്വത്തിൽ ഗ്രീൻ ക്ലാമ് പൗഡർ വിപണിയിൽ ഇറക്കി.

കാളികാവ് ബ്ലോക്കിലുള്ള മിരിസ്റ്റിക മലബാർ കർഷക കമ്പനി അവിടുത്തെ കർഷകർക്ക് സബ്സിഡി നിരക്കിൽ കാർഷിക ഉപകരണങ്ങൾ വിതരണം ചെയ്തു.

എൻ.സി.ഡി.സി യുമായി സഹകരിച്ച് ഇടുക്കി, കോഴിക്കോട്, ജില്ലകളിലായി 7 കർഷക കമ്പനികൾ ആണ് രൂപീകരിക്കുന്നത്.

ഇടുക്കി ജില്ലയിൽ അഴുത ബ്ലോക്കിൽ രൂപീകരിച്ചിരിക്കുന്ന ഹൈറേഞ്ച് ഫാർമർ പ്രൊഡ്യൂസർ ആന്റ് മാർക്കറ്റിംഗ് കോപ്പറേറ്റീവ് സൊസൈറ്റി 350 ഓഹരി ഉടമകളുമായി നല്ല രീതിയിൽ പ്രവർത്തിക്കുന്നു. ഓഹരി ഉടമകളുടെ മൂല്യ വർദ്ധിത ഉത്പന്നങ്ങൾ ശേഖരിച്ച് വിപണനം നടത്തുന്നതിനായി പീരുമേട് കേന്ദ്രമായി ഒരു ഇക്കോ-ഷോപ്പ് പ്രവർത്തിക്കുന്നു. ന്യായമായ വിലയിൽ വളം-കീടനാശിനികൾ വിൽക്കുന്നതിനായി ചെമ്മണ്ണ് കേന്ദ്രീകരിച്ച് ഒരു അഗ്രി-ഇൻപുട്ട് ഷോപ്പും പ്രവർത്തിക്കുന്നു.

FPO-യുടെ വാർഷിക പൊതുയോഗം ഒക്ടോബർ 23ന് തട്ടാത്തിക്കാനം സഹ്യാദ്രി റിസർച്ച് ആന്റ് ട്രെയിനിങ് സെന്ററിൽ വച്ച് നടത്തപ്പെട്ടു. FPO -യുടെ നിലവിലുള്ള പ്രവർത്തനങ്ങളുടെ റിപ്പോർട്ട് അവതരിപ്പിക്കുകയും അടുത്ത വർഷത്തെ വാർഷിക ബഡ്ജറ്റ് പാസാക്കുകയും ചെയ്തു.

ഇടുക്കി ജില്ലയിലെ നെടുങ്കണ്ടം ബ്ലോക്കിൽ തുടങ്ങിയിരിക്കുന്ന ഗ്രീൻ മൗണ്ട് ഫാർമർ പ്രൊഡ്യൂസർ ആന്റ് മാർക്കറ്റിംഗ് കോപ്പറേറ്റീവ് സൊസൈറ്റി കമ്പംമെട്ട്- അച്ചക്കട കേന്ദ്രമാക്കി ഒരു അഗ്രി-ഇൻപുട്ട് ഷോപ്പ് നടത്തുന്നു. 339 ഓഹരി ഉടമകൾ ആണ്

ഇപ്പോൾ കർഷക കമ്പനിയിൽ അംഗങ്ങളാ യിട്ടുള്ളത്. ഇതിന്റെ വാർഷിക പൊതുയോഗം ഒക്ടോബർ 27 ഞായറാഴ്ച കമ്പംമെട്ട് പാരിഷ് ഹാളിൽ വച്ച് നടത്തപ്പെട്ടു. കർഷക കമ്പനിയുടെ നിലവിലുള്ള പ്രവർത്തനങ്ങളുടെ റിപ്പോർട്ട് അവതരിപ്പി ക്കുകയും അടുത്ത വർഷത്തെ വാർഷിക ബഡ്ജറ്റ് പാസാക്കുകയും ചെയ്തു.

എൻ.സി.ഡി.സിയുടെ സഹകരണത്തോടെ കോഴിക്കോട് ജില്ലയിൽ കുന്നമംഗലം, കൊടുവള്ളി, കുന്നുമ്മൽ, ചേലന്നൂർ, മേലടി ബ്ലോക്കുകളിലായി രൂപീകരിക്കുന്ന കർഷക കമ്പനികളുടെ രജിസ്ട്രേഷൻ നടപടികൾ പുരോഗമിക്കുന്നു.

ചേലന്നൂർ കർഷക കമ്പനിയുടെ രജിസ്ട്രേഷൻ പൂർത്തിയായി, ഭരണസമിതി അംഗങ്ങളുടെ ഇലക്ഷൻ നടന്നു. നിലവിൽ ഓഹരി സമാഹരണം ആണ് നടന്നുകൊണ്ടിരിക്കുന്നത്.

കുന്നുമ്മൽ കർഷക കമ്പനിയുടെ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയായി. ഭരണസമിതി അംഗങ്ങളുടെ ഇലക്ഷന് വേണ്ടിയുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. കുന്നമംഗലം, കൊടുവള്ളി, മേലടി കർഷക കമ്പനികളുടെ രജിസ്ട്രേഷൻ നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

CSS 10000 FPO പ്രോജക്റ്റിന്റെ (സി.ബി.ബി.ഒ പ്രോജക്ട്) ക്വാർട്ടർലി റിവ്യൂ മീറ്റിംഗ് ഒക്ടോബർ 14 തിങ്കളാഴ്ച സഹ്യാദ്രി റിസർച്ച് ആന്റ് ട്രെയിനിങ് സെന്ററിൽ വച്ച് നടത്തപ്പെട്ടു. സി.ബി.ബി.ഓ പ്രോജക്റ്റിന്റെ നിലവിലുള്ള പ്രവർത്തനങ്ങൾ വിലയിരുത്തി ഭാവി പരിപാടികൾ ആസൂത്രണം ചെയ്തു. സി.ബി.ബി.ഒ പ്രോജക്ട് കോർഡിനേറ്റർമാരും, ഡൊമെയിൻ എക്സ്പേർട്ട്സും മീറ്റിംഗിൽ പങ്കെടുത്തു. പ്രോജക്ട് നോഡൽ ഓഫീസർ ഡോ. സിബി ജോസഫ് മീറ്റിംഗിന് നേതൃത്വം നൽകി. പി.ഡി.എസ് ജോയിന്റ് ഡയറക്ടർ ഫാ. ബ്രിജേഷ് പുറ്റുമണ്ണിൽ വേണ്ട നിർദേശങ്ങൾ നൽകി.

**ഇന്റൺഷിപ്പ് പ്രോഗ്രാം**

സാമൂഹിക പ്രവർത്തകർക്കു വേണ്ടിയുള്ള പരിശീലനത്തിന്റെ ഭാഗമായി 4 കോളേജുകളിൽ നിന്നായി 20 വിദ്യാർത്ഥികൾ പി.ഡി.

എസിൽ ഇന്റൺഷിപ്പ് പൂർത്തിയാക്കി വരുന്നു.

**സാമ്പത്തിക സഹായങ്ങൾ**

കുടുംബ വികസന പ്രവർത്തനങ്ങളുടെ ഭാഗമായി പീരുമേട് ഡവലപ്മെന്റ് സൊസൈറ്റി വഴിയായും പി.ഡി.എസ് ഫാമിലി സ്പോൺസർഷിപ്പ് പ്രോഗ്രാം വഴിയായും ഈമാസം നൽകിയ സാമ്പത്തിക സഹായങ്ങൾ : വിദ്യാഭ്യാസ സഹായം: 129452/-, ഭവന നിർമ്മാണം: 141159/-, വരുമാനദായക പ്രവർത്തനങ്ങൾ: 65000/-, ചികിത്സാ സഹായം: 71122/-, വിവാഹസഹായം: 40000/-

**കൗൺസിലിംഗ് സേവനം**


പീരുമേട് ഡവലപ്മെന്റ് സൊസൈറ്റിയുടെ കട്ടപ്പന ഫാമിലി കൗൺസിലിംഗ് സെന്ററിൽ സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിലായി 26 കേസുകൾ രജിസ്റ്റർ ചെയ്തു. ഇവർക്ക് ആവശ്യമായ കൗൺസിലിംഗ് സേവനവും ഇതര സഹായങ്ങളും ഈ സെന്ററിൽ നിന്നും നൽകി വരുന്നു.

**ആരോഗ്യ ഇൻഷുറൻസ് പദ്ധതി**

ന്യൂ ഇന്ത്യ അഷ്വറൻസ് കമ്പനിയുടെ സഹായത്തോടെ പി.ഡി. എസ് നടത്തുന്ന യൂണിവേഴ്സൽ ഹെൽത്ത് ഇൻഷുറൻസ് പദ്ധതിയിൽ 176 കുടുംബങ്ങൾ അംഗത്വമെടുത്തു. ആശുപത്രിയിൽ കിടന്നുള്ള ചികിത്സ സഹായമായി 3 യൂണിറ്റിൽ 9 പേർക്ക് 61745/- രൂപ വിതരണം ചെയ്തു.

| | |
|---|---|
| വെള്ളിലാംകണ്ടം | : 16315/- |
| നരിയമ്പാറ | :38930/- |
| ഇഞ്ചിയാനി | : 6500/- |

**ഫാ. ജിൽസൺ കുന്നത്തുപുരയിടം**
**ഡയറക്ടർ**



# രൂപതാവാർത്തകൾ

**മാർ ജോസ് പുളിക്കൽ**
**ഒക്ടോബർ 2024**

29 സെപ്റ്റം - ഒക്ടോ. 04 - മൈനർ സെമിനാരിയിൽ വൈദികരുടെ വാർഷിക ധ്യാനത്തിൽ സംബന്ധിച്ചു.

01 വള്ളക്കടവ് ഇടവകയിൽ പരേതയായ അറയ്ക്കപ്പറമ്പിൽ മറിയാമ്മയുടെ മൃതസംസ്ക്കാരശുശ്രൂഷയുടെ ദൈവാലയത്തിലെ കർമ്മങ്ങൾക്ക് കാർമികത്വം വഹിച്ചു.

\- പാസ്റ്ററൽ സെന്ററിൽ കെ.എസ്.എസ്.എഫിന്റെ യോഗത്തിൽ സംബന്ധിച്ചു.

02 അക്കരപ്പള്ളിയിൽ കരിസ്മാറ്റിക് ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച അൽഫോൻസാ പദയാത്ര ഉദ്ഘാടനം ചെയ്തു.

04 പരേതരായ കാഞ്ഞിരപ്പള്ളി രൂപതാ വൈദികർക്കുവേണ്ടി മൈനർ സെമിനാരിയിൽ വി. കുർബാനയർപ്പിക്കുകയും ഒപ്പീസ് ചൊല്ലി പ്രാർത്ഥിക്കുകയും ചെയ്തു.

\- കുറിച്ചിത്താനം ഇടവകയിൽ പരേതനായ കാവനാടിമലയിൽ കെ.എം. കുര്യച്ചന്റെ മൃതസംസ്ക്കാരശുശ്രൂഷയുടെ ഭവനത്തിലെ കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു.

05 നല്ലതണ്ണി ബെനഡിക്റ്റൈൻ സിസ്റ്റേഴ്സിന്റെ സഭാവസ്ത്ര സ്വീകരണത്തിലും പ്രഥമ വ്രതവാഗ്ദാനത്തിലും കാർമ്മികത്വം വഹിച്ചു.

10 കുട്ടിക്കാനം പ്രതിക്ഷാ ഭവനിൽ നടത്തപ്പെട്ട സ്നേഹവിരുന്നിൽ പങ്കെടുത്തു.

12 പൊടിമറ്റം ഇടവകയിൽ എഫ്.സി.സി. സന്യാസിനി സമൂഹത്തിന്റെ സഭാവസ്ത്രസ്വീകരണത്തിലും പ്രഥമ വ്രതവാഗ്ദാനത്തിലും കാർമ്മികത്വം വഹിച്ചു.

12-13 പുളിയന്മല ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

14-16 വാഴൂർ അനുഗ്രഹ റിന്യൂവൽ സെന്ററിൽ 'ഇടയകൂടാരത്തിൽ സംബന്ധിച്ചു.

17 മുണ്ടിയെരുമ ഇടവകയിൽ പുനരുദ്ധരിച്ച ദൈവാലയം കൂദാശ ചെയ്തു.

\- പാലാ സിവിൽ സർവ്വീസ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഓൺലൈൻ യോഗത്തിൽ സംബന്ധിച്ചു.

18-20 കാക്കനാട് സഭാകാര്യാലയത്തിൽ എസ്.എം.സി.സി.യുടെ സമ്മേളനത്തിൽ പങ്കെടുത്തു.

21 കാഞ്ഞിരപ്പള്ളി രൂപത സാമൂഹ്യവിഭാഗങ്ങളുടെ സമ്മേളനത്തിൽ സംബന്ധിച്ചു.

22 നിലയ്ക്കൽ എക്യുമെനിക്കൽ ദൈവാലയത്തിൽ മാർ തോമ്മാ നസ്രാണി പൈതൃക സഭകളുടെ പ്രതിനിധി സമ്മേളനത്തിൽ സംബന്ധിച്ചു.

23 കാഞ്ഞിരപ്പള്ളി രൂപതാ അജപാലന വിഭാഗങ്ങളുടെ സമ്മേളനത്തിൽ സംബന്ധിച്ചു.

24 തേനിയിൽ എം.ഡി.എസ്. ന്റെ നവീകരിച്ച ചില്ലിങ് പ്ലാന്റും ഫാമും വെഞ്ചരിച്ചു.

\- തേനി മിഷൻ സെന്റർ സന്ദർശിച്ചു.

\- കമ്പം മിഷൻ സെന്റർ സന്ദർശിച്ചു.

\- പാസ്റ്ററൽ സെന്ററിൽ ബഹു. ഫിലിപ്പ് തടത്തിൽ അച്ചന്റെ രജതജൂബിലി ആഘോഷത്തിൽ സംബന്ധിച്ചു.

25 വടവാതൂർ സെമിനാരി കമ്മീഷൻ സന്ദർശനത്തിൽ സംബന്ധിച്ചു.

\- ചെറുവള്ളിക്കുളം ഇടവകയിൽ പരേതയായ ഉപ്പുകുന്നേൽ റോസയുടെ മൃതസംസ്കാര ശുശ്രൂഷയുടെ ദൈവാലയ

ത്തിലെ കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു.

– ഇഞ്ചിയാനി ഇടവകയിൽ ഭവനനിർമ്മാണ പദ്ധതിയുടെ ഭാഗമായി നിർമ്മിച്ചു നൽകുന്ന ഭവനങ്ങൾ ആശീർവദിച്ചു.

– മൈനർ സെമിനാരിയിൽ വൈദിക വിദ്യാർത്ഥികളെ സന്ദർശിച്ചു.

26 പൊടിമറ്റം എഫ്.സി.സി. പ്രൊവിൻഷ്യൽ ഹൗസിൽ വി. കുർബാനയർപ്പിച്ചു.

– കുന്നുംഭാഗം സാൻജിയോവാനി പ്രൊവിൻഷ്യൽ ഹൗസിൽ ചിറക്കടവ് ഗ്രാമപഞ്ചായത്ത് സംഘടിപ്പിച്ച സമ്പൂർണ്ണ ഭരണഘടന യജ്ഞത്തിൽ പങ്കെടുത്തു.

– പൊടിമറ്റം ഇടവകയിൽ ഒരു വിവാഹം ആശീർവദിച്ചു.

26–27 ആനിക്കാട് ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

28 പൊടിമറ്റം സെന്റ് ഡോമിനിക്സ് കോളേജിൽ വജ്രജൂബിലി ആരംഭ സമ്മേളനത്തിൽ സംബന്ധിച്ചു.

28–30 വാഴൂർ അനുഗ്രഹ റിന്യൂവൽ സെന്ററിൽ ‘ഇടയകൂടാരത്തിൽ’ സംബന്ധിച്ചു.

29 എൽ.ആർ.സി.യുടെ ഓൺലൈൻ സമ്മേളനത്തിൽ സംബന്ധിച്ചു.

30 പാസ്റ്ററൽ സെന്ററിൽ നിയുക്ത കർദ്ദിനാൾ ജോർജ് കൂവക്കാടിനെ സ്വീകരിച്ചു

– പാസ്റ്ററൽ സെന്ററിൽ വൈദികരുടെ രജതജൂബിലി ആഘോഷത്തിൽ സംബന്ധിച്ചു.

31 ചങ്ങനാശ്ശേരിയിൽ അഭിവന്ദ്യ തോമസ് തറയിൽ പിതാവിന്റെ സ്ഥാനാരോഹണ ചടങ്ങിൽ സംബന്ധിച്ചു.

31–നവം.1 പാസ്റ്ററൽ സെന്ററിൽ എസ്.എം.സി.സി. യുടെ സമ്മേളനത്തിൽ സംബന്ധിച്ചു.

**മാർ മാത്യു അറയ്ക്കൽ**

**ഒക്ടോബർ 2024**

01 ആനിക്കാട് എസ്.എച്ച്. കോൺവെന്റ് ചാപ്പലിൽ വി. ബലിയർപ്പിച്ച് സന്ദേശമേകി.

04 FCC പ്രൊവിൻഷ്യൽ ഹൗസിൽ വി. ഫ്രാൻസിസ് അസ്സീസിയുടെ തിരുനാൾ ദിനത്തിൽ വി. ബലിയർപ്പിച്ച് സന്ദേശം നല്കി.

05 മുക്കാലി FCC Formation House - ൽ വി. ബലിയർപ്പിച്ച് സന്ദേശം നല്കി.

06 കൽത്തൊട്ടി ഇടവക ദൈവാലയത്തിൽ വി. ബലിയർപ്പിച്ച് സന്ദേശമേകുകയും പുതിയ പള്ളിമുറിയുടെ ശിലാസ്ഥാപനം നടത്തുകയും ചെയ്തു.

10 കുട്ടിക്കാനം പ്രതിക്ഷാ ഭവനിൽ നടത്തപ്പെട്ട സ്നേഹവിരുന്നിൽ പങ്കെടുത്തു.

12 കുമരകം നവനസ്രത്ത് ഇടവകയിൽ ബഹു. ജോയി ചിറ്റൂരച്ചന്റെ 40-ാം ചരമദിനത്തിൽ വി. ബലിയർപ്പിച്ച് സന്ദേശമേകുകയും സിമിത്തേരി സന്ദർശനം നടത്തി പ്രാർത്ഥിക്കുകയും ചെയ്തു.

18 നിർമ്മലഗിരി ഇടവക ദൈവാലയാങ്കണത്തിൽ ഇടുക്കി ജില്ലാ പഞ്ചായത്ത് നാടിന് നല്കിയ വിവിധ വികസന പ്രോജക്റ്റുകളുടെ പൂർത്തീകരണത്തോടനുബന്ധിച്ച് നടത്തപ്പെട്ട അനുമോദനയോഗത്തിൽ സംബന്ധിച്ച് സന്ദേശം നല്കി.

19 പുഞ്ചവയൽ ഇടവകയിൽ ഒരു വിവാഹവാഗ്ദാനകർമ്മം നടത്തി.

– ഐങ്കൊമ്പിൽ ഒരു പുതിയ ഭവനാശീർവ്വാദകർമ്മം നടത്തി.


27 വി. യൂദാശ്ലീഹായുടെ തിരുനാളിനോടനുബന്ധിച്ച് പോത്തുപാറ സെന്റ് ജൂഡ് ദൈവാലയത്തിൽ വി. ബലിയർപ്പിച്ച് സന്ദേശം നല്കി.

31 ചങ്ങനാശ്ശേരിയിൽ അഭിവന്ദ്യ തോമസ് തറയിൽ പിതാവിന്റെ സ്ഥാനാരോഹണ ചടങ്ങിൽ സംബന്ധിച്ചു.

# BISHOP'S ENGAGEMENTS
## MAR JOSE PULICKAL
## NOVEMBER - 2024

| Date | Programme | Place | Time |
|---|---|---|---|
| 1 | Meeting, SMCC | Pastoral Centre | 9.00 am |
| - | Meeting | Amal Jyothi | 6.00 pm |
| 02 | Holy Qurbana | Inchiyani | 7.00 am |
| - | Blessing, Educational Training Centre | Anakkal | 11.00 am |
| - | Ecumenical Gathering | Pastoral Centre | 3.00 pm |
| - | Online Meeting, PMI | | 8.30 pm |
| 03 | Jubilee Celebration | Vellarmkunnu | 8.00 am |
| 04-21 | Abroad - USA | | |
| 23 | Mar Mathew Vattakuzhy Symposium | Pastoral Centre | 10.00 am |
| - | House Blessing | Marykulam | 3.00 pm |
| - | Holy Qurbana and Madbaha Blessing | Kizhakkemattukatta | 4.30 pm |
| 24 | Episcopal Consecration | Changanacherry | 2.30 pm |

| | | | |
|---|---|---|---|
| 25 | Holy Qurbana and Church Blessing | Swaraj | 5.00 pm |
| 26 | Joint Priests' Conference and reception to Mar Thomas Tharayil | Pastoral Centre | |
| 27 | SMCC Directors Meeting | Kakkanad | 10.00 am |
| 28 | Baptism | Cheruvally | 11.30 am |
| - | Presbytery Blessing | Grace Mount | 5.00 pm |
| 29 | Holy Qurbana and Cemetery Blessing | Thekkkemala | 5.00 pm |
| 30 | Pastoral Council | Pastoral Centre | 10.00 am |
| 30-1 | Pastoral Visit | Kumily | |



amala
OFFSET PRESS

BOOKS • MAGAZINE • BROCHURE • FLYERS • NEWSLETTER

Opp. Federal Bank, Thampalakadu Road,
Kanjirapally 686 507,Kottayam Dt. Kerala
Phone : 04828 20 46 54 amalapressd@gmail.com

# 2024 നവംബർ

## ഏലിയാ – സ്ലീവ – മൂശെ, പള്ളിക്കൂദാശ കാലങ്ങൾ

| | | |
|---|---|---|
| 1 | വെള്ളി | 2 കോറി 12:14–15, 19–21; ലൂക്കാ 11:45–54. |
| 2 | ശനി | 1 കോറി 3:10–17; മത്താ 13:34–43. |
| 3 | ഞായർ | ✠ പള്ളിക്കൂദാശ ഒന്നാം ഞായർ<br>പുറ 33:1–11; ഏശ 40:21–31;<br>ഹെബ്രാ 9:1–14; മത്താ 25:1–13. |
| 4 | തിങ്കൾ | 2 കോറി 4:13–18; യോഹ 16:16–24. |
| 5 | ചൊവ്വ | 2 കോറി 5:1–5; ലൂക്കാ 15:11–24 |
| 6 | ബുധൻ | 1 പത്രോ 5:1–4; യോഹ 21:15–19. |
| 7 | വ്യാഴം | എഫേ 3:1–6; മത്താ 8:5–13. |
| 8 | വെള്ളി | എഫേ 6:1–9; മത്താ 21:28–32. |
| 9 | ശനി | റോമാ 12:9–18; ലൂക്കാ 10:25–37. |
| 10 | ഞായർ | ✠ പള്ളിക്കൂദാശ രണ്ടാംഞായർ<br>പുറ 6:1–8; ഏശ 49:1–7;<br>1 പത്രോ 1:3–7; മത്താ 19:23–30. |
| 11 | തിങ്കൾ | കൊളോ 1:12–20; മത്താ 16:13–20. |
| 12 | ചൊവ്വ | 2 പത്രോ 1:12–21; ലൂക്കാ 9:28–36. |
| 13 | ബുധൻ | വെളി 19:1–10; മത്താ 22:1–14. |
| 14 | വ്യാഴം | 2 കോറി 11:1–4; യോഹ 3:22–30. |
| 15 | വെള്ളി | 2 കോറി 12:1–5; യോഹ 3:31–36. |
| 16 | ശനി | വെളി. 22:1–5; മത്താ 19:13–15 |
| 17 | ഞായർ | ✠ പള്ളിക്കൂദാശ മൂന്നാം ഞായർ<br>ഉത്പ 29:15–30; പ്രഭാ 11:20–27;<br>2 തെസ 3:6–15; മത്താ 25:14–30. |
| 18 | തിങ്കൾ | 1 കോറി 13:1–10; മർക്കോ 12:28–34. |
| 19 | ചൊവ്വ | 1 കോറി 4:1–5; ലൂക്കാ 16:1–13. |
| 20 | ബുധൻ | 1 കോറി 6:1–11; ലൂക്കാ 16:13–17. |
| 21 | വ്യാഴം | കൊളോ 1:3–11; മത്താ 13:10–23. |
| 22 | വെള്ളി | ഹെബ്രാ 12:4–13; യോഹ 15:1–8. |
| 23 | ശനി | 2 തിമോ 4:1–8; യോഹ 17:1–8. |
| 24 | ഞായർ | ✠ പള്ളിക്കൂദാശ നാലാം ഞായർ<br>ഉത്പ 14:17–24; 1 സാമു 8:1–9;<br>വെളി 19:11–16; യോഹ 18:33–37. |
| 25 | തിങ്കൾ | എഫേ 2:14–22; യോഹ 14:1–14. |
| 26 | ചൊവ്വ | 1 പത്രോ 2:1–10; യോഹ 10:7–16. |
| 27 | ബുധൻ | എഫേ 1:3–12; ലൂക്കാ 1:46–55. |
| 28 | വ്യാഴം | ഹെബ്രാ 13:9–16; ലൂക്കാ 10:17–21. |
| 29 | വെള്ളി | വെളി 7:9–12; മർക്കോ 12:18–27. |
| 30 | ശനി | റോമാ 10:9–18; മത്താ 4:18–22. |

Edited and printed by Rev. Fr. Kurian Thamarassery, Chancellor,
Pastoral Centre, Kanjirapally, Ph:04828-205200, 9447080520, Fax : 04828-205200
E-mail : kthamarassery@gmail.com
Layout : Smarts Kanjirapally - 203850 Printing : Amala offset Kanjirapally 204654